യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

2019 സെപ്തംബർ | വാല്യം 46 ലക്കം 6 | ചീഫ് എഡിറ്റർ : വി.വേണുഗോപാൽ | പേജ് 16 | വില 5.00 രൂപ

# ആവർത്തിക്കപ്പെടുന്ന പ്രകൃതി ദുരന്തങ്ങളും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും

**സമീപകാല കേരളം കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തമാണ് വയനാട്ടിൽ പുത്തുമലയിലും മലപ്പുറത്ത് കവളപ്പാറയിലും കവളപ്പാറയ്ക്ക് ഒരു കിലോമീറ്ററിനപ്പുറം പാതാറിലുമുണ്ടായത്. 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തിന്റെ ആഘാതത്തിൽനിന്നും കരകയറുന്നതിനുമുമ്പാണ് മണ്ണിടിച്ചിലിന്റെയും ഉരുൾപൊട്ടലിന്റെയും രൂപത്തിൽ ദുരന്തമെത്തിയിരിക്കുന്നത്. കവളപ്പാറയിലും പുത്തുമലയിലും മൃതദേഹങ്ങൾ മുഴുവനും വീണ്ടെടുക്കാനായിട്ടില്ല. അമ്പേ തകർന്നുപോയ പാതാറിൽ പ്രദേശവാസികൾ സമയോചിതമായി ഇടപെട്ട് മുന്നറിയിപ്പു നൽകിയതുകൊണ്ട് ആളപായമുണ്ടായില്ല.**

**2018**ലെ മഹാപ്രളയത്തോടനുബന്ധിച്ചാണ് മണ്ണിടിച്ചിലും ഉരുൾപൊട്ടലും കേരളത്തിൽ ഗൗരവമുള്ള ചർച്ചകൾക്ക് വഴി തുറന്നത്. അതിനുമുൻപ് ഉരുൾപൊട്ടൽ ഉണ്ടായിട്ടില്ല എന്നല്ല; സംസ്ഥാന ദുരന്തനിവാരണ മാനേജ്മെന്റിന്റെ കണക്കുപ്രകാരം 1961 നും 2016നും ഇടയിൽ 85 ഉരുൾപൊട്ടലുകളാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ കഴിഞ്ഞ വർഷംമാത്രം ചെറുതും വലുതുമായി 5000ത്തോളം ഉരുൾപൊട്ടലുകൾ ഉണ്ടായിരിക്കുന്നു. അതിൽ 1196 എണ്ണം ഉണ്ടായിരിക്കുന്നത് ഇടുക്കിയിലാണ്.

### കവളപ്പാറയിലും പുത്തുമലയിലും സംഭവിച്ചത്

മലകളിലും കുന്നുകളിലും നടക്കുന്ന അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും പാറഖനനവുമാണ് മണ്ണിടിച്ചിലിന്റെയും ഉരുൾപൊട്ടലിന്റെയും കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഒപ്പം വെള്ളത്തിന്റെ സ്വാഭാവികഗതി തടയപ്പെടുന്നതും ചെറിയ ഇടവേളകളിലുണ്ടാകുന്ന കനത്ത മഴയും കാരണമാകുന്നു. മേൽപ്പറഞ്ഞ ഘടകങ്ങളെല്ലാം പുത്തുമലയിലും കവളപ്പാറയിലും ഒരുമിച്ച് പ്രവർത്തിച്ചു എന്നതാണ് വസ്തുത.

ഉരുൾപൊട്ടലിനും ഒരാഴ്ച മുൻപുമുതൽ കനത്തമഴയാണ് ഈ മേഖലയിൽ രേഖപ്പെടുത്തിയത്. ആഗസ്റ്റ് 8 ന് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മഴ രേഖപ്പെടുത്തിയിരിക്കുന്നത് നിലമ്പൂരിലാണ്. ആഗസ്റ്റ് 1 മുതൽ 7 വരെ സംസ്ഥാനത്തെ ശരാശരി മഴ 117 മില്ലീമീറ്റർ ആണെങ്കിൽ നിലമ്പൂരിൽ പെയ്തിറങ്ങിയത് 180 മില്ലീമീറ്ററാണ്. 65% വർദ്ധനവ്.

ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം ജൂലൈ 17വരെ സംസ്ഥാനത്ത് 30% മഴ കുറവായിരുന്നു. ജൂലൈ 17 മുതൽ 24 വരെയുള്ള ഒരാഴ്ചക്കാലം മഴയിൽ 131 ശതമാനം വർധനവുണ്ടായി. ആഗസ്റ്റ് 7 മുതൽ 14 വരെ മാത്രം 384 ശതമാനം വർദ്ധനവ് ഉണ്ടായി. 24 മണിക്കൂറിനുള്ളിൽ 150 മുതൽ 200 മില്ലിമീറ്റർ വരെ മഴ ഒരു സ്ഥലത്ത് പെയ്യുന്നതാണ് അതിതീവ്രമഴയായി കണക്കാക്കപ്പെടുന്നത്. 2018-ൽ 92 അതിതീവ്രമഴയും 2019 ആഗസ്റ്റ് വരെയുള്ള സമയംകൊണ്ട് നൂറിനുമേൽ അതിതീവ്രമഴയും പെയ്തിരിക്കുന്നു. അതിതീവ്രമഴയുടെ എണ്ണം വർദ്ധിക്കുമ്പോഴും രാജ്യത്താകമാനം 2% മഴയുടെ കുറവുള്ളതായും കാലാവസ്ഥാനിരീക്ഷണ വകുപ്പ് പറയുന്നു.

കവളപ്പാറയ്ക്കും മുകളിൽ മുത്തപ്പൻ കുന്നിലാണ് ദുരന്തത്തിന് കാരണമായ ഉരുൾപൊട്ടൽ തുടങ്ങിയത്. മണ്ണ് പൊട്ടിയടർന്ന് താഴേയ്ക്ക് പതിച്ചതിന്റെ ആഘാതത്തിൽ ദുർബലമായി കിടന്ന മണ്ണും പാറയും ഒന്നാകെ നിരങ്ങി താഴേയ്ക്ക് ഒഴുകിയാണ് കവളപ്പാറയെയും പരിസരപ്രദേശങ്ങളെയും ശ്മശാനഭൂമിയാക്കിയത്. മുത്തപ്പൻ കുന്നിനുമേൽ മണ്ണിന് കഷ്ടിച്ച് രണ്ടുമീറ്റർ ഘനമേയുള്ളൂ. പ്രദേശത്ത്, മുകളിൽ നിന്ന് താഴേയ്ക്ക് ഒഴുകിയിരുന്ന രണ്ട് നീർ

(ശേഷം 2-ാം പേജിൽ)




പ്രളയാനന്തരം മെഡിക്കൽ സർവ്വീസ് സെന്റർ നിലമ്പൂരിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് ഡോ.പി.എസ്.ബാബു, ഡോ.സുരേഷ്, ഡോ.സുകന്യ, ഡോ.നിഖില മുരളി എന്നിവർ നയിക്കുന്നു

# ദേശീയ പൗരത്വ രജിസ്റ്റർ: അഖിലേന്ത്യാ പ്രതിഷേധ ദിനം ആചരിച്ചു

**ക**ടുത്ത വർഗീയ, പ്രാദേശികവാദ ശക്തികളുടെ താല്പര്യാർത്ഥം കേന്ദ്രഗവൺമെന്റും ആസാം ഗവൺമെന്റും ചേർന്ന് ദേശീയ പൗരത്വ രജിസ്റ്റർ(എൻആർസി) എന്ന പേരിൽ ഒരു രേഖയുണ്ടാക്കി അതുവഴി പത്തൊൻപത് ലക്ഷത്തിലേറെപ്പേരെ പൗരത്വത്തിൽനിന്ന് പുറന്തള്ളിയ ഹീനപദ്ധതി ഗുരുതരമായ ആശങ്കയുളവാക്കുന്നതാണ്. ജാതി, മതം, വംശം, ഭാഷ എന്നിവയുടെയൊക്കെ അടിസ്ഥാനത്തിൽ ജനങ്ങളെ ഭിന്നിപ്പിച്ച് മുതലാളിവർഗത്തിന് ശക്തിപകരാനും അവരുടെ ചൂഷണവാഴ്ച സുഗമമാക്കാനുമുള്ള ഫാസിസ്റ്റ് നീക്കമാണിത്.



പ്രതിഷേധ ദിനാചരണത്തിന്റെ ഭാഗമായി സെപ്തംബർ 5ന് തിരുവനന്തപുരം നഗരത്തിൽ നടന്ന പ്രകടനം

നിരാലംബരും നിസ്സഹായരുമായ ഈ ജനങ്ങൾ സമ്പൂർണ നാശത്തിലേയ്ക്കും മരണത്തിലേയ്ക്കും എടുത്തെറിയപ്പെട്ടിരിക്കുകയാണ്. വർഷങ്ങളായി ആസ്സാമിൽ താമസിക്കുന്നവരും യഥാർത്ഥത്തിൽ ഇന്ത്യൻ പൗരന്മാരുമായ ഇവരെ മുഴുവൻ അടിയന്തരമായി രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് സെപ്തംബർ 3ന് ഒരു പ്രസ്താവനയിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിനായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളിൽ സമ്മർദ്ദം ചെലുത്താൻപോന്ന ശക്തമായൊരു യോജിച്ച സമരം രാജ്യത്താകെ വളർത്തിയെടുക്കാനും അദ്ദേഹം ജനങ്ങളോടും ആഹ്വാനം ചെയ്തു. മുതലാളിവർഗ താല്പര്യാർത്ഥം സമാനമായൊരു രജിസ്റ്റർ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കാൻ ആർഎസ്എസ്-ബിജെപി ഗവൺമെന്റിന് കുടിലോദ്ദേശമുണ്ട്. ഇതിന് തടയിടാനായി മുന്നോട്ട് വരണമെന്നും രാജ്യത്തെ ജനങ്ങളോട് അദ്ദേഹം അഭ്യർത്ഥിച്ചു.

ഈ വിഷയത്തിൽ സെപ്തംബർ 5 അഖിലേന്ത്യാ പ്രതിഷേധ ദിനമായി ആചരിക്കാൻ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ആഹ്വാനം ചെയ്തിരുന്നു. ബന്ധപ്പെട്ട ഗവൺമെന്റുകളെ സമ്മർദ്ദത്തിലാക്കാൻപോന്നവിധം എല്ലാ സംസ്ഥാനങ്ങളിലും വൻതോതിൽ ഈ പ്രതിഷേധത്തിൽ പങ്കെടുക്കാനാണ് രാജ്യത്തെ ജനങ്ങളോട് പാർട്ടി അഭ്യർത്ഥിച്ചിരുന്നത്.

രാജ്യവ്യാപകമായി നടന്ന ഈ പ്രതിഷേധ പരിപാടിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധ പ്രകടനങ്ങളും യോഗങ്ങളും നടന്നു. ■

പേജ് 4 ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ കമ്മിഷൻ പൂർണ്ണ റിപ്പോർട്ട് പ്രകാശനം
പേജ് 6 ഏകാധിപത്യപരമായ യുഎപിഎ, എൻഐഎ ഭേദഗതികൾ
പേജ് 8 വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി
പേജ് 11 കാശ്മീർ: പ്രശ്നവും പരിഹാരവും

# ക്വാറികളും അനധികൃത ഖനനവും പശ്ചിമഘട്ടത്തെയും പരിസ്ഥിതിയെയും തകർക്കുന്നു




(1-ാം പേജിൽ നിന്ന്)

ച്ചാലുകൾ ഉണ്ടായിരുന്നു. ഇപ്പോൾ അതില്ല. മുൻകാലങ്ങളിൽ വെട്ടിനിർത്തിയ മരത്തിന്റെ ദ്രവിച്ച തടികളിലൂടെ വെള്ളം താഴേയ്ക്കിറങ്ങിയത് സോയിൽ പൈപ്പിംഗിന് കാരണമായി. യന്ത്രങ്ങൾ ഉപയോഗിച്ച് റബ്ബർകൃഷിയ്ക്ക് കുഴിയെടുക്കുകകൂടി ചെയ്തപ്പോൾ മണ്ണിന് ഇളക്കമുണ്ടാകുകയും ഈ കുഴികളിലൂടെ മഴവെള്ളം മണ്ണിന്റെ അടിത്തട്ടിലേയ്ക്ക് എത്തുകയും ചെയ്തു. കവളപ്പാറയ്ക്ക് 5 കിലോമീറ്റർ ചുറ്റളവിൽ പ്രവർത്തിക്കുന്ന 27 ക്വാറികളിൽ നടക്കുന്ന നിരന്തരമായ ഖനനത്തിന്റെ പ്രത്യാഘാതവും കൂടെ ചേരുമ്പോൾ ചിത്രം പൂർണമാകുന്നു. കനത്തമഴയ്ക്കൊപ്പം ഇതാണ് കവളപ്പാറയിൽ സംഭവിച്ചത് എന്നാണ് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നത്.

തുടർച്ചയായി പെയ്ത കനത്തമഴതന്നെയാണ് പുത്തുമലയിലും ദുരന്തം വിതച്ചത്. നാലുകിലോമീറ്ററോളം താഴെവരെ നാശനഷ്ടങ്ങളുണ്ടായി. ഇവിടെയും സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ടിരുന്നു. പുത്തുമലയിൽ ഇതിനകം തന്നെ ചെറിയ ഉരുൾപൊട്ടലുകൾ നിരവധിയുണ്ടായിട്ടുണ്ട് എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കഴിഞ്ഞ പ്രളയകാലത്തും, ഈ വർഷം ആഗസ്റ്റ് 8 നു മുമ്പും ചെറിയ ഉരുൾപൊട്ടലുകൾ ഉണ്ടായി.

ആഗസ്റ്റ് 8നുണ്ടായ അതിതീവ്ര മഴമൂലം, ചെറിയ ചെറിയ ഉരുൾപൊട്ടലുകൾകൊണ്ട് സ്വതവേ ദുർബലമായിരുന്ന പ്രദേശം അടർന്ന് താഴേയ്ക്ക് പതിക്കുകയാണ് ഉണ്ടായത്. മരങ്ങൾ വെട്ടിമാറ്റി വെടിപ്പാക്കിയിരുന്ന പുത്തുമലയിൽ ഉരുളിനെ പ്രതിരോധിക്കാൻ യാതൊന്നുമുണ്ടായിരുന്നില്ല. സ്വാഭാവിക നീർച്ചാലുകൾ അടഞ്ഞുപോയിരുന്നിടത്ത് ഉരുൾ പരന്നൊഴുകി കിലോമീറ്ററുകളോളം നാശം വിതച്ചു. മണ്ണിനടിയിൽ അകപ്പെട്ടുപോയ പലരുടെയും മൃതദേഹങ്ങൾ കണ്ടെടുക്കാനായിട്ടില്ല. കണ്ടെടുക്കപ്പെട്ടവതന്നെ പലതും കിലോമീറ്ററുകൾ ദൂരെനിന്നുമാണ് കിട്ടിയിരിക്കുന്നത്. രക്ഷപ്പെട്ടവർ അനിശ്ചിതമായ ഭാവിയെ നോക്കി അമ്പരപ്പോടെ കഴിയുന്നു.

കവളപ്പാറയ്ക്ക് ഒരു കിലോമീറ്റർമാത്രം അകലെ പാതാറിൽ കനത്തനാശമാണ് ഉരുൾമൂലം ഉണ്ടായിരിക്കുന്നത്. പാതാർ അങ്ങാടിയടക്കം ഒരു പ്രദേശംമുഴുവൻ അപ്രത്യക്ഷമായിരിക്കുകയാണ്. അസ്വാഭാവികമായ മഴയെത്തുടർന്നുണ്ടായ സൂചനകളുടെ അടിസ്ഥാനത്തിൽ പ്രദേശവാസികൾ വീടൊഴിഞ്ഞുപോയതുകൊണ്ട് ആളപായമുണ്ടായില്ല. ഈ പ്രദേശങ്ങളിലെല്ലാം തന്നെ പക്ഷിമൃഗാദികളും വളർത്തുമൃഗങ്ങളും അസ്വാഭാവികമായി പെരുമാറിയിരുന്നുവെന്നും നാട്ടുകാർ ചൂണ്ടിക്കാണിക്കുന്നു.

### പശ്ചിമഘട്ട മലനിരകളും കേരളവും

പശ്ചിമഘട്ട മലനിരകളുടെ വരദാനമാണ് കേരളം. കേരളത്തിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്ന ജലസമൃദ്ധമായ എല്ലാ നദികളും പശ്ചിമഘട്ട മലനിരകളിൽനിന്ന് ഉദ്ഭവിക്കുന്നവയാണ്. കേരളത്തിലെ മിതശീതോഷ്ണമായ കാലാവസ്ഥ പശ്ചിമഘട്ടമലനിരകളുടെ സംഭാവനയാണ്. കേരളമൊന്നാകെ ഒരു പരിസ്ഥിതിലോല പ്രദേശമാണ് എന്ന വാദഗതി ഉയർന്നുവന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളഞ്ഞുകൊണ്ട് വികസനത്തിന്റെ മറവിൽ അന്തമില്ലാത്ത കൊള്ളയും നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നത്.

പശ്ചിമഘട്ട മലനിരകളും കേരളംതന്നെയും നേരിടുന്ന ഏറ്റവും വലിയ ഭീഷണിയാണ് ക്വാറികളിൽനിന്നുള്ളത്. നോക്കിനിൽക്കെ കുന്നുകളും മലകളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ആയിരക്കണക്കിന് ക്വാറികൾ പശ്ചിമഘട്ടമലനിരകളെ തുരന്നെടുക്കുന്നു, പാറഖനനംമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന നിരന്തരമായ പ്രകമ്പനം മലനിരകളെ ഒന്നാകെ അസ്വസ്ഥപ്പെടുത്തുകയും അസ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. പാരിസ്ഥിതിക നിയമങ്ങളോ വനനിയമങ്ങളോ ഇവിടെ പാലിക്കപ്പെടാറില്ല. അധികാരസ്ഥാനങ്ങൾ കണ്ണടയ്ക്കുകയോ ഒത്താശചെയ്യുകയോ ചെയ്യുന്നു.

2018 ആഗസ്റ്റിലെ മഹാപ്രളയകാലത്ത് സംസ്ഥാനത്ത് ചെറുതും വലുതുമായ 5000ത്തോളം ഉരുൾപൊട്ടലുണ്ടായി എന്നാണ് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ(ജിഎസ്ഐ)യുടെ റിപ്പോർട്ട്. സംസ്ഥാനത്തെ 21 ശതമാനം മേഖലയും ഉരുൾപൊട്ടലിനു സാധ്യതയുള്ളതാണെന്നും സോയിൽ പൈപ്പിംഗ് ഉരുൾപൊട്ടലിന് കാരണമാകുമെന്നും ജിഎസ്ഐ റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. എംഎൽഎ പി വി അൻവറിന്റെ ഉടമസ്ഥതയിലുള്ള വാട്ടർതീം പാർക്കിൽ 8 സ്ഥലങ്ങളിൽ ഉരുൾപൊട്ടിയതും കൽഭിത്തി തകർന്നുപോയതും രായ്ക്കുരാമാനം ആളെ നിർത്തി ഭിത്തി പുനർനിർമ്മിച്ചതും എല്ലാം വാർത്തയായതാണ്. എന്നാൽ മഹാപ്രളയം തന്ന മുന്നറിയിപ്പിനെ മാനിച്ച് സർക്കാർ എന്ത് മുൻകരുതൽ സ്വീകരിച്ചുവെന്നത് പരിശോധിക്കപ്പെടേണ്ടതു തന്നെയാണ്. ഈ വർഷവും കവളപ്പാറയും പുത്തുമലയും കേരളം ചർച്ചചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെ, ദുരന്തം മൂലം താൽക്കാലികമായി നിർത്തിവച്ചിരുന്ന ഖനനം പുനരാരംഭിക്കാൻ ജിയോളജി വകുപ്പ് തിടുക്കപ്പെട്ട് അനുമതി നൽകുന്നതാണ് നാം കാണുന്നത്.

### ക്വാറികളും അനധികൃത ഖനനവും പരിസ്ഥിതിയെയും പശ്ചിമഘട്ടത്തെയും തകർക്കുന്നു

പശ്ചിമഘട്ടത്തിലെ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും കനത്തമഴയോടൊപ്പം അനിയന്ത്രിത ഖനനവും കാരണമായിരിക്കുന്നുവെന്നും ദുരന്തമുണ്ടായ 5 ജില്ലകളിൽ 1104 ക്വാറികൾ പ്രവർത്തിക്കുന്നുവെന്നും കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിട്യൂട്ടിലെ ശാസ്ത്രജ്ഞൻ ഡോ.ടി.വി സജീവൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഏറ്റവും വലിയ ദുരന്തമുണ്ടായിരിക്കുന്ന കവളപ്പാറയ്ക്ക് 5 കിലോമീറ്റർ ചുറ്റളവിൽ 21 ക്വാറികൾ ഉണ്ടത്രേ. പാതാർ എന്ന പ്രദേശവും നൂറുകണക്കിനു വീടുകളും തകർന്ന പോത്തുകല്ലിൽ 17 ക്വാറികൾ പ്രവർത്തിക്കുന്നു. നാലുപേരുടെ മരണം സംഭവിച്ച വടകര വലങ്ങാട് 42 ക്വാറികളാണത്രേ പ്രവർത്തിക്കുന്നത്. വയനാട് പുത്തുമലയിലും ഒരു കിലോമീറ്റർ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട് ഒരു ക്വാറി. ഒരു കുടുംബത്തിലെ മൂന്നുപേരുടെ മരണത്തിനിടയാക്കിയ മലപ്പുറം കോട്ടക്കുന്നിന്റെ സമീപപ്രദേശങ്ങളിലായി 12 ക്വാറികൾ. മൂന്നുപേരുടെ മരണം സംഭവിച്ച കല്ലടിക്കോട് കരിമ്പയിൽ 26 ക്വാറികൾ, മണ്ണിടിച്ചിലിൽ നാശമുണ്ടായ സൗത്ത് മലമ്പുഴയിൽ 43 ക്വാറികൾ, രണ്ടുപേർ മരണപ്പെട്ട ഇടുക്കി ചെറുതോണി ഗാന്ധിനഗർ കോളനിക്കു സമീപം 22 ക്വാറികൾ, ഇങ്ങനെ പോകുന്നു കണക്കുകൾ. ഇപ്പോൾ ഉരുൾപൊട്ടലുണ്ടായ മലകളുടെ സമീപങ്ങളിലെല്ലാം ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. പാറകഴുകാൻ ക്വാറികളിൽ വൻതോതിൽ സംഭരിക്കുന്ന വെള്ളവും സോയിൽ പൈപ്പിംഗിനും ഉരുൾ പൊട്ടലിനും കാരണമാകുന്നു.

ക്വാറികളിലെ നിരന്തര സ്ഫോടനം പശ്ചിമഘട്ട മലനിരകളെ ആകെ അസ്വസ്ഥതപ്പെടുത്തുമെന്നും ക്വാറികൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ മാത്രമല്ല വനാന്തർഭാഗങ്ങളിൽ ഉൾപ്പെടെ എവിടെ വേണമെങ്കിലും ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടാകാമെന്നും പഠനങ്ങൾ പറയുന്നു. ഖനനത്തിന്റെ ഫലമായുണ്ടാകുന്ന കമ്പനങ്ങൾ പാറയിലൂടെ ബഹുദൂരം സഞ്ചരിക്കുന്നു. ആയിരക്കണക്കിന് ക്വാറികളിലായി നിത്യേന നടക്കുന്ന കമ്പനങ്ങൾ പശ്ചിമഘട്ടമലനിരകൾ കുലുങ്ങിക്കൊണ്ടേയിരിക്കാൻ കാരണമാകുന്നു. ഓരോ തവണ പാറപൊട്ടിക്കുമ്പോഴും ഒരു വലിയ ഇടിമുഴക്കത്തിന് സമാനമായ ശബ്ദം അതായത് 110 മുതൽ 120വരെ ഡെസിബലാണ് സൃഷ്ടിക്കപ്പെടുന്നത്. ഈ ശബ്ദത്തിന്റെ കമ്പനങ്ങൾ പാറയ്ക്കുള്ളിലൂടെ അനേകം കിലോമീറ്ററുകൾ സഞ്ചരിക്കുന്നു. ക്വാറികളുടെ പരിസരത്ത് 100 മുതൽ 170 മീറ്റർ വരെ നീളമുള്ള വലിയ വിള്ളലുകൾ രൂപപ്പെടുമെന്നും മഴക്കാലത്ത് ഈ വിള്ളലുകളിൽ വെള്ളം നിറഞ്ഞ് സ്ഥിതി ഗുരുതരമാകുമെന്നും പഠനങ്ങൾ പറയുന്നു. സോയിൽ പൈപ്പിംഗ് പ്രതിഭാസമാണ് മണ്ണിടിച്ചിലിനും ഉരുൾ പൊട്ടലിനും കാരണമാകുന്നതെന്നും കഴിഞ്ഞ മഹാപ്രളയത്തിനുശേഷം ദുരന്തനിവാരണ അതോറിറ്റിയുടെ ലാൻസ് സ്ലൈഡ് പ്രോജക്റ്റ് ഇൻസെസ്റ്റിംഗ് സംഘം നടത്തിയ പഠനവും വ്യക്തമാക്കിയിരുന്നു.

16 ഡിഗ്രിയിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങളിൽ കൃഷിയിറക്കുന്നതും വീടുവയ്ക്കുന്നതും ഉരുൾപൊട്ടൽ ക്ഷണിച്ചു വരുത്തുമെന്ന് തിരുവനന്തപുരം നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ പഠനറിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. 25 ഡിഗ്രിയിൽകൂടുതൽ ചരിവുള്ള പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്നും റിപ്പോർട്ട് പറയുന്നു. വയനാട് പുത്തുമലയിലും കവളപ്പാറയിലും 25ഡിഗ്രിയിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങളിലാണ് ഉരുൾപൊട്ടലുണ്ടായിരിക്കുന്നത്.

17000 മലയിടിച്ചിൽ പ്രദേശങ്ങളെയുംകുറിച്ച് സർക്കാരിന്റെ പക്കലുള്ള റിപ്പോർട്ടുകൾ പഠിച്ച് നടപടികൾ സ്വീകരിക്കണം എന്നാണ് സമിതി നിർദ്ദേശിച്ചിരിക്കുന്നത്.

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് 750 ക്വാറികൾക്കുമാത്രമാണ് പ്രവർത്തനാനുമതിയുള്ളത്. എന്നാൽ 5924 ക്വാറികൾ പ്രവർത്തിക്കുന്നുവെന്നാണ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്ക്. പരിസ്ഥിതിലോല മേഖലയിലാണ് പകുതിയിലേറെ ക്വാറികളും പ്രവർത്തിക്കുന്നത്. 1983നും 2015നുമിടയിൽ 115 ഭൂമി കുലുക്കങ്ങളാണ് കേരളത്തിൽ ഉണ്ടായിരിക്കുന്നത്. അതിൽ 78 ഇടത്തും പ്രഭവകേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിൽ കരിങ്കൽ ക്വാറികൾ ഉണ്ടായിരുന്നു. ഭൂമിയിലേയ്ക്ക് വെള്ളമിറങ്ങാൻ പാകത്തിന് വിള്ളലുകൾ സൃഷ്ടിക്കപ്പെടുന്നതും ഭൂമികുലുക്കത്തിന് ഇടവരുംവിധം ഭൂഘടന മാറുന്നതും ക്വാറികളുടെ പ്രവർത്തനംമൂലമാണെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പഠനം ചൂണ്ടിക്കാണിക്കുന്നു. നിരവധി പഠനങ്ങൾ, സർക്കാർ സർക്കാരേതര ഏജൻസികളുടെ മുൻകൈയിൽ നടന്നിട്ടുണ്ട്. വരാനിരിക്കുന്ന വലിയ ദുരന്തത്തിന്റെ സൂചനകൾ ഈ റിപ്പോർട്ടുകളിലെല്ലാമുണ്ട്. എന്നാൽ മതിയായ അളവിൽ പരിഗണിക്കപ്പെടുകയോ നടപടികൾ സ്വീകരിക്കപ്പെടുകയോ ചെയ്യുന്നില്ല എന്നതിനെ ഭരണാധികാരികളുടെ കുറ്റകരമായ അനാസ്ഥയായി മാത്രമേ കാണാൻ കഴിയൂ.

### വനനശീകരണം

ഭൗമ ഉപരിതലത്തിലെ മണ്ണൊലിപ്പ് തടയുന്നതിൽ മരങ്ങൾക്ക് നിർണായകമായ പങ്കുണ്ട്. 2016ൽ ദേശീയ ഭൗമപഠ

(ശേഷം 3-ാം പേജിൽ)

**മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് 750 ക്വാറികൾക്കുമാത്രമാണ് ലൈസൻസുള്ളത്. എന്നാൽ 5924 ക്വാറികൾ പ്രവർത്തിക്കുന്നുവെന്നാണ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്ക്. പരിസ്ഥിതിലോല മേഖലയിലാണ് ഇവയിൽ പകുതിയിലേറെയും. 1983നും 2015നുമിടയിൽ 115 ഭൂമി കുലുക്കങ്ങൾ കേരളത്തിൽ ഉണ്ടായതിൽ 78 ഇടത്തും പ്രഭവകേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിൽ കരിങ്കൽ ക്വാറികൾ ഉണ്ടായിരുന്നു.**



## സെപ്തംബർ 9 സഖാവ് മാവോ സേതുങ് അനുസ്മരണദിനം

"വസ്തുനിഷ്ഠ ലോകത്തിന്റെ നിയമങ്ങൾ മനസ്സിലാക്കുന്നതോ അത് വിശദീകരിക്കാൻ കഴിയുന്നതോ അല്ല, ഈ ലോകത്തെ മാറ്റാനായി ആ നിയമങ്ങളെക്കുറിച്ചുള്ള അറിവ് ക്രിയാത്മകമായി പ്രയോഗിക്കുന്നതാണ് പരമപ്രധാനം എന്ന് മാർക്സിസ്റ്റ് തത്വചിന്ത പറയുന്നു. മാർക്സിസ്റ്റ് കാഴ്ചപ്പാടിൽ സിദ്ധാന്തത്തിന് പ്രാധാന്യമുണ്ട്. "വിപ്ലവസിദ്ധാന്തമില്ലാതെ വിപ്ലവമുന്നേറ്റമുണ്ടാകില്ല" എന്ന ലെനിന്റെ വാക്കുകളിൽ ആ പ്രാധാന്യം പൂർണാർത്ഥത്തിൽ പ്രകടിതമാണ്. എന്നാൽ, പ്രവൃത്തിക്ക് മാർഗദർശകമാകുന്നു എന്നതുകൊണ്ടുമാത്രമാണ് മാർക്സിസം സിദ്ധാന്തത്തിന്റെ പ്രാധാന്യത്തിന് കൃത്യമായും ഊന്നൽ നൽകുന്നത്."

മാവോ സെതുങ് 1937ൽ രചിച്ച *പ്രയോഗത്തെപ്പറ്റി (On Practice)* എന്ന കൃതിയിൽനിന്ന്

# സർക്കാർ നൽകുന്ന നാമമാത്രമായ നഷ്ടപരിഹാരംകൊണ്ട് ദുരന്തബാധിതർക്ക് ജീവിതം തിരിച്ചുപിടിക്കുക അസാദ്ധ്യം

(2-ാം പേജിൽ നിന്ന്)

നകേന്ദ്രം സമർപ്പിച്ച പഠന റിപ്പോർട്ടിൽ ഇടുക്കി, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, എറണാകുളം, പത്തനംതിട്ട, വയനാട് ജില്ലകളിൽ സോയിൽ പൈപ്പിംഗ് പ്രതിഭാസം വ്യാപകമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഉറപ്പുകുറവുള്ള ഭൗമാന്തർഭാഗത്തെ മണ്ണ് ഭൂമിക്കടിയിലൂടെ കുഴലുകൾപോലുള്ള ചാലുകളിലൂടെ ഒഴുകിപ്പോകുന്ന പ്രതിഭാസമാണ് സോയിൽപൈപ്പിംഗ്. മഴവെള്ളം വൻതോതിൽ ആഴ്ന്നിറങ്ങാൻ ഇത് കാരണമാകുന്നു. വെട്ടിമാറ്റപ്പെടുന്ന മരങ്ങളുടെ കുറ്റികളും അവശേഷിപ്പുകളും സോയിൽ പൈപ്പിംഗിന് കാരണമാകും. മരങ്ങളും വനവും മഴവെള്ളം നേരിട്ട് മണ്ണിൽ പതിക്കുന്നത് തടയുന്നു. താഴെവീണുണങ്ങുന്ന ഇലകൾ താഴെയെത്തുന്ന മഴവെള്ളത്തെ ഒരു സ്ഫോഞ്ചെന്നപോലെ വലിച്ചെടുക്കുകയും ചെയ്യും. എന്നാൽ വനനശീകരണം മൂലം മഴവെള്ളം നേരിട്ട് ഭൂമിയിൽ പതിക്കുകയും മണ്ണിലേക്ക് താഴാതെ ഒഴുകിപ്പോകുകയും ചെയ്യുന്നു. 1920 മുതൽ 1990വരെ 40ശതമാനം വനസമ്പത്ത് നാശോന്മുഖമായിരിക്കുന്നു എന്നാണ് പഠനങ്ങൾ വെളിവാക്കുന്നത്. സ്വാഭാവിക ജലസംഭരണികളായ പാടങ്ങൾ, കായലുകൾ, നദികൾ, തോടുകൾ തുടങ്ങിയവ നികത്തപ്പെടുകയോ കൈയേറുകയോ ചെയ്യപ്പെടുന്നതുകൊണ്ട് വെള്ളപ്പൊക്കം സർവ്വസാധാരണമായും മാറുന്നു.

**ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്**

ഈ സംഭവങ്ങളുടെയെല്ലാം പശ്ചാത്തലത്തിൽ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് വീണ്ടും കേരളത്തിൽ ചൂടുള്ള ചർച്ചാവിഷയമായിരിക്കുകയാണ്. പശ്ചിമഘട്ട മലനിരകളുടെ വർത്തമാനകാലസ്ഥിതിഗതികൾ വിലയിരുത്തുന്നതിനും 1986ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം ഈ മേഖലയിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ വേർതിരിക്കാനുമാണ് പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ പ്രൊഫ.മാധവ് ഗാഡ്ഗിൽ ചെയർമാനായി 14 അംഗ കമ്മിറ്റി നിയമിതമായത്. 18 മാസം കൊണ്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ഗുജറാത്ത് മുതൽ കന്യാകുമാരി വരെ നീണ്ടു കിടക്കുന്നതും കേരളം, തമിഴ്നാട്, ഗോവ, കർണ്ണാടകം, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ ആറ് സംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുന്നതുമാണ് പശ്ചിമഘട്ട മലനിരകൾ. പശ്ചിമഘട്ട മലനിരകളിലെ നിർമ്മാണ പ്രവർത്തനങ്ങളെയും ഖനനത്തെയും സംബന്ധിച്ച് വ്യക്തമായ മുന്നറിയിപ്പ് നൽകിയിരുന്നു ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്. റിപ്പോർട്ടിനെതിരെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് അണിനിരത്തുന്നതിൽ വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികളും മതസാമുദായിക നേതൃത്വങ്ങളും ക്വാറി-ഖനനമാഫിയയും നടത്തിയ പ്രവർത്തനങ്ങളിലൂടെ സാധിച്ചുവെങ്കിലും കാര്യങ്ങൾ വ്യക്തമാകാൻ അഞ്ചോ ആറോ വർഷങ്ങൾ മതി, ഏറെ നാളൊന്നും കാത്തിരിക്കേണ്ടിവരില്ലെന്ന് വളരെ വ്യക്തമായ മുന്നറിയിപ്പ് മാധവ് ഗാഡ്ഗിൽ എന്ന ശാസ്ത്രജ്ഞൻ തരികയുണ്ടായി. ആ മുന്നറിയിപ്പ് ഇപ്പോൾ ശരിവയ്ക്കപ്പെട്ടിരിക്കുകയാണ്.




പശ്ചിമഘട്ടമേഖലയിൽ അനധികൃതമായി നടക്കുന്ന ലൈസൻസ് ഇല്ലാത്ത എല്ലാത്തരം ഖനനപ്രവർത്തനങ്ങളും പാറപൊട്ടിക്കലും മലതുരക്കലും ഉടൻ അവസാനിപ്പിക്കണം എന്ന് റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ നിലവിലുള്ള നിയമം നടപ്പിലാക്കണമെന്നാണ് റിപ്പോർട്ട് ശക്തമായി ആവശ്യപ്പെട്ടത്. പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശം സോൺ ഒന്ന്, രണ്ട് മേഖലകളിൽ ഖനനം നിരോധിക്കണമെന്നും നിലവിൽ ലൈസൻസുള്ള ക്വാറികളുടെ പ്രവർത്തനം അഞ്ചുവർഷംകൊണ്ട് അവസാനിപ്പിക്കണമെന്നുമാണ് ഗാഡ്ഗിൽ കമ്മിറ്റി നിർദ്ദേശിച്ചത്. നിലവിലുള്ള ഖനനത്തിന് മെച്ചപ്പെട്ട ഉപാധികൾ സ്വീകരിക്കണം, ഖനനത്തിന് കർശന നിയന്ത്രണവും സോഷ്യൽ ഓഡിറ്റിംഗും വേണം, സോൺ മൂന്നിൽ സമതലങ്ങളിൽ ലഭ്യമാകാത്ത അപൂർവ്വയിനം ധാതുകൾക്കുവേണ്ടി മാത്രമേ ഖനനം നടത്താവൂ, ഇങ്ങനെ പോകുന്നു ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ. പശ്ചിമഘട്ട മലനിരകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും ഗാഡ്ഗിൽ കമ്മിറ്റി മുന്നറിയിപ്പ് നൽകിയിരുന്നു. വയനാട്ടിലെ പുത്തുമലയുൾപ്പെടെ ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടായിരിക്കുന്ന പ്രദേശങ്ങളെല്ലാം സോൺ ഒന്നിലാണ്. സുരക്ഷിതമേഖലയായി കണക്കാക്കണമെന്ന് ഗാഡ്ഗിൽ കമ്മിറ്റി നിർദ്ദേശിച്ച സ്ഥലമാണ് വയനാടും നിലമ്പൂരും.

**ആഗോളതാപനം**

ആഗോളതാപനം കേരളത്തിലെ കാലാവസ്ഥയിലും മഴയുടെ സമയത്തിലും സ്വഭാവത്തിലും വരുത്തുന്ന മാറ്റവും ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതുണ്ട് എന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. അതിതീവ്രമഴ കേരളത്തിൽ താരതമ്യേന പുതിയ പ്രതിഭാസമാണ്. ജൂൺ, ജൂലൈ മാസങ്ങളിലെ ശക്തമായ കാലവർഷം എന്ന രീതിക്ക് 2002ഓടുകൂടി മാറ്റം വന്നിരിക്കുന്നു എന്നാണ് കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നത്. ജൂൺ ആദ്യവാരത്തിലെ ദുർബല എൻനിനോയും തെക്കുപടിഞ്ഞാറൻ കാറ്റിന്റെ ഗതിമാറ്റവുമാണ് ഈ പ്രതിഭാസത്തിന് കാരണമായി കാലാവസ്ഥ നിരീക്ഷിണ കേന്ദ്രം ചൂണ്ടികാണിക്കുന്നത്. മഴയുടെ അളവിൽ എന്നതിനെക്കാൾ വിതരണത്തിൽ വന്നിരിക്കുന്ന വ്യത്യാസമാണ് ദുരന്തകാരണമാകുന്നതെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. കാലാവസ്ഥാ വ്യതിയാനംമൂലം ഇന്ത്യയിൽ മഴദിനങ്ങൾ കുറഞ്ഞും കനത്തമഴപെയ്യുന്ന സാഹചര്യങ്ങൾ വർദ്ധിച്ചും വരികയാണെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് പഠനങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. മേഘവിസ്ഫോടനത്തിലൂടെ ഉണ്ടാകുന്ന ഇത്തരം കനത്തമഴകൾ കേരളത്തിന്റെ ഭൂപ്രകൃതിക്ക് ഭീഷണിയാണ്. ഇത്തരം മഴകളുടെ ആഘാതം കുന്നുകളിലെ മൺപാളിക്ക് താങ്ങാനാവുന്നില്ല എന്നത് തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പുത്തുമലയിലും കവളപ്പാറയിലും ഉരുൾപൊട്ടലുണ്ടായ ആഗസ്റ്റ് 8 ന് കർണാടകം, കേരളം തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ പശ്ചിമഘട്ട താഴ്വാരം ഉൾപ്പെടുന്ന മേഖലകളിൽ കനത്ത മഴയാണ് ഉണ്ടായത്. ഊട്ടിയിലെ അവലാഞ്ചി, നിലമ്പൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ്, കുടക്, മംഗളൂരു, ചിക്മംഗലൂർ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന മേഖലയിലാണ് കനത്ത മഴ പെയ്തത്. 24 മണിക്കൂറിനുള്ളിൽ 200 മില്ലീമീറ്റർ മുതൽ 800 മില്ലീമീറ്റർ വരെ മഴയാണ് ഈ പ്രദേശങ്ങളിൽ പെയ്തത്. നിലമ്പൂരിലും 800 മില്ലീമീറ്ററിനടുത്ത് മഴയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

**സർക്കാർ നൽകുന്ന തുച്ഛമായ തുകകൊണ്ട് ജീവിതം തിരിച്ചുപിടിക്കാൻ ദുരന്തബാധിതരായ ജനങ്ങൾക്ക് സാധിക്കുന്നില്ല. ഉത്സാഹത്തോടെയുള്ള പിരിവൊഴിച്ച് ജനങ്ങൾക്ക് നഷ്ടപ്പെട്ട ജീവിതവും ജീവനോപാധികളും കരുപ്പിടിപ്പിക്കാൻവേണ്ട കാര്യങ്ങൾ ചെയ്യുക എന്നത് സർക്കാരിന്റെ പരിഗണനയിലില്ല. മഹാപ്രളയത്തിലുണ്ടായ നഷ്ടം മറികടക്കാനെന്നപേരിൽ പ്രളയസെസ് ഏർപ്പെടുത്തിയ സർക്കാരാണ് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്.**

ഇത്തരം മഴയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന മലഞ്ചെരുവുകളിൽ ഉരുൾപൊട്ടൽ സാധ്യത 100ശതമാനമാണ് എന്നും കേന്ദ്രകാലാവസ്ഥാ വകുപ്പ് നടത്തിയ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

നിരവധി നിയമങ്ങൾ നിലവിലുണ്ടായിട്ടും നിരവധി ഏജൻസികളുടെ പഠനറിപ്പോർട്ടും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും മുമ്പിലുണ്ടായിരുന്നിട്ടും ആസന്നമായ ദുരന്തത്തിന്റെ സൂചനകൾ നിരവധിയുണ്ടായിരുന്നിട്ടും യാതൊരുവിധ മുൻകരുതലുകളും സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുന്നില്ല എന്നത് അപലപനീയമാണ്. കാലം തെറ്റി എത്തിക്കൊണ്ടിരിക്കുന്ന കാലവർഷം കനത്ത നാശം വിതച്ചാണ് മടങ്ങുന്നത്. കവളപ്പാറയുടെ സമീപപ്രദേശങ്ങളിൽ നിരവധി ചെറിയ ഉരുൾപൊട്ടലുകളുണ്ടായി, കരകവിഞ്ഞ ചാലിയാർ പുഴയുടെ ഇരുകരകളിലും കനത്ത നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. വടകര, കോഴിക്കോട് പ്രദേശങ്ങളിലും വമ്പിച്ച നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്.

താത്ക്കാലികമായോ ഔദാര്യമായോ സർക്കാർ നൽകുന്ന തുകകൊണ്ട് ജീവിതം തിരിച്ചുപിടിക്കാൻ ദുരന്തബാധിതരായ ജനങ്ങൾക്ക് സാധിക്കുന്നില്ല. ഉത്സാഹത്തോടെയുള്ള പിരിവൊഴിച്ച് ജനങ്ങൾക്ക് നഷ്ടപ്പെട്ട ജീവിതവും ജീവനോപാധികളും കരുപ്പിടിപ്പിക്കാൻവേണ്ട കാര്യങ്ങൾ ചെയ്യുക എന്നത് സർക്കാരിന്റെ പരിഗണനയിലില്ല. പ്രളയത്തിൽ നഷ്ടം 100കോടി കവിയുമെന്നാണ് വ്യാപാരികൾ കണക്കുകൂട്ടുന്നത്. മഹാപ്രളയത്തിലുണ്ടായ നഷ്ടം മറികടക്കാനും ദുരിതാശ്വാസ പ്രവർത്തനത്തിന് പണം കണ്ടെത്താനും പ്രളയസെസ് ഏർപ്പെടുത്തിയ സർക്കാരാണ് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്. പ്രളയസെസ് നിലവിൽവന്നതാകട്ടെ 2019 ആഗസ്റ്റ് മാസത്തിൽ, മറ്റൊരു പ്രളയകാലത്ത്. 928 ഇനങ്ങൾക്കാണ് ജിഎസ്ടിക്കുപുറമേ 2 വർഷത്തേയ്ക്ക് 1 ശതമാനം നികുതി ഏർപ്പെടുത്തിയി

(ശേഷം 4-ാം പേജിൽ)

## കലാലയങ്ങളിലെ മനുഷ്യാവകാശ ലംഘനങ്ങൾ

# ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ കമ്മിഷൻ പൂർണ്ണ റിപ്പോർട്ട് സമർപ്പിച്ചു

**കേരളത്തിലെ കലാലയങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ച് അന്വേഷിക്കാനായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ കമ്മിഷൻ സെപ്തംബർ 2-ന് റിപ്പോർട്ട് സമർപ്പിച്ചു. സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെയും സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റിയുടെയും സംയുക്ത പരിശ്രമഫലമായിട്ടാണ് സ്വതന്ത്ര ജനകീയ ജുഡീഷ്യൻ അന്വേഷണ കമ്മീഷനെ മെയ് 20-ാം തീയതി നിയോഗിക്കുന്നത്. യൂണിവേഴ്സിറ്റി കോളേജിൽ മെയ് 2ന് ഒരു വിദ്യാർത്ഥിനി ഞരമ്പ് മുറിച്ച് ആത്മഹത്യയ്ക്ക് ശ്രമിച്ചതിനെ തുടർന്നാണ് സേവ് യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പയിൻ കമ്മിറ്റി രൂപവൽക്കരിക്കപ്പെട്ടത്. മെയ് 10-ന് കമ്മിറ്റി തിരുവനന്തപുരത്ത് പൗര സംഗമം സംഘടിപ്പിച്ചു. ആ സംഗമത്തിന്റെ തീരുമാനപ്രകാരമാണ് സ്വതന്ത്ര ജനകീയ ജുഡീഷ്യൽ കമ്മീഷൻ രൂപീകൃതമായത്.**

കലാലയങ്ങളിലെ പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിക്കാനായി ഇത്തരമൊരു സ്വതന്ത്ര ജനകീയ ജുഡീഷ്യൽ കമ്മീഷൻ നിയോഗിക്കപ്പെടുന്നത് കേരളത്തിന്റെ ചരിത്രത്തിൽ ഇതാദ്യമാണ്.

തികച്ചും, സ്വതന്ത്രമായാണ് കമ്മീഷൻ പ്രവർത്തിച്ചത്. തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലായി അഞ്ചു ദിവസത്തെ തെളിവെടുപ്പ് നടത്തിയ കമ്മീഷൻ, വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസ പ്രവർത്തകർ, രാഷ്ട്രീയ-സാമൂഹിക പ്രവർത്തകർ, പത്രപ്രതിനിധികൾ എന്നിവരിൽനിന്ന് തെളിവുകൾ ശേഖരിച്ചു. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇ-മെയിൽ വഴിയും സമാഹരിച്ചു. അവയെല്ലാം ക്രോഡീകരിച്ചാണ് റിപ്പോർട്ടിന് രൂപം നൽകിയത്.

യൂണിവേഴ്സിറ്റി കോളേജിലെ പ്രശ്നങ്ങളെ അധികരിച്ചാണ് കമ്മിഷൻ രൂപവൽക്കരിക്കപ്പെട്ടതെങ്കിലും, പിന്നീട് ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചപ്പോൾ സംസ്ഥാനത്തെ എല്ലാ കലാലയങ്ങളിലെയും അക്രമങ്ങൾ, മനുഷ്യാവകാശ പ്രശ്നങ്ങൾ, പരീക്ഷാക്രമക്കേടുകൾ എന്നിവയെക്കുറിച്ചുകൂടി അന്വേഷിക്കാൻ തീരുമാനിക്കുകയായിരുന്നു. കൊച്ചിൻ, കേരള, കോഴിക്കോട്, കണ്ണൂർ, ടെക്നിക്കൽ സർവ്വകലാശാലകളിലെ അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും പ്രാതിനിധ്യ പങ്കാളിത്തമുണ്ടായിരുന്നു തെളിവെടുപ്പുകളിൽ.

കേരളത്തിലെ ഒട്ടുമിക്ക കലാലയങ്ങളിലും ഏതെങ്കിലും രൂപത്തിലുള്ള മനുഷ്യാവകാശ ധ്വംസനങ്ങൾ നടക്കുന്നതായി കമ്മിഷൻ കണ്ടെത്തുകയുണ്ടായി. അക്രമരാഷ്ട്രീയത്തിലൂടെ ആധിപത്യം സ്ഥാപിക്കുകയും അപ്രമാദിത്വം പുലർത്തുകയും ചെയ്യുന്ന വിദ്യാർത്ഥി യൂണിയനുകൾ കലാലയങ്ങളിലെ ജനാധിപത്യ പ്രവർത്തനങ്ങൾ അട്ടിമറിക്കുന്നു. മറ്റ് വിദ്യാർത്ഥി സംഘടനകളെ പ്രവർത്തിക്കാനോ യൂണിയൻ തെരഞ്ഞെടുപ്പിൽ ഭയരഹിതമായി പങ്കെടുക്കാനോ അനുവദിക്കുന്നില്ല. അക്കാദമിക സാഹചര്യത്തെ അക്രമരാഷ്ട്രീയം പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിയാണ് പലയിടങ്ങളിലും. വിദ്യാർത്ഥികളുടെ സ്വതന്ത്ര സഞ്ചാരത്തെപ്പോലും തടയുന്ന കോളേജ് യൂണിയനുകൾ അവരുടെ മനുഷ്യാവകാശങ്ങൾ ചവുട്ടിമെതിക്കുന്ന നിരവധി സംഭവങ്ങൾ വിവരിക്കുന്ന ഞെട്ടിക്കുന്ന മൊഴികളാണ് ചില വിദ്യാർത്ഥികൾ നൽകിയത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ 'ഇടിമുറി' ഒറ്റപ്പെട്ടതല്ല. തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിലും എറണാകുളം മഹാരാജാസ് കോളേജിലും കോഴിക്കോട് മടപ്പള്ളി കോളേജിലുമൊക്കെ 'ഇടിമുറി'കൾ പ്രവർത്തിക്കുന്നുണ്ട്. കോളേജ് യൂണിയൻ റൂമുകളാണ് ഇടിമുറികളായി മാറുന്നതെന്നും കമ്മിഷൻ കണ്ടെത്തി.

കേരളത്തിലെ ഭൂരിപക്ഷം കലാലയ യൂണിയനുകൾ ഭരിക്കുന്ന എസ്എഫ്ഐ തന്നെയാണ് പ്രധാനമായും പ്രതിസ്ഥാനത്ത് നിൽക്കുന്നത്. വിദ്യാർത്ഥികൾ നൽകിയ പരാതികളിൽ കൂടുതലും എസ്എഫ്ഐ പ്രവർത്തകർ നടത്തിയ ആക്രമണങ്ങളെക്കുറിച്ചായിരുന്നു. തിരുവനന്തപുരം എംജി കോളേജിൽ, എസ്എഫ്ഐയുടെ മാതൃക പിന്തുടർന്ന് എബിവിപിയും അക്രമ കേന്ദ്രങ്ങൾ നടത്തുന്നുവെന്ന പരാതികളും ലഭിച്ചു.

ഒന്നാം വർഷ വിദ്യാർത്ഥികളാണ് മിക്കപ്പോഴും ആക്രമണങ്ങൾക്ക് ഇരകളാകുന്നത്. എന്നാൽ, ഏറ്റവും ഞെട്ടിച്ച പ്രശ്നം, മേൽപ്പറഞ്ഞ ക്രൂരമായ സംഭവങ്ങൾ അരങ്ങേറുമ്പോൾ കാഴ്ചക്കാരായി നിൽക്കുന്ന അധ്യാപകരുടെ പങ്കാണ്. അവരിൽ ചിലർ അക്രമികൾക്ക് പ്രോത്സാഹനം നൽകുന്നുവെന്ന വസ്തുതയും ചില വിദ്യാർത്ഥികൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. മാതൃകായോഗ്യമായ വിധത്തിൽ, ഗുരുനാഥ സ്ഥാനത്തുനിന്ന് വഴികാട്ടേണ്ട അധ്യാപകർ സങ്കുചിത കക്ഷി രാഷ്ട്രീയ പരിഗണനകളോടെ അക്രമണങ്ങളെ ന്യായീകരിക്കുന്നത് അംഗീകരിക്കാനാവില്ല. സംഘടിത അധ്യാപകപ്രസ്ഥാനത്തിലെ ചിലരെങ്കിലും അധ്യാപകവൃത്തിയുടെ മഹത്വം കളഞ്ഞുകുളിക്കുന്നുവെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.

### പരീക്ഷയുടെ വിശ്വാസ്യത കളങ്കപ്പെട്ടു

അതേപോലെ, അടിവേരുകൾ പിഴുതുമാറ്റേണ്ട മറ്റൊരു മേഖലയാണ് കലാലയ പ്രവേശനത്തിലെ ക്രമക്കേടുകളും പരീക്ഷാതിരിമറികളും. പരീക്ഷാ ചോദ്യങ്ങൾ ചോർത്തിക്കൊടുക്കുക, ഉത്തരക്കടലാസുകൾ യൂണിയൻ നേതാക്കൾക്ക് നിയമവിരുദ്ധമായി എത്തിച്ചുകൊടുക്കുക, അനർഹരെ സ്പോട്ട് അഡ്മിഷനിലൂടെയും സ്പോർട്ട്സ് ക്വാട്ടയിലൂടെയും ഇന്റർ-കോളേജ് ട്രാൻസ്ഫറിലൂടെയും കടത്തിവിടുക എന്നിവയും ചില കലാലയങ്ങളിൽ വ്യാപകമായി നടക്കുന്നുണ്ട്. അതിന് പിന്നിലും സംഘടനാ പിൻബലമുള്ള അധ്യാപകരുടെയും ജീവനക്കാരുടെയും കൈകൾ തെളിഞ്ഞ് കാണപ്പെടുന്നു. പരീക്ഷാ ഹാളിൽ നടക്കുന്ന കോപ്പിയടി, പരീക്ഷയുടെ വിശ്വാസ്യതയെത്തന്നെ കളങ്കപ്പെടുത്തിയിരിക്കുന്നു.

എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുന്നു എന്ന് അവകാശപ്പെടുന്ന കലാലയ യൂണിയനുകൾ മിക്കപ്പോഴും എതിർസ്ഥാനാർത്ഥികളുടെ നോമിനേഷൻ നൽകാനുള്ള അവകാശംപോലും നിഷേധിച്ചുകൊണ്ടാണ് സ്വയം പ്രഖ്യാപിത വിജയികളായി പ്രത്യക്ഷപ്പെടുന്നത്. അപഹാസ്യമാണ് അത്തരമൊരു സാഹചര്യം. എന്നാൽ, എന്തുകൊണ്ട് സമാനമായ പ്രശ്നങ്ങൾ ദശാബ്ദങ്ങളായി ആവർത്തിക്കപ്പെടുന്നു; അവയുടെ കാരണങ്ങളും പരിഹാരങ്ങളും എന്ത് എന്ന വിഷയത്തെ സംബന്ധിച്ചാണ് ഈ ജനകീയ കമ്മിഷൻ അന്വേഷണത്തിൽ ഊന്നൽ നൽകിയത്.

അതിൽ ഒന്നാമതായി കണ്ടെത്തിയത് കളങ്കിതമായ രാഷ്ട്രീയ നേതൃത്വത്തിന്റെ സീമകളില്ലാത്ത പിന്തുണയാണ് കലാലയങ്ങളിൽ അക്രമരാഷ്ട്രീയം ആഴത്തിൽ വേരൂന്നാൻ ഇടയാക്കിയതെന്നതാണ്. സംസ്ഥാന ഭരണസംവിധാനങ്ങൾ, നിയമസംവിധാനങ്ങൾ എന്നിവ അക്രമത്തെ അമർച്ച ചെയ്യുന്നതിൽ പരാജയപ്പെട്ടു. നിയമങ്ങൾ കടലാസിൽ ഉറങ്ങുന്നു. 1998 ലെ റാഗിംഗ് വിരുദ്ധ നിയമം നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതിനാൽ കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നില്ല.

കക്ഷിരാഷ്ട്രീയത്തിന്റെ കറുത്ത ചരടുകളാൽ ബന്ധനസ്ഥരായ പോലീസ് സേനയ്ക്ക് നിയമവാഴ്ച ഉറപ്പാക്കാനാകുന്നില്ല. പകരം, ഭരണപക്ഷാഭിമുഖ്യമുള്ള കുറ്റവാളികൾക്ക് സംരക്ഷണം നൽകേണ്ടിവരുന്ന സ്ഥിതി തുടരുന്നു. ക്രിമിനൽ കേസ്സുകളിൽപോലും, അസംഘടിതരായ വിദ്യാർത്ഥികൾ നൽകുന്ന പരാതികളിന്മേൽ തുടർനടപടികൾ നിശ്ചലമാകുന്നതിന് കാരണവും മേൽപ്പറഞ്ഞ കക്ഷി-രാഷ്ട്രീയ പാശം തന്നെ. ഒറ്റവാക്കിൽ, കളങ്കിത ജനാധിപത്യം.

സർവ്വകലാശാലകൾക്ക് അപരിമേയമായ അധികാരങ്ങൾ നിയമങ്ങളിലും ചട്ടങ്ങളിലുമുണ്ട്. എന്നാൽ, കേരളത്തിലെ കലാലയങ്ങളിൽ അക്രമങ്ങൾ പെരുകുന്നതിനും അക്കാദമിക അന്തരീക്ഷം ശോചനീയമാംവിധം

(ശേഷം 5-ാം പേജിൽ)




(3-ാം പേജിൽ നിന്ന്)

തിരിക്കുന്നത്. ജിഎസ്ടി തന്നെ വിലക്കയറ്റത്തിന് കാരണമായിരിക്കുമ്പോഴാണ് അതിനുംപുറമേ നികുതി ചുമത്തുന്നത്. ജീവൻ രക്ഷാ ഔഷധങ്ങൾക്ക് ഉൾപ്പെടെ വില വീണ്ടും വർദ്ധിച്ചിരിക്കുന്നു എന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. 10000 രൂപമുതൽ 80000 രൂപവരെ വിലവർദ്ധനവ്, വിശേഷിച്ചും കാൻസറിനുള്ള മരുന്നിന്, രേഖപ്പെടുത്തിയിരിക്കുന്നു! മഹാപ്രളയത്തിൽ സർവ്വതും ഒലിച്ചുപോയ അനേകർ ഇപ്പോഴും പകച്ചു നിൽക്കുകയാണ്. ആശ്വാസധനമായ പതിനായിരംപോലും കിട്ടാത്തവർ ഇപ്പോഴും നിരവധി. ഉരുൾപൊട്ടലും മണ്ണിടിച്ചിലും വെള്ളപ്പൊക്കവും മറ്റനവധിയാളുകളെ ഉറ്റവരും ഉടയവരും ഇല്ലാത്തവരാക്കി, കൂരയോ കൂരയിരുന്ന സ്ഥലംപോലുമോ ഇല്ലാത്തവരാക്കി. അനിശ്ചിതമായ ഭാവിയുടെ മുന്നിൽ പകച്ചുനിൽക്കുന്നവർ ക്യാമ്പുകളിൽനിന്ന് എങ്ങോട്ടുപോകേണ്ടൂ എന്നറിയാതെ കുഴങ്ങുകയാണ്.

ജനങ്ങൾ കൂടെയുണ്ട് എന്നത് ഇത്തവണയും തെളിയിക്കപ്പെട്ടു. ഒരു ആഹ്വാനവും ഇല്ലാതെതന്നെ കൈയ് മെയ് മറന്ന് ജനങ്ങൾ രംഗത്തിറങ്ങി. തങ്ങൾക്കുള്ളതത്രയും നൽകിക്കൊണ്ട് നിരവധിയാളുകൾ മാതൃകകളായി. ദുരിതത്തിൽ തനിയെയായിപ്പോയ പെൺകുഞ്ഞിന്റെ വാർത്ത വന്നപ്പോൾത്തന്നെ കുഞ്ഞിനെ ഏറ്റെടുക്കുവാനും വീടുനൽകുവാനും ഒക്കെയായി ആളുകൾ മുന്നോട്ടുവന്നു എന്നതൊക്കെ മനുഷ്യത്വത്തിന്റെ നിദർശനങ്ങളായി.

ദുരന്തബാധിതരായ മുഴുവൻ ആളുകളെയും നിരുപാധികം പുനരധിവസിപ്പിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുകയാണ് സർക്കാർ ഉടനടി ചെയ്യേണ്ടത്. ഒപ്പം പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കുവാൻ അടിയന്തരനടപടികൾ സ്വീകരിക്കണം. പശ്ചിമഘട്ട മലനിരകളെ തുരന്നുതീർക്കുന്ന ക്വാറിയിംഗിന് തടയിടണം. അനധികൃതക്വാറികൾ അടച്ചുപൂട്ടണം. കേരളത്തിലെ തണ്ണീർത്തടങ്ങളും സ്വാഭാവിക ജലസംഭരണികളായ പാടങ്ങളും കായലുകളും നദികളും ആറുകളും സംരക്ഷിക്കപ്പെടണം. വനങ്ങൾ സംരക്ഷിക്കപ്പെടണം. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൻമേൽ ആവശ്യമായ നടപടികൾ സത്വരമായി സ്വീകരിക്കണം. കാലവിളംബം കൂടാതെ ഈ നടപടികൾ സ്വീകരിക്കാൻ തയ്യാറായാൽ മാത്രമേ വരാനിരിക്കുന്ന വൻദുരന്തത്തിൽനിന്ന് കേരളത്തെ രക്ഷിക്കാനാകൂ. ■

(4-ാം പേജിൽ നിന്ന്)

തകരുന്നതിനും കാരണമാകുന്ന സാഹചര്യത്തെ നേരിടാനുള്ള ധാർമ്മികശക്തി സർവ്വകലാശാലകളുടെ അധികാരികൾ പ്രദർശിപ്പിക്കുന്നില്ല. വിദ്യാർത്ഥികളുടെ പരാതികൾക്ക് പരിഹാരം കാണാനുള്ള ഭദ്രമായ സംവിധാനങ്ങൾ നിശ്ചലമാണ് മിക്ക സർവ്വകലാശാലകളിലും.

ഇത്തരമൊരു സാഹചര്യത്തിൽ ഞങ്ങൾ സുപ്രധാനമായ ചില ശുപാർശകൾ ഗവൺമെന്റിന്റെ അടിയന്തര പരിഗണനയ്ക്കായി സമർപ്പിക്കുന്നു. പ്രധാന ശുപാർശകളുടെ സംഗ്രഹം താഴെകൊടുക്കുന്നു:

1. കലാലയങ്ങളിലെ മനുഷ്യാവകാശ ലംഘനങ്ങളെ പ്രതിരോധിക്കാനാവശ്യമായ സുശക്തമായ നിയമ സംവിധാനം ഇപ്പോൾ സംസ്ഥാനത്ത് നിലവിലില്ല. 1998 ലെ റാഗിംഗ് വിരുദ്ധ നിയമം ഉൾപ്പെടെയുള്ളവ കലാലയങ്ങളിൽ അക്രമങ്ങളെ നേരിടാൻ പര്യാപ്തമല്ലായെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ, എല്ലാ നിയമങ്ങളുടെയും പിൻബലത്തോടെയുള്ള ഒരു സംസ്ഥാനതല പ്രശ്നപരിഹാര സമിതി-കലാലയങ്ങളിലെ മനുഷ്യാവകാശ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനായി - ഒരു ഓംബുഡ്സ്മാൻ രൂപവൽക്കരിക്കണമെന്ന് ഞങ്ങൾ ശുപാർശ ചെയ്യുന്നു.

2. വിദ്യാർത്ഥിനികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനായി, തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം തടയൽ നിയമത്തിന്റെ മാതൃകയിൽ, ഒരു ആഭ്യന്തര കമ്മിറ്റി എല്ലാ കലാലയങ്ങളിലും രൂപവൽക്കരിക്കുക.

3. കർശനമായ പെരുമാറ്റച്ചട്ടം ആവിഷ്കരിച്ച് എല്ലാ കലാലയങ്ങളിലും നിർബന്ധമായും നടപ്പാക്കുക. അക്രമങ്ങളോ, അനിഷ്ട സംഭവങ്ങളോ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കി അക്കാദമിക അന്തരീക്ഷം മികവുറ്റതാക്കുമെന്ന് ഉറപ്പാക്കണം.

4. നിർബന്ധപൂർവ്വം വിദ്യാർത്ഥികളെ പ്രകടനങ്ങളിലോ പരിപാടികളിലോ പങ്കെടുപ്പിക്കുന്നത് നിരോധിക്കണം. കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ നൽകണം.

5. കോളേജ് യൂണിയന്റെയോ സംഘനകളുടെയോ നിർബന്ധിത പണപ്പിരിവ് തടയാൻ ചട്ടം നിർമ്മിക്കണം.

6. സർവ്വകലാശാല നിയോഗിക്കുന്നവരുടെ പൂർണ്ണ മേൽനോട്ടത്തിൽ വേണം തെരഞ്ഞെടുപ്പുകൾ നടക്കാൻ. കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരെ മത്സരിക്കാൻ അനുവദിക്കരുത്.

7. എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുന്ന കോളേജ് യൂണിയനുകൾ ഏകപക്ഷീയമല്ലായെന്ന് ഉറപ്പാക്കാൻ, പരാതികളുണ്ടെങ്കിൽ തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്നത് നീട്ടിവയ്ക്കുക. പരാതി വസ്തുതാപരമെങ്കിൽ തെരഞ്ഞെടുപ്പ് റദ്ദാക്കണം.

8. വിദ്യാർത്ഥി പ്രവേശനത്തിനായി കോളേജുകൾ സ്പോട്ട് അഡ്മിഷൻ നടത്തുന്ന സമ്പ്രദായം അവസാനിപ്പിക്കുക. അത് സർവ്വകലാശാലകൾ നേരിട്ട് നടത്തണം.

9. ഇന്റർ-കോളേജ് ട്രാൻസ്ഫർ അനർഹർക്ക് കടന്നുകൂടാനുള്ള വഴിയാകരുത്. സൂക്ഷ്മപരിശോധന സർവ്വകലാശാല നടത്തിയതിനുശേഷം പൂർണ്ണമായും മെരിറ്റ് പാലിച്ച് വേണം അനുമതി നൽകേണ്ടത്.



**കമ്മിഷൻ റിപ്പോർട്ട് ചെയർമാൻ ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ, യൂണിവേഴ്സിറ്റി കോളേജ് പൂർവ്വ വിദ്യാർത്ഥിനി നിഖിലാ സജിത്തിന് ഒരു കോപ്പി നൽകി പൊതുജനങ്ങൾക്കായി പ്രകാശനം ചെയ്യുന്നു. കമ്മിഷൻ അംഗങ്ങൾ സമീപം**

10. കോളേജ് പ്രവൃത്തി സമയം കഴിഞ്ഞ ശേഷം, അനധികൃതമായി വിദ്യാർത്ഥികൾ ക്യാമ്പസിൽ തങ്ങുന്ന പ്രവണത തടയണം.

11. ക്രമക്കേടുകൾ തടയാൻ, സർവ്വകലാശാലാ പരീക്ഷകളുടെ ഉത്തരക്കടലാസുകളും ചോദ്യക്കടലാസുകളും സൂക്ഷിക്കാനും, പരീക്ഷ കഴിഞ്ഞാലുടൻ തിരികെ വാങ്ങി ഓഡിറ്റ് ചെയ്യാനും സർവ്വകലാശാലകൾ പ്രത്യേകസംവിധാനം ഒരുക്കണം.

12. ഇന്റേണൽ മാർക്കിന്റെ ദുരുപയോഗം തടയാൻ അത് പകുതിയാക്കി കുറയ്ക്കാം.

13. റീഅഡ്മിഷനുള്ള സർവകലാശാലാ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കണം.

14. റാഗിംഗ് വിരുദ്ധ നിയമം കർശനമായി നടപ്പിലാക്കുക.

15. മദ്യ-മയക്കുമരുന്ന് സംഘങ്ങളിൽനിന്ന് നമ്മുടെ കലാലയങ്ങളെ സുരക്ഷിതമാക്കാൻ അത്തരം കുറ്റകൃത്യസംഘങ്ങളുമായി ബന്ധമുള്ളവരെ മുഴുവൻ ഹോസ്റ്റലുകളിൽനിന്നും കോളേജുകളിൽനിന്നും പുറത്താക്കണം. യോഗ്യരായ, സ്ഥിരം വാർഡന്മാരെ അതിനായി ഹോസ്റ്റലുകളിൽ നിയോഗിക്കണം.

16. തിരുവനന്തപുരം പാളയത്ത് വർഷങ്ങളായി പ്രവർത്തിക്കുന്ന ആൺകുട്ടികളുടെ ഹോസ്റ്റൽ നവീകരണം നടത്തി പെൺകുട്ടികളുടെ ഹോസ്റ്റലാക്കി മാറ്റണം. നഗരത്തിലെ പെൺകുട്ടികളുടെ താമസസ്ഥലം ഇല്ലായ്മ എന്ന പ്രശ്നത്തിന് പരിഹാരം കാണാൻ അതാവശ്യമാണ്. അതോടൊപ്പം തന്നെ ആൺകുട്ടികൾക്ക് മറ്റൊരു ഹോസ്റ്റൽ പണിത് നൽകണം.

17. പിറ്റിഎ, വിദ്യാർത്ഥി പരാതി പരിഹാര സെൽ, വനിതാ സെൽ, റാഗിംഗ് വിരുദ്ധ സെൽ എന്നിവ പുനഃരുജ്ജീവിപ്പിച്ച് സജീവമാക്കി പ്രവർത്തിപ്പിക്കണം.

18. എല്ലാ വൈസ് ചാൻസലർമാരുടെയും നിയമനങ്ങൾ പൂർണ്ണമായി മെരിറ്റ് പാലിച്ചുവേണം നടപ്പിലാക്കേണ്ടത്.

19. കൊച്ചിയിലെ കുസാറ്റ്(കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി) ഹോസ്റ്റലുകളിൽ പ്രവേശനനടപടികൾ കുറ്റമറ്റതാക്കാൻ വൈസ് ചാൻസലറുടെ ചുമതലയിൽ മേൽനോട്ട സമിതികൾക്ക് രൂപം നൽകണം.

> **വിദ്യാർത്ഥികളുടെ സ്വതന്ത്ര സഞ്ചാരത്തെപ്പോലും തടയുന്ന കോളേജ് യൂണിയനുകൾ അവരുടെ മനുഷ്യാവകാശങ്ങൾ ചവുട്ടിമെതിക്കുന്ന നിരവധി സംഭവങ്ങൾ വിവരിക്കുന്ന ഞെട്ടിക്കുന്ന മൊഴികളാണ് ചില വിദ്യാർത്ഥികൾ നൽകിയത്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ 'ഇടിമുറി' ഒറ്റപ്പെട്ടതല്ല. തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിലും എറണാകുളം മഹാരാജാസ് കോളേജിലും കോഴിക്കോട് മടപ്പള്ളി കോളേജിലുമൊക്കെ 'ഇടിമുറി'കൾ പ്രവർത്തിക്കുന്നുണ്ട്.**

20. ഏറ്റവും പ്രധാനമായി എല്ലാ കലാലയങ്ങളിലും ജനാധിപത്യാന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളും അധ്യാപകരും ഒത്തുചേരുന്ന ഫോറങ്ങൾ രൂപവൽക്കരിക്കപ്പെടണം. അനുഭവങ്ങൾ പങ്കു വെയ്ക്കപ്പെടണം. കലാലയത്തിലെ പ്രശ്നങ്ങൾ ആരോഗ്യകരമായി ചർച്ച ചെയ്യുന്ന സാഹചര്യമുണ്ടായാൽ, അതിൽ വിദ്യാർത്ഥികൾക്ക് സജീവ പങ്കാളിത്തം നൽകാനായാൽ ഉത്തരവാദിത്വബോധം വളർത്താനും ഉത്തമ പൗരന്മാരെ സൃഷ്ടിക്കാനും കലാലയങ്ങൾക്ക് കഴിയും.

ആശയസംവാദങ്ങൾ അവയുടെ പൂർണ്ണ രൂപത്തിൽ നടക്കുമ്പോൾ മാത്രമേ യഥാർത്ഥ കലാലയങ്ങൾ പിറവിയെടുക്കുന്നുള്ളൂ. ജനാധിപത്യത്തിന്റെ പ്രശ്നങ്ങൾക്ക് കൂടുതൽ ഉയർന്ന ജനാധിപത്യം മാത്രമാണ് പോംവഴി എന്ന മഹത്തായ ചരിത്രപാഠം ഓർമിപ്പിച്ചുകൊണ്ടാണ് റിപ്പോർട്ട് സമാപിക്കുന്നത്.

സെപ്തംബർ 2ന് തിരുവനന്തപുരം പ്രസ് ക്ലബ് ഹാളിൽ ചേർന്ന പ്രൗഢമായ സമ്മേളനത്തിൽവച്ചാണ് കമ്മിഷൻ റിപ്പോർട്ട് പ്രകാശനം ചെയ്തത്. ചെയർമാൻ ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ, യൂണിവേഴ്സിറ്റി കോളേജിൽ ആത്മഹത്യയ്ക്ക് ശ്രമിച്ച നിഖിലാ സജിത്തിന് ഒരു കോപ്പി നൽകിയാണ് റിപ്പോർട്ട് പൊതുജനങ്ങൾക്കായി പ്രകാശനം ചെയ്തത്. കോപ്പി ഏറ്റുവാങ്ങിയശേഷം നിഖിലയും സംസാരിച്ചു. കൂടാതെ കമ്മിഷൻ അംഗങ്ങളായ ഡോ. വി.തങ്കമണി, അഡ്വ.ജെ.സന്ധ്യ, പ്രൊഫ.എസ്.വർഗ്ഗീസ്, മെമ്പർ സെക്രട്ടറി പ്രൊഫ.എ.ജി. ജോർജ്ജ് എന്നിവരും അവരുടെ അനുഭവങ്ങൾ പങ്കുവച്ചു. പ്രൊഫ.എം.ജി.ശശിഭൂഷൺ, പ്രൊഫ.മോളി മെഴ്സലിൻ, ഡോ.പ്രസന്നകുമാർ, പ്രൊഫ.വിജയലക്ഷ്മി എന്നിവരും സംസാരിച്ചു. കമ്മിഷനെ നിയോഗിച്ച സേവ് യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പയിൻ കമ്മറ്റിയുടെ ചെയർമാൻ ആർ.എസ്.ശശികുമാർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി എം.ഷാജർഖാൻ സ്വാഗതം പറഞ്ഞു.

### രാഷ്ട്രീയ നേതൃത്വമാണ് തെറ്റുതിരുത്തേണ്ടത്

വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മഹത്വം പുനഃസ്ഥാപിക്കാതെ രാജ്യം ഇന്ന് നേരിടുന്ന ഭീഷണമായ വെല്ലുവിളികളെ അതിജീവിക്കാൻ സമൂഹത്തിന് കഴിയില്ല. കേരളത്തിലെ കലാലയങ്ങളെ അക്രമരാഷ്ട്രീയത്തിലൂടെ കീഴ്പ്പെടുത്തി, അരാഷ്ട്രീയവൽക്കരണത്തെ വളർത്തി, പ്രതിലോമ ആശയങ്ങൾക്ക് വേരൂന്നാനുള്ള കവാടങ്ങൾ തുറന്നുകൊടുക്കുന്നതിൽ പ്രമുഖസ്ഥാനത്ത് എസ്എഫ്ഐയാണ് എന്നത് പ്രശ്നത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. അക്രമരാഷ്ട്രീയം മാത്രമല്ല, പിഎസ്എസിയുടെ ഉത്തരക്കടലാസുകളും ചോദ്യക്കടലാസുകളും ചോർത്തിക്കൊടുക്കുന്ന മാഫിയാസംഘം പോലും കലാലയങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുവെന്നാണ് തുടരന്വേഷണങ്ങൾ വഴി പിന്നീട് കേരളം കണ്ടെത്തിയത്. അവയുടെ പുറകിലും, കുറ്റവൽക്കരിക്കപ്പെട്ട ഒരു രാഷ്ട്രീയ നേതൃത്വം പ്രവർത്തിക്കുന്നുണ്ട് എന്ന കാര്യം പകൽപോലെ വ്യക്തമാണ്. സംസ്ഥാനം ഭരിക്കുന്ന സിപിഐ(എം) ഉൾപ്പെടെയുള്ള പാർട്ടികൾക്ക് ഇക്കാര്യങ്ങളിലെല്ലാമുള്ള പങ്ക് അത്രയെളുപ്പം നിഷേധിക്കാനാവില്ല.

ഫലത്തിൽ, ഇത്തരം ദുഷ്ചെയ്തികൾ സംഘപരിവാർ ശക്തികൾക്ക് അവരുടെ രാഷ്ട്രീയ സ്വാധീനം വർധിപ്പിക്കാനുള്ള വഴികളായി മാറുന്നുവെന്നതാണ് ഏറ്റവും ദുഃഖകരം. ആയതിനാൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ, വിശേഷിച്ചും എസ്എഫ്ഐക്ക് ആശയനേതൃത്വം നൽകുന്ന സിപിഐ(എം) ഒരു പുനർവിചിന്തനത്തിന് തയ്യാറാകണം. എസ്എഫ്ഐ എന്ന സംഘടനയെ ജനാധിപത്യവൽക്കരിക്കാനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ രാഷ്ട്രീയ നേതൃത്വം നടത്തട്ടെ. കലാലയങ്ങളിൽ അക്രമങ്ങളല്ല ആശയ സംവാദങ്ങളാണ് വേണ്ടതെന്ന പ്രധാനപ്പെട്ടപാഠം ഒരിക്കലും വിസ്മരിക്കാതിരിക്കുക.

സ്വതന്ത്ര ജനകീയ ജുഡീഷ്യൻ കമ്മിഷൻ ശരിയായി ചൂണ്ടിക്കാണിച്ചതുപോലെ ജനാധിപത്യത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കൂടുതൽ ഉയർന്ന ജനാധിപത്യം മാത്രമാണ്. ആ ജനാധിപത്യബോധം, വിദ്യാർത്ഥി സംഘടനാ നേതാക്കൾക്ക് ആദ്യം പകർന്ന് നൽകണം. എങ്കിൽ മാത്രമേ വിദ്യാർത്ഥികൾക്ക് ജനാധിപത്യ പ്രബുദ്ധത കൈവരിക്കാനാവൂ. ഫാസിസ്റ്റ് ഭീഷണിയെ ചെറുക്കാനുള്ള ഏറ്റവും നല്ല പോംവഴി സ്വതന്ത്ര കലാലയങ്ങളാണ്. സ്വതന്ത്ര ജനാധിപത്യ കലാലയങ്ങളെ കീഴ്പ്പെടുത്താൻ ഫാസിസ്റ്റ് ശക്തികൾക്ക് കഴിയില്ല. അവർ, പ്രതിരോധത്തിന്റെ രാഷ്ട്രീയം വളർത്തിയെടുക്കും. ഭയരഹിതരായി പോരാടും. ബ്രിട്ടീഷ്‌വിരുദ്ധ പോരാട്ടത്തിന്റെ നാളുകളിൽ സ്വാതന്ത്ര്യത്തിന്റെ പതാകകൾ കൈയിലേന്തി തെരുവിലിറങ്ങാൻ പതിനായിരങ്ങൾ സന്നദ്ധരായി. അവരിൽ നല്ലൊരു പങ്ക് കലാലയങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളായിരുന്നുവെന്ന ചരിത്രപാഠം വിദ്യാർത്ഥി സംഘടനാനേതാക്കളെ, വിശേഷിച്ചും ഇടതുപക്ഷ ലേബലുള്ള നേതാക്കളെ ഞങ്ങൾ വിനയപൂർവം ഓർമ്മിപ്പിക്കുന്നു. ■

# ഏകാധിപത്യപരമായ യുഎപിഎ, എൻഐഎ ഭേദഗതികൾക്കെതിരെ ഒറ്റക്കെട്ടായി നിലകൊള്ളുക

**ഭീകരവാദത്തിനെതിരെയുള്ള കടുത്ത നടപടിയെന്ന പതിവ് പല്ലവിയുമായി ബിജെപി ഗവണ്മെന്റ് കഴിഞ്ഞ മാസം ദേശീയ അന്വേഷണ ഏജൻസി(NIA) ഭേദഗതി ബിൽ 2019 പാർലമെന്റിന്റെ ഇരുസഭകളിലും പാസാക്കിയെടുത്തിരിക്കുന്നു. കഷ്ടിച്ച് ഒരാഴ്ച കഴിഞ്ഞപ്പോൾ ഭീകരവാദത്തെ കർക്കശമായി തടയാനെന്ന കാര്യംതന്നെ പറഞ്ഞുകൊണ്ട് നിയമവിരുദ്ധ പ്രവർത്തനം(UAPA) തടയൽ ഭേദഗതി ബിൽ 2019ഉം പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷം ഉപയോഗപ്പെടുത്തി പാസാക്കിയെടുത്തു.**



മുംബൈയിലെ താജ് ഹോട്ടലിലുണ്ടായ ഭീകരാക്രമണത്തിന് തൊട്ടുപിന്നാലെ 2008 ഡിസംബർ 31ന് കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവണ്മെന്റ് ദേശീയ അന്വേഷണ ഏജൻസി നിയമം 2008 പാർലമെന്റിൽ പാസാക്കിയതിനെത്തുടർന്നാണ് എൻഐഎ എന്ന കേന്ദ്ര അന്വേഷണ ഏജൻസിക്ക് രൂപം നൽകിയതെന്നോർക്കുക. കോൺഗ്രസ്സ് സർക്കാരും ഭീകരവാദത്തെ നേരിടാനെന്ന ന്യായമാണ് ഉന്നയിച്ചത്. ഇപ്പോൾ കൊണ്ടുവന്ന ഭേദഗതിയിലൂടെ താഴെപ്പറയുന്ന മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്: 1) മനുഷ്യക്കടത്ത്, കള്ളനോട്ട്, ആയുധനിർമ്മാണവും വ്യാപാരവും, സൈബർ ഭീകരവാദം തുടങ്ങിയ മേഖലകളിലേയ്ക്കുകൂടി എൻഐഎയുടെ അധികാരപരിധി വിപുലപ്പെടുത്തി, 2) അധികാരപരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ രാജ്യത്തെവിടെയുമുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് തുല്യമായ അധികാരങ്ങൾ എൻഐഎ ഉദ്യോഗസ്ഥർക്കും ഉണ്ടാകും, 3) അധികാരപരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി സെഷൻസ് കോടതികളെ പ്രത്യേക കോടതികളായി ചുമതലപ്പെടുത്താൻ കേന്ദ്രഗവണ്മെന്റിന് അധികാരം നൽകുന്നു.

നിയമവിരുദ്ധ പ്രവർത്തനം തടയൽനിയമം ആകട്ടെ, 1967ലെ കോൺഗ്രസ് സർക്കാരിന്റെ കാലത്താണ് നിലവിൽ വരുന്നത്. 1963ലെ പതിനാറാം ഭരണഘടനാ ഭേദഗതിയുടെയും ദേശീയോദ്ഗ്രഥന കൗൺസിൽ നിയോഗിച്ച ദേശീയോദ്ഗ്രഥനവും പ്രാദേശികവാദവും സംബന്ധിച്ച കമ്മിറ്റിയുടെ ഐകകണ്ഠ്യേനയുള്ള ശുപാർശകളുടെയും ചുവടുപിടിച്ചുകൊണ്ടാണ് ഈ നിയമം പാസാക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യം, സമാധാനപരമായും നിരായുധമായും സംഘംചേരൽ, അസോസിയേഷനുകളും യൂണിയനുകളും രൂപീകരിക്കൽ എന്നീ അവകാശങ്ങളുടെമേൽ ന്യായമായ നിയന്ത്രണങ്ങൾ, രാജ്യത്തിന്റെ പരമാധികാരത്തിന്റെയും അന്തസ്സിന്റെയും താല്പര്യം മുൻനിർത്തിയും നിയമപരമായും ഏർപ്പെടുത്താൻ പാർലമെന്റിന് അധികാരം നൽകേണ്ടതുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് 16-ാം ഭരണഘടനാഭേദഗതി കൈക്കൊണ്ടത്. പിന്നീട് ഗവണ്മെന്റിൽ കൂടുതൽ ഏകാധിപത്യപരമായ അധികാരങ്ങൾ നിക്ഷിപ്തമാക്കാനായി 1969, 2004, 2008, 2012 എന്നീ വർഷങ്ങളിൽ നാലുതവണ ഈ നിയമം ഭേദഗതി ചെയ്തുകൊണ്ട് ഇതിന്റെ വകുപ്പുകൾ കൂടുതൽ കർക്കശമാക്കി. 2002ൽ ബിജെപി ഗവണ്മെന്റ് കൊണ്ടുവന്നതും 2004ൽ കോൺഗ്രസ് ഗവണ്മെന്റ് പിൻവലിച്ചതുമായ ഭീകരപ്രവർത്തനം തടയൽ നിയമ(POTA)ത്തിലെ പല വകുപ്പുകളും ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് യുഎപിഎ നിയമത്തിൽ ഭേദഗതികൾ കൊണ്ടുവന്നത്. മുംബൈ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ 2012ലും ഭേദഗതികൾ വന്നു. എൻഐഎ, യുഎപിഎ നിയമങ്ങൾ പോലെതന്നെ വേറെയും നിയമങ്ങൾ നിലവിലുണ്ട്. ആഭ്യന്തര സുരക്ഷാ നിയമം (MISA) 1971ൽ പാസാക്കുകയും 1975 മുതൽ 1977 വരെ നിലനിന്ന അടിയന്തരാവസ്ഥയുടെ നാളുകളിൽ പലതവണ ഭേദഗതി ചെയ്യുകയും രാഷ്ട്രീയ വിയോജിപ്പുകളെ അമർച്ച ചെയ്യാനായി ലക്കുകെട്ട രീതിയിൽ ഉപയോഗപ്പെടുത്തുകയും ചെയ്തു. 1977ൽ ഈ നിയമം പിൻവലിക്കപ്പെട്ടു. എന്നാൽ, സായുധസേന പ്രത്യേകാധികാര നിയമം 1958, (AFSPA), അവശ്യ സർവ്വീസ് സംരക്ഷണ നിയമം 1968, (ESMA) എന്നിവ ഇപ്പോഴും നിലവിലുണ്ട്. 1985 മുതൽ 1995 വരെ ഭീകരവാദവും വിഘടന പ്രവർത്തനങ്ങളും(തടയൽ) നിയമം(TADA) പ്രാബല്യത്തിലുണ്ടായിരുന്നു.

### എന്തുകൊണ്ട് ഇവ കരിനിയമങ്ങൾ എന്ന് വിളിക്കപ്പെടുന്നു

വഞ്ചന, ഭീകരവാദം, വ്യവസ്ഥിതിക്കെതിരായ പ്രവർത്തനം എന്നിവയുടെയൊക്കെപ്പേരിൽ ഒരാളെ നിയമം അനുശാസിക്കുന്ന മാർഗത്തിലൂടെയല്ലാതെ തടവിൽ പാർപ്പിക്കാൻ ഗവണ്മെന്റിന് അന്യായമായ അധികാരങ്ങൾ നൽകുന്നതും അതുകൊണ്ടുതന്നെ ജനാധിപത്യ വിരുദ്ധ സ്വഭാവമുള്ളതുമായ നിയമങ്ങളെയാണ് കരിനിയമങ്ങൾ എന്ന് പറയുന്നത്.

ബ്രിട്ടീഷ് രാജ്ഞിക്കെതിരെയുള്ള അരാജകത്വപരവും വിപ്ലവസ്വഭാവത്തിലുള്ളതുമായ പ്രവർത്തനങ്ങൾക്ക് തടയിടാനെന്ന പേരിൽ 1919 മാർച്ചിൽ ഇന്ത്യയിലെ ബ്രിട്ടീഷ് ഗവണ്മെന്റ് കൈക്കൊണ്ട റൗലറ്റ് ആക്ട് ഇവ്വിധത്തിലുള്ള ഒരു കരിനിയമമായിരുന്നു. ഇതുപ്രകാരം ഒരാളുടെ കരുതൽ തടങ്കൽ കാലാവധി അനിശ്ചിതമായി നീട്ടാനുള്ള അധികാരം ബ്രിട്ടീഷ് ഗവണ്മെന്റിന് ലഭിച്ചു. 1915ലെ ഡിഫൻസ് ഓഫ് ഇന്ത്യ ആക്ട് പ്രകാരവും വിചാരണ കൂടാതെ ഒരാളെ തടങ്കലിൽ വയ്ക്കാനുള്ള അധികാരമുണ്ടായിരുന്നു. സ്വാതന്ത്ര്യപ്പോരാളികളിൽനിന്ന് വിശേഷിച്ച് വിപ്ലവധാരയിൽനിന്ന് ബ്രിട്ടീഷ് ഭരണത്തിന് ഭീഷണി ഉണ്ടായ പശ്ചാത്തലത്തിലാണ് ഇവ ആവിഷ്കരിക്കപ്പെട്ടത്. 1919 ഏപ്രിലിൽ നടന്ന കുപ്രസിദ്ധമായ ജാലിയൻവാലാബാഗ് കൂട്ടക്കൊല മറ്റ് പല പ്രതിഷേധങ്ങൾക്കുമൊപ്പം റൗലറ്റ് ആക്ടിനെതിരായ പ്രതിഷേധത്തെക്കൂടി അമർച്ചചെയ്യാൻവേണ്ടി നടത്തിയതായിരുന്നു. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ മുതലാളിവർഗ്ഗത്തിന്റെ കാര്യസ്ഥന്മാരായ കോൺഗ്രസ്സും ബിജെപിയുമൊക്കെ നയിച്ച ഗവണ്മെന്റുകൾ കൈക്കൊണ്ട മേൽപറഞ്ഞ കരിനിയമങ്ങളൊക്കെ മുതലാളിത്ത ചൂഷണവാഴ്ചയുടെ താല്പര്യാർത്ഥം, റൗലറ്റ് ആക്ടിന്റെ മാതൃകയിൽ, അതിനേക്കാൾ ക്രൗര്യത്തോടെ പടച്ചുണ്ടാക്കിയതായിരുന്നു.

പൗരസ്വാതന്ത്ര്യവും രാഷ്ട്രീയ അവകാശങ്ങളും നിഷേധിക്കുന്നതിനും ന്യായമായ ജനകീയ സമരങ്ങളെ അമർച്ച ചെയ്യുന്നതിനും ഏകാധിപത്യപരമായി അമിതാധികാരങ്ങൾ കയ്യാളുന്നതിന് വേണ്ടിയാണ് ഗവണ്മെന്റ് ഈ കരിനിയമങ്ങളെല്ലാം പാസ്സാക്കിയെടുത്തത് എന്ന വസ്തുത ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. മുതലാളിവർഗ്ഗ താല്പര്യത്തെ സേവിക്കുന്ന ഏതൊരു ഗവണ്മെന്റിന്റെയും ജനവിരുദ്ധ നയങ്ങളെയും നടപടികളെയും ചോദ്യംചെയ്യാൻ ധൈര്യപ്പെടുന്നവരെ ഭീഷണിപ്പെടുത്താനും വിരട്ടാനും അവരുടെമേൽ പ്രതികാരനടപടികൾ കൈക്കൊള്ളാനുമുള്ള ഹീനമാർഗ്ഗം എന്നനിലയിലാണ് ഈ കരിനിയമങ്ങളുടെ ഓരോ വകുപ്പും പ്രയോഗിച്ചിട്ടുള്ളത്, അഥവാ ദുരുപയോഗം ചെയ്തിട്ടുള്ളത്.

ടാഡ, പോട്ട പോലുള്ള കരിനിയമങ്ങൾ ഇപ്രകാരം ഏറെക്കാലം കോൺഗ്രസ്, ബിജെപി സർക്കാരുകൾ ദുരുപയോഗം ചെയ്തിട്ടുണ്ട്. ഒരാൾ കുറ്റംചെയ്തു എന്ന സംശയത്തിന്റെ പേരിൽ, കേസ് ചാർജ്ചെയ്യാതെ, 180 ദിവസംവരെ തടവിൽ വയ്ക്കാനും ഏകപക്ഷീയവും ഹ്രസ്വവുമായ വിചാരണയ്ക്ക് വിധേയമാക്കാനും പോട്ട നിയമപ്രകാരം കഴിയും. സെപ്തംബർ 11ന്റെ ആക്രമണത്തിന് ശേഷം അമേരിക്ക കൈക്കൊണ്ട 'പാട്രിയട്ട്' എന്ന കരിനിയമത്തേക്കാൾ പലകാര്യങ്ങളിലും ഇത് കൂടുതൽ കർക്കശമാണ്. കേസ് അന്വേഷിക്കുന്നതിനും ഭീകരനെന്ന് സംശയം തോന്നുന്ന ഏതൊരാളെയും കുറ്റംചുമത്തി നിയമത്തനുമുന്നിൽ കൊണ്ടുവരുന്നതിനും അനിയന്ത്രിതമായ അധികാരങ്ങളാണ് മേൽപറഞ്ഞ നിയമം അന്വേഷണ ഏജൻസികൾക്ക് നൽകുന്നത്. ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്ത 4000 കേസുകളിൽ മൂന്നിൽ രണ്ടിലും പ്രതികൾക്കെതിരെ പ്രഥമദൃഷ്ട്യാ ഒരു തെളിവും ഉണ്ടായിരുന്നില്ല എന്ന വസ്തുതയാണ് പോട്ട നിയമം പുനപരിശോധിക്കാൻ നിയോഗിക്കപ്പെട്ട സമിതി കണ്ടെത്തിയത്. ടാഡ നിയമപ്രകാരം അറസ്റ്റുചെയ്യപ്പെട്ടവരിൽ ഭൂരിഭാഗവും സ്ത്രീകളും കുട്ടികളുമായിരുന്നു. എന്നിട്ടും ഭീകരവിരുദ്ധ വകുപ്പുകളാണ് അവരുടെമേൽ ചുമത്തിയിരുന്നത്. ജനങ്ങളെ കള്ളക്കേസിൽ കുടുക്കാൻ ഈ നിയമം എത്രത്തോളം ദുരുപയോഗം ചെയ്യപ്പെട്ടു എന്ന് വ്യക്തമാക്കുന്ന കാര്യങ്ങളാണിതെല്ലാം. ടാഡ നിയമം ദുരുപയോഗം ചെയ്യാനുള്ള പഴുതുകൾ നിയമത്തിൽ ത്തന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്വാഭാവിക നിയമത്തിനും അതിന്റെ പ്രക്രിയയ്ക്കും പകരം വയ്ക്കപ്പെടുന്നതോടെ ജനാധിപത്യത്തിന്റെ അടിസ്ഥാനങ്ങളെത്തന്നെ അത് കാർന്നുതിന്നുന്നു. 1985നും 95നും ഇടയ്ക്ക് നടന്ന ദുരുപയോഗങ്ങൾ കളവുകൾകൊണ്ട് മൂടിവയ്ക്കപ്പെട്ടു എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 1994 ജൂൺ 30നകം 67000 അറസ്റ്റുകൾ ഈ നിയമപ്രകാരം നടന്നു എന്ന് ഔദ്യോഗികമായി പറയുമ്പോൾ യഥാർത്ഥ കണക്ക് 76000നും മേലെയാണ്. കുറ്റങ്ങളൊന്നും ചുമത്താനാകാതെ 25 ശതമാനം കേസുകൾ പോലീസ്തന്നെ ഉപേക്ഷിച്ചിട്ടുണ്ട്. 35 ശതമാനം കേസുകൾ മാത്രമാണ് വിചാരണയ്ക്ക് വന്നത്. അതിൽ 95 ശതമാനവും വെറുതെ വിടുകയായിരുന്നു. വെറും 2 ശതമാനം പേരെ മാത്രമാണ് ശിക്ഷിച്ചിട്ടുള്ളത്. 67000 പേരെ അറസ്റ്റ് ചെയ്തതിൽ 60000 പേരും നിരപരാധികളായിരുന്നുവെന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന രാജേഷ് പൈലറ്റ് 1994 ആഗസ്റ്റ് 24ന് പാർലമെന്റിൽ സമ്മതിച്ചിട്ടുണ്ട്. 8000 കേസുകൾ വിചാരണയ്ക്ക് വന്നതിൽ 725 പേരെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്.

### ഫാസിസ്റ്റ് സ്വഭാവത്തിന്റെ കാര്യത്തിൽ, എൻഐഎ, യുഎപിഎ ഭേദഗതികൾ മുൻകാല കരിനിയമങ്ങളെ എല്ലാം കടത്തിവെട്ടുന്നു

സാധാരണക്കാർക്കുമേൽ ഭീകരവാഴ്ച അടിച്ചേല്പിക്കാനും രാഷ്ട്രീയ പ്രതിയോഗികളെയും യുക്തിവാദികളെയും മനുഷ്യാവകാശ പ്രവർത്തകരെയുമൊക്കെ വേട്ടയാടാനും നിർലജ്ജം നിയമവാഴ്ചയെ ചവുട്ടിമെതിക്കുകയാണ് ഭരണവർഗ്ഗത്തിന്റെ ഏറ്റവും വിശ്വസ്ത കാര്യസ്ഥന്മാരായ ബിജെപിയുടെ ഭരണം എന്നതിന് വിശദീകരണമാവശ്യമില്ല. അതോടൊപ്പം മതന്യൂനപക്ഷങ്ങളെയുംമറ്റും ഇരകളാക്കാനും കൊലപ്പെടുത്താനുമൊക്കെ ഈ മാർഗം അവലംബിക്കുന്നു. പൗരാവകാശങ്ങളെയും രാഷ്ട്രീയാവകാശങ്ങളെയും സംബന്ധിച്ച അന്താരാഷ്ട്ര കൺവെൻഷനിൽ (ICCPR) ഇന്ത്യയും പങ്കാളിയാണ്. ഇതുപ്രകാരം ഏതൊരാളെയും നിരപരാധി എന്നനിലയിൽ വേണം സമീപിക്കാൻ എന്നത് അന്തർദ്ദേശീയമായി അംഗീകരിക്കപ്പെട്ട മനുഷ്യാവകാശ തത്വമാണ്. ഒരാളിൽ കുറ്റം ആരോപിച്ചാൽ ആരോപിക്കുന്നയാളാ

(ശേഷം 7-ാം പേജിൽ)

(6-ാം പേജിൽ നിന്ന്)

ണ് തെളിയിക്കേണ്ടത് എന്നർത്ഥം. എന്നാൽ യുഎപിഎ നിയമം ഇതിന് വിപരീതമായ നിലപാടാണ് എടുക്കുന്നത്. ഒരാളിൽനിന്ന് ആയുധം കണ്ടെത്തിയതായോ ഒരു ഭീകരാക്രമണവുമായി ബന്ധപ്പെട്ട വസ്തുക്കളിൽ ആരുടെയെങ്കിലും വിരലടയാളം കണ്ടെത്തിയതായോ തെളിയിക്കാൻ ഗവണ്മെന്റിന് കഴിഞ്ഞാൽ, കുറ്റം ചെയ്തിട്ടില്ലെന്ന് തെളിയിക്കേണ്ട ബാദ്ധ്യത അയാളുടെ ചുമലിലാകും. ഇത് അടിസ്ഥാന ധാരണകൾക്ക് നിരക്കുന്നതല്ലെന്ന് മാത്രമല്ല കൃത്രിമമായി തെളിവുകളുണ്ടാക്കാൻ പ്രേരണയാകുകയും ചെയ്യും.

അതുപോലെതന്നെ കുറ്റം ചുമത്തുന്നതിൽ വെള്ളംചേർത്തും വിചാരണ പ്രഹസനമാക്കിയും ബിജെപി ഗവണ്മെന്റ് സ്വന്തക്കാരായ കുറ്റവാളികളെ സംരക്ഷിക്കുന്നതും പ്രതിയോഗികളെ കേസിൽ കുടുക്കുന്നതിന് അന്വേഷണ ഏജൻസികളെ ഉപയോഗപ്പെടുത്തുന്നതുമൊക്കെ എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ഹൈദരാബാദ് പള്ളിയിലെയും സംഝോത എക്സ്പ്രസിലെയും മാലെഗാവിലെയും സ്ഫോടനക്കേസുകളിലെ പ്രതികളെ വെറുതെ വിട്ടത് ഇതിന് നല്ല ഉദാഹരണമാണ്. ശേഖരിച്ച തെളിവുകൾ പോലും ഹാജരാക്കാതെ മനപ്പൂർവ്വം കേസ് ദുർബലമാക്കിയതിന് അന്വേഷണം നടത്തിയ എൻഐഎ, ജഡ്ജിയുടെ ശകാരത്തിന് ഇരയാകുക പോലുമുണ്ടായി. ഭീകരപ്രവർത്തനവും അക്രമവും നിയമവിരുദ്ധ പ്രവർത്തനങ്ങളുമൊക്കെ തടയുന്നതിൽ ബിജെപിക്ക് എത്രത്തോളം താല്പര്യമുണ്ടെന്ന് ഇത് വ്യക്തമാക്കുന്നുണ്ട്.

യുഎപിഎയിലെ പുതിയ വകുപ്പുകൾ പ്രകാരം ഒരു കോടതി കുറ്റവാളിയാണെന്ന് കണ്ടെത്തുന്നതിനുമുമ്പുതന്നെ ഒരു വ്യക്തിയെ ഏകപക്ഷീയമായും തന്നിഷ്ടപ്രകാരവും 'ഭീകരവാദി'യാക്കാൻ ഗവണ്മെന്റിന് കഴിയുമെന്ന സ്ഥിതിയാണുള്ളത്. ഇത് സ്വാഭാവിക നീതിയുടെ നഗ്നമായ ലംഘനമാണ്. അഭിപ്രായ സ്വാതന്ത്ര്യം മൗലികാവകാശമായി ഭരണഘടനയുടെ 19-ാം അനുച്ഛേദം പ്രഖ്യാപിച്ചിരിക്കെയാണ് ഒരു അഭിപ്രായം വച്ചുപുലർത്തുന്നതിന്റെ പേരിൽ, ഒരു ആശയം പിന്തുടരുന്നതിന്റെ പേരിൽ രാഷ്ട്രീയ പ്രതിയോഗികളെ വലയിൽ കുടുക്കാൻ അന്വേഷണ ഏജൻസികൾക്ക് ഈ കരിനിയമത്തിലൂടെ കഴിയുന്നത്. യുവമനസ്സുകളിൽ ഭീകരതയുടെ വിത്തുപാകുന്നതോ രോഷമുണർത്തുന്നതോ ആയ സാഹിത്യം വിതരണം ചെയ്യുന്നവരെയും അത്തരം പ്രചാരണം നടത്തുന്നവരെയുംകൂടി ഭീകരരായി കണക്കാക്കുമെന്ന് നിയമം ഭേദഗതി ചെയ്തപ്പോൾ ഗവണ്മെന്റ് വ്യക്തമാക്കിയിരുന്നു. അതായത്, ഗവണ്മെന്റിന് തോന്നുന്നവരെ ഭീകരനാക്കാം എന്നർത്ഥം. ആദ്യം യുഎപിഎ നിയമം കൊണ്ടുവന്ന കോൺഗ്രസ്, ബിജെപിയുടെ ഈ ഭേദഗതിയെ പിന്തുണയ്ക്കുകയാണ് ചെയ്തത്. വിവരാവകാശ നിയമം ഫലത്തിൽ പ്രവർത്തനരഹിതമാക്കിയതിന് ശേഷമാണ് ഈ ഭേദഗതികൾ കൊണ്ടുവരുന്നത്. ജനങ്ങൾ ഗവണ്മെന്റിൽനിന്ന് വിവരങ്ങൾ ആരായുന്നതിന്റെ ഒഴുക്ക് പൂർണമായും തടഞ്ഞില്ലെങ്കിലും നിയന്ത്രിക്കുകയെങ്കിലും ചെയ്യുക എന്നതായിരുന്നു ഉദ്ദേശം. യുഎപിഎ ഭേദഗതിമൂലം ഏതെങ്കിലും അറസ്റ്റിനെ സംബന്ധിച്ച് എന്തെങ്കിലും വിവരം ഒരാൾക്കും അറിയാൻ സാദ്ധ്യമല്ല എന്നുള്ളതാണ് സ്ഥിതി. പൗരാവകാശങ്ങളെയും അവശേഷിക്കുന്ന ജനാധിപത്യ മൂല്യങ്ങളെയുമാകെ മരവിപ്പിക്കുന്ന ഫലമാണ് ഇവ്വിധം അധികാരങ്ങളെല്ലാം ഗവണ്മെന്റിൽ കേന്ദ്രീകരിക്കുന്നതുവഴി ഉണ്ടാവുക.

### എങ്ങനെയാണ് കരിനിയമങ്ങൾ ജനാധിപത്യത്തിന്റെ അന്തകരാകുന്നത്

മുതലാളി വർഗത്തിന്റെ ആവിർഭാവകാലത്ത്, മത്സരാധിഷ്ഠിതമായ മുതലാളിത്ത സമ്പദ്ഘടനയുടെ രാഷ്ട്രീയ ഉപരിഘടനയെന്നനിലയിൽ, പാർലമെന്ററി ജനാധിപത്യം ആവിഷ്കരിക്കപ്പെടുകയും അതിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി നിരവധി നിയമങ്ങളും തത്വങ്ങളും കീഴ്വഴക്കങ്ങളുമൊക്കെ കൈക്കൊള്ളുകയുമുണ്ടായി എന്നകാര്യം ഇവിടെ പരാമർശിക്കേണ്ടതുണ്ട്. ഇവയിൽ ചിലതൊക്കെ നിയമങ്ങൾ എന്നനിലയിൽ നിയമപുസ്തകത്തിൽ ഉൾപ്പെടുത്തുകയോ ഭരണതത്വങ്ങൾ എന്നനിലയിൽ പരിഗണിക്കുകയോ ചെയ്തു. "നിയമത്തിന്റെ ദൃഷ്ടിയിൽ എല്ലാവരും തുല്യരാണ്", "ഏതൊരു പൗരനും സ്വതന്ത്രനായിരിക്കാനും അഭിപ്രായം പറയാനുമുള്ള അനിഷേധ്യമായ അവകാശമുണ്ടായിരിക്കും", "തെളിവില്ലാത്തതിന്റെ പേരിൽ അനേകം കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോയാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുത്", "ഒരാൾ മറ്റൊരാളുടെ മേൽ കുറ്റമാരോപിച്ചാൽ അത് തെളിയിക്കാനുള്ള ബാദ്ധ്യത ആരോപിക്കുന്ന ആൾക്കായിരിക്കും", "ചെയ്തകുറ്റം അനിഷേധ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സംശയാതീതമായി തെളിയിക്കപ്പെടുന്നില്ലെങ്കിൽ ആരെയും ശിക്ഷിക്കാനാകില്ല" ഇങ്ങനെ പോകുന്നു അവ. പരമാധികാര സഭയായ പാർലമെന്റ് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടതും നിയമനിർമാണാധികാരമുള്ളതും ആയിരിക്കും. അതിന്റെ പരമാധികാരം ജനങ്ങളുടെ പരമാധികാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. മുതലാളിവർഗമായിരുന്നു അന്ന് ജനാധിപത്യത്തിന്റെ പതാകവാഹകർ. നിയമനിർമാണ സഭയിൽ ഭൂരിപക്ഷമുള്ള പാർട്ടി ഗവണ്മെന്റ് രൂപീകരിക്കുന്നതോടെ ജനാധിപത്യത്തിന്റെ മൂന്ന് തൂണുകളിൽ രണ്ടെണ്ണമായ നിയമനിർമ്മാണ, ഭരണനിർവ്വഹണ സംവിധാനങ്ങൾ തമ്മിൽ താദാത്മ്യം പ്രാപിക്കാനുള്ള എല്ലാ സാദ്ധ്യതയുമുണ്ടെന്ന് ബൂർഷ്വാജനാധിപത്യ തത്വങ്ങൾക്ക് രൂപംകൊടുത്തവർ ഭയന്നിരുന്നു. അതുകൊണ്ടവർ വെവ്വേറെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നിർവ്വചിക്കുകയും അവ വ്യക്തമായി വേർതിരിച്ച് കാണിക്കുകയും ചെയ്തു. അതോടൊപ്പം ഏതെങ്കിലുമൊന്നിൽ അധികാരം കേന്ദ്രീകരിക്കപ്പെടാതിരിക്കാനും ഒന്നിന്റെ അധികാരപരിധിയിൽ മറ്റൊന്ന് കൈകടത്താതിരിക്കാനുമായി നിയമനിർമ്മാണം, ഭരണനിർവ്വഹണം, നീതിന്യായം എന്നീ മൂന്ന് തൂണുകൾക്കുമിടയിൽ സന്തുലിതാവസ്ഥ നിലനിർത്താനുള്ള സംവിധാനവും അവർ ആവിഷ്കരിച്ചു. ഒരാളുടെ സ്വാതന്ത്ര്യത്തിൽ മറ്റൊരാൾ ഇടപെടുകയാണെങ്കിൽ, ഒരു നീതിന്യായ കോടതിയിൽ തന്റെ പ്രവൃത്തി നിയമപരമാണെന്ന് സ്ഥാപിക്കാൻ അയാൾക്ക് ബാദ്ധ്യതയുണ്ടെന്നും അന്ന് നീതിന്യായ സംഹിത ഉദ്ഘോഷിച്ചിരുന്നു. അതായത്, പൗരന്റെ സ്വാതന്ത്ര്യത്തിൽ ഏകപക്ഷീയമായി ഭരണസംവിധാനം ഇടപെടുന്നതിൽനിന്ന് സംരക്ഷണം നൽകാനുള്ള പ്രത്യേക ഉത്തരവാദിത്വം നീതിന്യായ സംവിധാനത്തിൽ നിക്ഷിപ്തമായിരുന്നു എന്നർത്ഥം.

അങ്ങനെ, ആ ഘട്ടത്തിൽ ചരിത്രപരമായി സാധ്യമായിരുന്ന പരിധിവരെ മുതലാളിവർഗ്ഗത്തിന് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന അതിന്റെ മുദ്രാവാക്യം പ്രാവർത്തികമാക്കാൻ കഴിഞ്ഞു. ഭരണകൂടം നിയമവാഴ്ച ഉയർത്തിപ്പിടിക്കുന്ന കാലത്തോളമേ അധികാരത്തിലിരിക്കുന്നവരുടെ തന്നിഷ്ടപ്രകാരമുള്ള ചെയ്തികളിൽനിന്ന് ഭരിക്കപ്പെടുന്നവർക്ക് മതിയായ സംരക്ഷണമുണ്ടാകൂ എന്ന് മുതലാളിത്ത രാഷ്ട്രീയ വിശാരദന്മാർ അന്ന് പറഞ്ഞിരുന്നു. പൊതുജനങ്ങൾക്ക് വിമർശനമുന്നയിക്കാനും ചോദ്യംചെയ്യാനുമുള്ള അനുമതിയില്ലാതെ നിയമങ്ങൾ ഉണ്ടാക്കുകയും ഇല്ലാതാക്കുകയും ചെയ്യുമ്പോഴാണ് ഏകാധിപത്യവും സ്വേച്ഛാധിപത്യവുമൊക്കെ ഉണ്ടാകുന്നത്. സ്വാതന്ത്ര്യസങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാലും, ഒരു ഗവണ്മെന്റ് നിലകൊള്ളുന്നത് ധാർമികമായ കടമകളുടെ അടിത്തറയിലാണ് എന്ന കാര്യം പരിഗണിച്ചാലും അതിന്റെ ചെയ്തികൾ ശരിയാകുന്നത് അത് എത്രത്തോളം ജനങ്ങളുടെ അടിസ്ഥാന അവകാശങ്ങൾ സംരക്ഷിക്കുന്നുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും. രാഷ്ട്രീയാധികാരം കൈയ്യാളുന്നവരോടുള്ള ജനങ്ങളുടെ വിധേയത്വം പരമമല്ലെന്നും അത് അടിസ്ഥാന അവകാശങ്ങൾ അംഗീകരിച്ചുതരുന്നതിനെക്കൂടി ആശ്രയിച്ചിരിക്കുന്നുവെന്നും അവർ തുടർന്ന് പറയുന്നു.

എന്നാൽ കാലം മുന്നോട്ടുപോയപ്പോൾ മുതലാളിത്തം കുത്തകസ്വഭാവമാർജ്ജിക്കുകയും ഒടുവിൽ സാമ്രാജ്യത്വ ഘട്ടത്തിലെത്തുകയും ചെയ്തു. ഈ അത്യുന്നതഘട്ടം അതിന്റെ അപചയത്തിന്റെയും പിന്തിരിപ്പൻ സ്വഭാവത്തിന്റെയും ഘട്ടത്തെയാണ് അടയാളപ്പെടുത്തുന്നത്. പ്രതിസന്ധിയും ജീർണ്ണതയും നിറഞ്ഞ മുതലാളിത്തത്തിന്, അദ്ധ്വാനിച്ച് ജീവിക്കുന്ന ജനങ്ങൾക്ക് ഇനിയൊന്നും നൽകാനില്ല. അതിന്റെ രാഷ്ട്രീയ സംവിധാനമായ പാർലമെന്ററി ജനാധിപത്യംതന്നെ അഴിമതിയും അധാർമികതയുംമൂലം ചീഞ്ഞുനാറുകയാണ്. മുതലാളിത്തവ്യവസ്ഥ കൂടുതൽ പ്രതിസന്ധിയിലാകുംതോറും മുതലാളിവർഗം മരണാസന്നവും ജീർണവുമായ അതിന്റെ വർഗഭരണം ദീർഘിപ്പിക്കുന്നതിനായി ഭരണകൂടത്തിന്റെ കൈകളിൽ കൂടുതൽ അധികാരങ്ങൾ കേന്ദ്രീകരിക്കാനും ക്രമേണ ഫാസിസത്തിലേക്ക് നീങ്ങാനും ശ്രമിച്ചുകൊണ്ടിരിക്കുന്നു. സ്വന്തം സൃഷ്ടിയായ ഈ പ്രതിസന്ധി ഒഴിവാക്കാനാകാത്തതായതിനാൽ, ജീർണവും മരണാസന്നവുമായ മുതലാളിത്തവ്യവസ്ഥ നാൾ ചെല്ലുംതോറും പാർലമെന്ററി ജനാധിപത്യത്തെ നശിപ്പിക്കാനും ജനാധിപത്യ മൂല്യങ്ങളും തത്വങ്ങളും ചിട്ടയായി കവർന്നെടുക്കാനും അനീതി അരക്കിട്ടുറപ്പിക്കാനും ചൂഷിതജനതയ്ക്കുമേലുള്ള അടിച്ചമർത്തലിന്റെ കുരുക്ക് മുറുക്കാൻ പുതിയ തന്ത്രങ്ങൾ മെനഞ്ഞുകൊണ്ട് ഫാസിസ്റ്റ് ദംഷ്ട്രകൾ പുറത്തുകാട്ടാനും ശ്രമിച്ചുകൊണ്ടിരിക്കും. ഒടുങ്ങാത്ത ദുരിതങ്ങൾമൂലം ജനങ്ങൾ പ്രതിഷേധിക്കുകയും സമരപാത സ്വീകരിക്കുകയും ചെയ്യുമ്പോൾ അതിനെ അടിച്ചമർത്തിക്കൊണ്ട് അങ്ങേയറ്റം അഴിമതി നിറഞ്ഞതും കാലഹരണപ്പെട്ടതുമായ മുതലാളിത്ത വാഴ്ച തുടർന്നുകൊണ്ടുപോകാനുള്ള അവസാന ശ്രമമെന്നനിലയിൽ മുതലാളിത്ത സാമ്രാജ്യത്വ ശക്തികൾ ഫാസിസത്തിൽ അഭയം പ്രാപിക്കുന്നു. ഏതൊരു മുതലാളിത്ത രാജ്യത്തെയും സംബന്ധിച്ചിടത്തോളം ഏറെക്കുറെ ഇതാണ് യാഥാർത്ഥ്യം. ഒന്നൊന്നായി കരിനിയമങ്ങൾ പടച്ചുണ്ടാക്കുന്നതിനെ ഈ ചരിത്ര പശ്ചാത്തലത്തിൽവേണം നമ്മൾ മനസ്സിലാക്കാൻ.

### കരിനിയമങ്ങൾ റദ്ദ് ചെയ്യിക്കാൻ ശക്തവും പ്രബുദ്ധവുമായ സമരം വളർത്തിയെടുക്കുക

യുഎപിഎ, എൻഐഎ ഭേദഗതികൾ പോലുള്ള കരിനിയമങ്ങളെക്കുറിച്ച് വിലപിച്ചിട്ടുമാത്രം കാര്യമില്ല. കോടതികളെ സമീപിക്കുന്നതുകൊണ്ടും ഈ തകർച്ച ഒഴിവാക്കാനാകില്ല. ഇത്തരം ഫാസിസ്റ്റ് ഗൂഢാലോചനകൾക്കെതിരെ യോജിച്ചതും സംഘടിതവും പ്രബുദ്ധവുമായ ജനകീയ ചെറുത്തുനിൽപ്പ് വളർത്തിയെടുക്കുകയാണ് വേണ്ടത്. സാമൂഹ്യ പുരോഗതിയുടെ പ്രയാണത്തിൽ പാർലമെന്ററി ജനാധിപത്യം അന്തിമവാക്കല്ല എന്ന സത്യം തിരിച്ചറിയേണ്ട സന്ദർഭമാണിത്. അത് ഒരു ചരിത്രഘട്ടം മാത്രമാണ്.

ആ ഘട്ടത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടുകഴിഞ്ഞാൽ അതിനെക്കുറിച്ച് വിലപിച്ചിട്ട് കാര്യമില്ല. അതാണ് വിവേകപൂർവ്വമായ നിലപാട്. മാനവരാശിയെ ചൂഷണത്തിന്റെ നുകത്തിൽനിന്ന് മോചിപ്പിക്കാനുള്ള പോരാട്ടത്തിൽ മുന്നേറുന്നതിലൂടെ എല്ലാ രാഷ്ട്രീയ ജീർണതകളും തുടച്ചുനീക്കുക എന്ന മാർഗമാണ് ശരിയെന്ന് നമ്മുടെ ധിഷണ നമ്മെ ഓർമപ്പെടുത്തുന്നു. ചരിത്രത്തിന്റെ ആ നിയോഗം നിറവേറ്റുന്നതിന് അനുപൂരകമായിട്ടുവേണം കരിനിയമങ്ങൾ അപ്പാടെ റദ്ദ് ചെയ്യിക്കുന്നതിനുള്ള വമ്പൻ ജനകീയ പ്രക്ഷോഭവും വികസിപ്പിച്ചെടുക്കാൻ. ■

**പൗരസ്വാതന്ത്ര്യവും രാഷ്ട്രീയ അവകാശങ്ങളും നിഷേധിക്കുന്നതിനും ന്യായമായ ജനകീയ സമരങ്ങളെ അമർച്ച ചെയ്യുന്നതിനും അമിതാധികാരങ്ങൾ കയ്യാളുന്നതിന് വേണ്ടിയാണ് ഗവണ്മെന്റ് ഈ കരിനിയമങ്ങളെല്ലാം പാസ്സാക്കിയെടുത്തത് എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. മുതലാളിവർഗ്ഗത്തെ സേവിക്കുന്ന ഏതൊരു ഗവണ്മെന്റിന്റെയും ജനവിരുദ്ധ നയങ്ങളെ ചോദ്യംചെയ്യാൻ ധൈര്യപ്പെടുന്നവരുടെമേൽ പ്രതികാരനടപടികൾ കൈക്കൊള്ളാനുമുള്ള ഹീനമാർഗ്ഗം എന്നനിലയിലാണ് ഇവയുടെ ഓരോ വകുപ്പും പ്രയോഗിച്ചിട്ടുള്ളത്.**

# വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി

**സമുന്നത മാർക്സിസ്റ്റ് തത്വചിന്തകനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷ് 1967 ൽ കൽക്കത്തയിൽ നടന്ന ഒരു സ്കൂൾ ഓഫ് പൊളിറ്റിക്സിൽ, വിജ്ഞാന ശാസ്ത്രത്തെക്കുറിച്ചും വൈരുദ്ധ്യാത്മക ഭൗതികവാദത്തെ ആഴത്തിൽ വിശകലനം ചെയ്തുകൊണ്ടും നടത്തിയ പ്രസംഗമാണ് 'വിജ്ഞാന ശാസ്ത്രം, വൈരുദ്ധ്യാത്മക ഭൗതികവാദം, വിപ്ലവ ജീവിതം എന്നിവയെപ്പറ്റി' എന്ന കൃതിക്ക് ആധാരമായിട്ടുള്ളത്. അതിന്റെ മലയാള പരിഭാഷയുടെ മൂന്നാം ഭാഗമാണ് ഈ ലക്കത്തിൽ കൊടുത്തിരിക്കുന്നത്. ജൈവപരിണാമം, പദാർത്ഥവും ചിന്തയും തമ്മിലുള്ള ബന്ധം, തത്വചിന്തയുടെ ധർമ്മം, സിദ്ധാന്തവും പ്രയോഗവും തുടങ്ങിയ വിഷയങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്.**

### ജൈവപദാർത്ഥം അജൈവ പദാർത്ഥത്തിൽനിന്നും രൂപംകൊണ്ടു

മാറ്റവും വികാസവുമായി ബന്ധപ്പെട്ട്, മറ്റൊരു പ്രധാന വിഷയത്തിലും ചർച്ച ആവശ്യമുണ്ട്. നമുക്കറിയാം, പദാർത്ഥലോകം മനുഷ്യന്റെ ബോധത്തിൽനിന്നും സ്വതന്ത്രമായാണ് നിലകൊള്ളുന്നത്. മനുഷ്യൻ നിലനിൽക്കുന്നതു കൊണ്ട് ലോകം നിലനിൽക്കുന്നു എന്നതല്ല സത്യം. ശാസ്ത്രത്തിൽനിന്നും ചരിത്രത്തിൽനിന്നും നാം പഠിച്ചിട്ടുള്ളത്, മനുഷ്യൻ ഭൂമിയിൽ ആവിർഭവിക്കുന്നതിനുമുമ്പുതന്നെ പദാർത്ഥലോകം നിലനിന്നിരുന്നു എന്നതാണ്. പദാർത്ഥലോകത്തിലെ എല്ലാത്തിനും വികാസത്തിന്റെ ഒരു ചരിത്രമുണ്ട്. ജൈവലോകത്തിനും വികാസത്തിന്റെ വളരെ നീണ്ട ഒരു ചരിത്രമുണ്ട്. ഇത് ശാസ്ത്രവും ചരിത്രവും അംഗീകരിച്ച ഒരു വസ്തുതയാണ്. മനുഷ്യന്റെ വരവിനുമുമ്പേ തന്നെ ജീവൻ ഉദ്ഭവിച്ചിരുന്നു, അസംഖ്യം ജീവജാതികളുടെ പരിണാമപരമായ മാറ്റവും സംഭവിച്ചിരുന്നു. അതിനുംമുമ്പുതന്നെ, അജൈവപദാർത്ഥത്തിൽനിന്നും ജൈവപദാർത്ഥം രൂപംകൊണ്ടിരുന്നു. പദാർത്ഥലോകത്ത് അടച്ചുപൂട്ടിയ രണ്ട് വ്യത്യസ്ത അറകളല്ല അജൈവലോകവും ജൈവലോകവും എന്നത് ഇന്ന് സംശയരഹിതമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. അതായത്, പരസ്പരബന്ധമില്ലാത്ത വ്യത്യസ്ത ലോകങ്ങളല്ല അവ. ശാസ്ത്രവിദ്യാർത്ഥികൾക്ക് അറിയാം, അജൈവസംയുക്തങ്ങളിൽനിന്നാണ് ജൈവസംയുക്തങ്ങൾ രൂപംകൊണ്ടിട്ടുള്ളത്. എല്ലാ ജീവജാലങ്ങളും പ്രധാനമായും ജൈവസംയുക്തങ്ങൾ കൊണ്ടാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതും. പണ്ട് പലരും വിശ്വസിച്ചിരുന്നതുപോലെ, അനാദികാലംമുതൽക്കേ ജൈവ-അജൈവ പദാർത്ഥങ്ങൾ തൊട്ടുചേർന്ന് നിലനിൽക്കുകയായിരുന്നു എന്നത് വാസ്തവമല്ല. ഒരു കൂട്ടം ശാസ്ത്രജ്ഞർ ഒരിക്കൽ വിശ്വസിച്ചിരുന്നതുപോലെ പരീക്ഷണശാലയിൽ ജൈവസംയുക്തങ്ങൾ തയ്യാറാക്കാൻ സാധിക്കുകയില്ല എന്നതും, വളരെ മുമ്പേതന്നെ തെറ്റാണെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞു. പ്രത്യേകിച്ചും, പരീക്ഷണശാലയിൽവച്ച് യൂറിയ നിർമ്മിച്ചതുതന്നെ സംശയത്തിനുള്ള വാതിലുകൾ കൊട്ടിയടച്ചിരുന്നു. അജൈവസംയുക്തങ്ങളിൽനിന്നും ജൈവസംയുക്തങ്ങൾ നിർമ്മിക്കാമെന്നത് ഇന്ന് തെളിയിക്കപ്പെട്ട വസ്തുതയാണെന്നുമാത്രമല്ല, അത്തരം അനവധി ജൈവസംയുക്തങ്ങൾ അജൈവസംയുക്തങ്ങളിൽനിന്നും ഉത്പാദിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ജീവന്റെ ഉദ്ഭവത്തെയും അല്ലെങ്കിൽ, ജീവന്റെയും ജീവരൂപങ്ങളുടെ വിവിധ ഘടകങ്ങളുടെയും ആവിർഭാവത്തെയും, ഭൂമിയിൽ പ്രത്യക്ഷപ്പെട്ട ആദ്യജീവിയെയും കുറിച്ചുള്ള ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നതിൽ ഇന്ന് വളരെയധികം പുരോഗതി കൈവരിച്ചു എന്ന് സംശയമില്ലാതെ പറയാം. പക്ഷേ, ശാസ്ത്രത്തിന് അനാവരണം ചെയ്യേണ്ടത് ഇനിയും വളരെയധികം ഉണ്ട്. എനിക്ക് ബോധ്യമുണ്ട്, ഉദാഹരണത്തിന്, വൈറസിനെക്കുറിച്ച് ഇനിയും ഏറെ അറിയേണ്ടതായിട്ടുണ്ട്. പക്ഷേ ഒരു സംഗതി അറിയാം. വൈറസ് ജീവനുള്ള പദാർത്ഥമായും ജീവനില്ലാത്ത പദാർത്ഥമായും നിലനിൽക്കുന്നു. ഒരു ജീവിയുടെ ശരീരത്തിനുള്ളിൽ ആയിരിക്കുമ്പോൾ അത് ജീവനുള്ള ഒന്നിനെപ്പോലെ തന്നെ പ്രവർത്തിക്കുന്നു. മറ്റ് പരിതസ്ഥിതികളിൽ, ഉദാഹരണത്തിന് ഒരു കുപ്പിക്കുള്ളിൽ സൂക്ഷിക്കുമ്പോളാകട്ടെ ജീവനുള്ള ഒന്നിനെപോലെ വൈറസ് പെരുമാറുകയേയില്ല. മറ്റേതൊരു രാസപദാർത്ഥവുംപോലെ, നിശ്ചേഷ്ടമായ പദാർത്ഥംപോലെ മാത്രമാകും അപ്പോൾ അത്. വൈറസിനെക്കുറിച്ച് കൂടുതൽ കൃത്യമായി അറിയുന്നതോടെ ജീവന്റെ ഉദ്ഭവത്തെപ്പറ്റിത്തന്നെ കൂടുതൽ വിവരം നേടാൻ സാധിക്കുമെന്നാണ് ശാസ്ത്രജ്ഞർ പ്രതീക്ഷിക്കുന്നത്.

സൈദ്ധാന്തിക പാഠങ്ങൾ




### ഡാർവിൻ – ആധുനിക ജീവശാസ്ത്രത്തിന്റെ അഗ്രഗാമി

ജൈവലോകത്തിന്റെ വികാസത്തിന്റെ ചരിത്രത്തിൽ, ആദ്യചിന്തകളൊക്കെയും പുരാണങ്ങളിലെ ആഖ്യാനങ്ങൾ പോലെ തികച്ചും സാങ്കൽപ്പികമായിരുന്നു. അന്നത്തെ സമൂഹത്തിൽ നിലനിന്നിരുന്ന ഈ ആശയങ്ങൾ കൂടുതലും മതപരമായ ചിന്തയിലും വിശുദ്ധപുസ്തകങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞവയായിരുന്നു. ഇത്തരം ചിന്തകളുടെ അടിവേരിൽ ആദ്യം വെട്ടിയത് ഡാർവിനാണ്. ജൈവലോകത്തെ വികാസങ്ങൾ, നിയമങ്ങൾക്ക് അനുസൃതമാണെന്ന് അദ്ദേഹം സ്ഥാപിച്ചു. ഈ വികാസങ്ങൾക്ക് അതിന്റേതായ ചരിത്രമുണ്ട്. ജൈവലോകത്തെ ഈ മാറ്റങ്ങൾ അവ്യവസ്ഥിതമായി വന്നുചേർന്നതല്ല. ജൈവലോകത്തെ വികാസത്തിന്റെ പാതയിൽ, ഏകകോശ അമീബയും പ്രോട്ടോസോവയുടെ ലളിതമായ പ്രഥമവർഗ്ഗവും രൂപം കൊണ്ടതിൽ തുടങ്ങി – അതാകട്ടെ, ജീവകോശങ്ങളുടെ പ്രധാന ഘടകമായ പ്രോട്ടോപ്ലാസത്തിൽ തുടങ്ങിയ പ്രക്രിയയിലൂടെ രൂപം കൊണ്ടു; ഇവയിൽ ചിലതൊക്കെ കുഴമ്പു രൂപത്തിലുള്ള ജീവികളായിരുന്നു – കോശങ്ങൾ സ്വയം വിഭജിക്കാൻ ആരംഭിച്ചു. അങ്ങനെ വിഭജനത്തിലൂടെയുള്ള പ്രത്യുൽപ്പാദനം ആരംഭിച്ചു. അതുവരേയും, പുരുഷ-സ്ത്രീ രൂപങ്ങൾ തമ്മിൽ ലൈംഗികമായി ഒന്നാകുന്നതിലൂടെയുള്ള പ്രത്യുൽപ്പാദനം സംഭവിച്ചിരുന്നില്ല. ഈ പ്രക്രിയയിൽ, സംഘർഷങ്ങളുടേയും ഇടപഴകലുകളുടേയും മാറ്റങ്ങളുടേയും ഒരു പരമ്പരയിലൂടെ വിവിധങ്ങളായ എല്ലാ ജീവിവർഗ്ഗങ്ങളും ഉരുത്തിരിഞ്ഞു. ഡാർവിന്റെ പരിണാമസിദ്ധാന്തം അവകാശപ്പെട്ടത്, വാനരസദൃശരായ പൂർവപിതാക്കളുടെ സമാനഗണത്തിൽ നിന്നും പരിണമിച്ചതിലൂടെയാണ്, ഇന്നത്തെ കുരങ്ങുകളുടേയും ആൾക്കുരങ്ങുകളുടേയും, തമ്മിൽ പിന്നീട് അകന്നു പോയ, വംശാവലികൾ ഉണ്ടായത്. പിന്നീട്, ആൾക്കുരങ്ങുകളുടെ വംശാവലിയിൽ നിന്നും ആന്ത്രോപ്പോയ്ഡ് ആൾക്കുരങ്ങുകളും, തുടർന്ന് ഒരു പ്രത്യേക വംശാവലിയായി ആധുനിക മനുഷ്യനും പരിണമിച്ചു. ഡാർവിന്റെ ഈ സിദ്ധാന്തം ദൈവവിശ്വാസത്തെ ക്ഷയിപ്പിക്കുകയും, ആധുനിക ജീവശാസ്ത്രം ജനിക്കുകയും ചെയ്തു എന്നത് സത്യമാണ്. പക്ഷേ, ഡാർവിന്റെ ചിന്തകൾക്ക് ചരിത്രപരമായ പരിമിതികൾ കൊണ്ട് ചില വിടവുകൾ ഉണ്ടായിരുന്നു എന്നതും അതേ സമയം തന്നെ സത്യമാണ്. ഈ വിടവുകൾ മാറ്റത്തിന്റെ രണ്ട് വശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നവയാണ്. ശാസ്ത്രത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ഇവ, അളവിലുള്ള മാറ്റവും ഗുണത്തിലുള്ള മാറ്റവുമാണ്. ക്രമേണയുള്ള മാറ്റത്തിന്റെ, അഥവാ പരിണാമത്തിന്റെ പാത ഡാർവിൻ തിരിച്ചറിഞ്ഞു. പക്ഷേ മാറ്റത്തിന്റെ ആ പ്രക്രിയയിൽ, തുടർച്ചയും ഭംഗവും ഒരുമിച്ച് നിലനിൽക്കുന്നുവെന്നും, അളവുപരമായ മാറ്റം അനിവാര്യമായും ഗുണപരമായ മാറ്റത്തിലേക്ക് നയിക്കുമെന്നും തിരിച്ചറിയുന്നതിൽ അദ്ദേഹം പരാജയപ്പെട്ടു. ജൈവപരിണാമത്തിനു പിന്നിലെ കാരണമോ, എന്തുകൊണ്ട് പരിണാമം തന്നെ നടക്കുന്നു എന്നതു സംബന്ധിച്ചോ, വ്യക്തമായ ഒരു വിശദീകരണം നൽകുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. ശാസ്ത്രത്തിന്റെ പിന്നീടുണ്ടായ കണ്ടുപിടിത്തങ്ങളാണ് ഡാർവിന്റെ സിദ്ധാന്തത്തെ കൂടുതൽ പരിപോഷിപ്പിക്കുവാനും വിപുലീകരിക്കുവാനും സഹായകമായത്. ഇതെല്ലാം ശാസ്ത്രവിദ്യാർത്ഥികൾക്ക് സുപരിചിതമാണ്.

### സാങ്കൽപ്പികമായ തോന്നലുകൾ സത്യത്തിന്റെ മാനദണ്ഡമല്ല

കാര്യങ്ങൾ മനസ്സിലാക്കുന്നതിലും സ്വാംശീകരിക്കുന്നതിലും വ്യക്തികൾതമ്മിൽ അന്തരമുണ്ടെന്ന് മനസ്സിനെയും ചുറ്റുപാടുകളെയും സംബന്ധിച്ച ചർച്ചയിൽ നാം കണ്ടുകഴിഞ്ഞു. ഈ സാഹചര്യത്തിൽ നാം എങ്ങനെ സത്യം നിർണ്ണയിക്കും? തന്റെ ചിന്തയാണ് ശരി എന്നു വിശ്വസിക്കുവാനും ആ അവകാശവാദം ശക്തിയുക്തം സ്ഥാപിക്കുവാനും ഓരോരുത്തർക്കും അവകാശമുണ്ട്. എന്നാൽ ദൃഢപ്രസ്താവം നമ്മളെ സത്യത്തിലേക്ക് നയിക്കില്ല. കാരണം സത്യമെന്നത് ഒരാളുടേയും ആശയങ്ങളേയോ തോന്നലുകളേയോ ആശ്രയിച്ചല്ല നിൽക്കുന്നത്. സത്യം മനസ്സിലാക്കുവാൻ വിമർശനാത്മകമായ പരിശോധനയിലേക്കാണ്, പ്രയോഗത്തിൽ കൊണ്ടുവരുന്നതിലേക്കാണ്, ഒരാൾ പോകേണ്ടത്. ആശയവാദ തത്വശാസ്ത്രങ്ങളിൽ ഭൂരിഭാഗത്തിലും പ്രയോഗം എന്ന കാര്യം ഇല്ല. അവയിൽ പലതും പുലർത്തുന്ന ആശയം, തത്വചിന്ത ഗ്രഹിക്കുന്നത് ഐഹികമായ ജീവിതത്തിനു വേണ്ടിയല്ല, ആത്മസംതൃപ്തിക്കുവേണ്ടിയാണ് എന്നതത്രേ. ഈ കാര്യം നമുക്ക് മറ്റൊരു കോണിൽ നിന്നും പരിശോധിക്കാം. നമുക്കറിയാം, ഗൗതമബുദ്ധൻ, യേശു ക്രിസ്തു, മുഹമ്മദ് നബി, ശങ്കരാചാര്യർ എന്നിവരെല്ലാം വളരെ ഉന്നതരായ ശ്രേഷ്ഠവ്യക്തിത്വങ്ങളായിരുന്നു എന്ന് നമുക്കറിയാം. അവരെല്ലാംതന്നെ മതാചാര്യന്മാർ ആയിരുന്നു, പക്ഷേ ഓരോരുത്തരും മറ്റൊരാളിൽ നിന്നും വ്യത്യസ്തമായ ആശയമാണ് മതത്തെ കുറിച്ച് പുലർത്തിയിരുന്നത്. ഒരാൾ സത്യമെന്നു പ്രചരിപ്പിച്ചത്, അടുത്തയാൾ ഖണ്ഡിക്കാൻ ശ്രമിച്ചു, പകരം വ്യത്യസ്തമായ ഒരു ആശയം സത്യം എന്നനിലയിൽ ഉദ്ഘോഷിച്ചു. ഇതിൽ ഏതു മഹാത്മാവിനെയാണ് നാം തെരഞ്ഞെടുക്കേണ്ടത്? ഇതിൽ ആരാണ് ശരി, ആരാണ് തെറ്റ് എന്ന് നമ്മൾ എങ്ങനെ തിരിച്ചറിയും? നമ്മുടെ വിദ്യാലയങ്ങളിൽ ശങ്കരാചാര്യരെ കുറിച്ചുള്ള പാഠങ്ങൾ പഠിപ്പിക്കുമ്പോൾ, അദ്ദേഹത്തെ ഒരു ദൈവമായിട്ടാണ് കുട്ടികളുടെ മുന്നിൽ അധ്യാപകർ അവതരിപ്പിക്കുന്നത്. അദ്ദേഹം മെതിയടിയും ധരിച്ചുകൊണ്ട് ഗോദാവരി നദിക്കു കുറുകെ നടന്നുവെന്നാണ് പറയപ്പെടുന്നത്. നോക്കൂ, തത്വചിന്താരംഗത്തെ ഉന്നതനായ ഈ യഥാർത്ഥ മനുഷ്യൻ, ശ്രുതിയിലും സ്മൃതിയിലുമായി ചിതറിക്കിടന്നവയെല്ലാം ഒരുമിച്ചു കൂട്ടിയ, രാജ്യത്ത് വേദാന്തത്തിന്റെ ഏറ്റവും കരുത്തനായ പ്രയോക്താവ് – അദ്ദേഹത്തെ ദൈവമായി പ്രഖ്യാപിക്കേണ്ടി വന്നിരിക്കുന്നു. കാരണം അദ്ദേഹത്തെ ദൈവമാക്കാതെ തരമില്ല. പുരാതനകാലത്ത്, ആശയവാദ തത്വചിന്തകരുടെ ഇടയിൽ ഒരു വഴക്കം ഉണ്ടായിരുന്നു. എപ്പോൾ ഒരാൾ

*(ശേഷം 9-ാം പേജിൽ)*

# എല്ലാ ശാസ്ത്രങ്ങളുടെയും ഉദ്ഗ്രഥനത്തിലൂടെ നിലവിൽവന്ന തത്വശാസ്ത്രമാണ് ദ്വന്ദ്വാത്മക ഭൗതികവാദം

(8-ാം പേജിൽ നിന്ന്)

മറ്റൊരാളെ വാദത്തിൽ തോൽപ്പിക്കുന്നുവോ, അപ്പോൾ വിജയിച്ചയാൾ അവകാശപ്പെട്ടിരുന്നു, ഞാൻ സ്വീകരിക്കപ്പെട്ടിരിക്കുന്നു, മറ്റേയാൾ സ്ഥാനഭ്രഷ്ടനായിരിക്കുന്നു – അങ്ങനെ എന്റെ ആധികാരികത ഇതിനാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെയായിരുന്നു അക്കാലത്ത് ഒരു സത്യത്തിന്റെ സ്ഥാനത്ത് മറ്റൊന്ന് സ്ഥാപിക്കപ്പെട്ടത്. സത്യം ഒരിക്കലും പരീക്ഷണത്തിന്റെയോ വിശകലനത്തിന്റെയോ മാർഗ്ഗത്തിൽ സ്ഥാപിക്കപ്പെട്ടിരുന്നില്ല. അത് ആവശ്യമായി തോന്നിയതുമില്ല. അവർക്ക് അത് വേണമെന്നുണ്ടായില്ല. ഈ വീക്ഷണത്തിൽ, വിജ്ഞാന ശാസ്ത്രത്തിന്റെ(Theory of Knowledg-e) മേഖലയിൽ മാർക്സിസം ഒരു അടിസ്ഥാന വിഷയം ഉയർത്തുന്നു. അതായത്, എല്ലാം പരീക്ഷണത്തിന്റെയും ചരിത്രത്തിന്റെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ വേണം വിലയിരുത്താൻ, അല്ലാതെ ഏതെങ്കിലും ഒരു വ്യക്തിയുടെ തോന്നലിന്റെയോ ആശയത്തിന്റെയോ പുറത്ത് ആകരുത്.

പരീക്ഷണങ്ങളിലും തെറ്റുകൾ സംഭവിക്കാമെന്ന് വേണമെങ്കിൽ ഒരാൾക്ക് വാദിക്കാം. ശരിയാണ്, ഒരു ഫലനിർണ്ണയത്തിൽ എത്തിച്ചേരുന്നതിനായുള്ള വാദപ്രതിവാദങ്ങളും, പര്യാലോചനകളും, പരീക്ഷണവും അന്വേഷണവും ഒക്കെ ഉണ്ടെന്ന് വരികിലും, തെറ്റുകൾ സംഭവിക്കാം. ചോദ്യം ഇതാണ് – ഏതിലാണ് തെറ്റുകൾ വരുത്തുവാനുള്ള കൂടുതൽ സാധ്യതയുള്ളത്, ഒരാൾ, അയാളെത്ര മഹാനാണെങ്കിൽ തന്നെയും, അയാളുടെ വ്യക്തിപരമായ വിശ്വാസവും ബോധ്യവും മാത്രം നമ്മൾ ആധാരമാക്കുന്നതിലോ, അതോ, പരീക്ഷണവും അനുഭവവും, വിമർശനാത്മകമായ വിശകലനവും അടിസ്ഥാനമാക്കുന്നതിലോ? ദ്വന്ദ്വാത്മക ഭൗതികവാദം ഇതിൽ രണ്ടാമത്തെ രീതിയാണ് ആശ്രയിക്കേണ്ടത് എന്നതിൽ ഉറച്ചു നിൽക്കുന്നു. കാരണം, തെറ്റിനുള്ള സാധ്യതകൾ ഈ രീതിയിൽ വളരെ കുറവാണ്. മാത്രവുമല്ല, തെറ്റുകൾ സംഭവിച്ചാലും, അത് തിരുത്തുവാനുള്ള വഴിയും ഈ രീതിയിലൂടെ മാത്രമേ കണ്ടെത്താനാകൂ, അല്ലാതെ ഒരാളുടെ വ്യക്തിപരമായ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തി തീർച്ചയായും അതിനു സാധിക്കുകയില്ല. ഒരു വ്യക്തിയുടെ സ്വകാര്യമായ ബോധ്യത്തെ ആശ്രയിക്കുന്നതിലാണ് തെറ്റു വരുത്താനുള്ള സാധ്യത കൂടുതലായി ഉണ്ടാകുന്നത്. എന്നാൽ, പരീക്ഷണത്തിന്റെയും വിമർശനാത്മകമായ വിശകലത്തിന്റെയും അടിസ്ഥാനത്തിലുള്ള നിഗമനമോ സ്വാംശീകരണമോ എന്നത്തേക്കും സാധുവാകണമെന്നില്ലായെന്നും, അത് തെളിയിക്കപ്പെടേണ്ടതുണ്ടെന്നതും നാം ഓർക്കണം. കാരണം, കൈവന്ന ഫലത്തെ പ്രയോഗത്തിൽ കൊണ്ടുവരേണ്ടതുണ്ട്, അല്ലാതെ അത് ചാരുകസേരകളിൽ ഇരുന്നുള്ള ചർച്ചകൾക്ക് വേണ്ടിയുള്ളതല്ല. എപ്പോൾ ഒരു ആശയത്തെ പ്രയോഗത്തിൽ കൊണ്ടുവരുന്നുവോ, യാഥാർത്ഥ്യവുമായുള്ള സംഘർഷം അവിടെ അനിവാര്യമാണ്. യാഥാർത്ഥ്യവുമായുള്ള ഈ സമരത്തിലൂടെ, കൈവരിച്ച ഫലം ശരിയോ തെറ്റോ എന്ന് പരിശോധിക്കപ്പെടും. ഈ പരിശോധന തന്നെ അന്തിമമാണെന്നതും ശരിയായ ഒരു മനസ്സിലാക്കലല്ല. എന്നാൽ ആശയവാദ തത്വശാസ്ത്രങ്ങളിൽ, സത്യം ഇങ്ങനെ പരീക്ഷിച്ചു വിജയിച്ചുവോ എന്ന ചോദ്യമേ ഉദിക്കുന്നില്ല. ഇത് ഈ രംഗത്ത് രസകരമായ വിരോധാഭാസമാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് നിങ്ങൾക്കു കാണാം. ആശയവാദ തത്വചിന്തയിൽ, വൈദ്യന്മാരുടെ എണ്ണത്തോളം തന്നെ ഔഷധക്കുറിപ്പുകളുമുണ്ട്. ആശയവാദികൾക്കിടയിലെ നിരീശ്വരവാദികളും തങ്ങളുടെ വ്യാഖ്യാനങ്ങളിൽ വ്യത്യസ്തരാണ്. ആശയവാദ തത്വചിന്തയിൽ ഇത്തരം കാര്യങ്ങൾ സംഭവിക്കാം, കാരണം അതിലെ എല്ലാ ആശയങ്ങളും ധാരണകളും വ്യക്തിഗത ഗ്രഹണത്തിലും ബോധ്യത്തിലും നിന്ന് വികസിക്കുന്നതാണ്. എന്നാൽ ഇതേ കാര്യം ശാസ്ത്രത്തിൽ സംഭവിക്കുന്നില്ല. വൈദ്യുതിയുടെ സിദ്ധാന്തം ഇംഗ്ലണ്ടിലുള്ളതു തന്നെയാണ് ജപ്പാനിലും, ഇന്ത്യയിലും അത് വ്യത്യസ്തമാകില്ല. വ്യത്യസ്തങ്ങളായ വിവിധ സ്ഥലങ്ങളിൽ ഒരേ പ്രതിഭാസത്തിന്, വ്യത്യസ്തങ്ങളായ അനവധി സിദ്ധാന്തങ്ങൾ അഥവാ വ്യത്യസ്തങ്ങളായ അനവധി വ്യാഖ്യാനങ്ങൾ ഉണ്ടാവുക സാധ്യമല്ല. ശാസ്ത്രത്തിന്റെ സത്യമെന്നത് പരീക്ഷണത്തിലൂടെ ഉറപ്പിച്ച സത്യമായതു കൊണ്ട്, ഒരു പ്രത്യേക പ്രശ്നത്തിനോ, ശാസ്ത്രത്തിന്റെ ഒരു പ്രത്യേക മേഖലക്കോ, ഒരേയൊരു പ്രത്യേക ഫലമോ ഒരൊറ്റ സത്യമോ മാത്രമേ സാധ്യമാവുകയുള്ളൂ. പരീക്ഷണത്തിലൂടെ തെളിയിക്കപ്പെട്ട ഒരു ശാസ്ത്രസത്യം ഒരിക്കലും തെറ്റാവുകയില്ല. പക്ഷേ, പരീക്ഷണത്തിന്റെ മാർഗത്തിലൂടെ ഒരു പുതിയ മേഖല വെളിച്ചത്തു വരികയാണെങ്കിലോ, ഈ പുതിയ മേഖലയിൽ ഒരു പുതിയ നിയമം സാധുവായി തീർന്നാലോ, പഴയത് ഈ പുതിയ മേഖലയിൽ അസാധുവായി മാറുമ്പോഴും അത് പഴയ മേഖലയിൽ സാധുവായി തുടരും. കാരണം, സത്യമെന്നത് എപ്പോഴും മൂർത്തവും സവിശേഷവുമായ സത്യമാണ്. ഈ അടിസ്ഥാനപ്രമാണത്തെ എതിർക്കുകയെന്നാൽ, ശാസ്ത്രത്തിന്റെ മൂല്യത്തെയോ, നൈതികതയേയോ എതിർക്കുകയെന്നാണ്. എല്ലാ ശാസ്ത്രങ്ങളുടേയും ഉദ്ഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിച്ചിരിക്കുന്ന തത്വശാസ്ത്രത്തിനും – അതായത്, ദ്വന്ദ്വാത്മക ഭൗതികവാദത്തിനും ഇത് തത്തുല്യമായി ബാധകമാണ്.




**പ്രകൃതിയുമായുള്ള സമരത്തിന്റെയും സംഘർഷത്തിന്റെയും പാതയിൽ ഒരു ഘട്ടത്തിൽ മനുഷ്യൻ ഉത്പാദനത്തിൽ ഏർപ്പെട്ടു. ഇത് രണ്ട് തരത്തിലുണ്ട്; ഭൗതിക ഉത്പാദനവും ആത്മീയ ഉത്പാദനവും. നമ്മുടെ ചിന്തകൾ, ആശയങ്ങൾ, മൂല്യങ്ങൾ, ആദർശങ്ങൾ, തത്വചിന്ത – ഇവയെല്ലാം ആത്മീയ ഉത്പാദനത്തിന്റെ വിഭാഗത്തിൽ പെടുന്നു. ഭൗതികോത്പാദനത്തിനുള്ള ത്വര അതിന്റെ കൂടെ ആത്മീയ ഉത്പാദനവും കൊണ്ടുവന്നു. ഇവ പരസ്പരം സ്വാധീനിക്കുന്നു. പക്ഷേ, അടിസ്ഥാനമായി വർത്തിക്കുന്നത് ഭൗതികോത്പാദനം തന്നെയാണ്.**

### ലോകത്തെ വ്യാഖ്യാനിക്കുകയെന്നത് മാത്രമല്ല, അതിനെ മാറ്റുക എന്നതാണ് യഥാർത്ഥ കർത്തവ്യം

മാർക്സിസവും മറ്റ് തത്വചിന്തകളും തമ്മിലുള്ള വ്യത്യാസം തെളിച്ചുകാട്ടിക്കൊണ്ട് മാർക്സ് ഒരിക്കൽ നിരീക്ഷിച്ചത്, മറ്റെല്ലാ തത്വചിന്തകളും നാളിതുവരെ ലോകത്തെ വ്യാഖ്യാനിക്കുക മാത്രമാണ് ചെയ്തത്, പക്ഷേ അതിനെ മാറ്റുക എന്നതാണ് കർത്തവ്യം. എന്നാൽ ഇതിൽ നിന്നും, മാർക്സിസ്റ്റുകൾക്ക് ലോകത്തെ വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല, അവർക്ക് ആകെ ആവശ്യം ലോകത്തെ മാറ്റുകയെന്നതു മാത്രമാണ് എന്ന് ആരെങ്കിലും അനുമാനിച്ചാൽ, അവർ അടിസ്ഥാന ആശയം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു എന്ന് പറയേണ്ടി വരും. മറുവശത്ത്, മാർക്സിസത്തിനു മുമ്പുള്ള ഒരു തത്വചിന്തയും ലോകത്തെ മാറ്റുന്നതിൽ യാതൊരു പങ്കും നിർവഹിച്ചില്ല എന്ന് ആരെങ്കിലും കരുതിയാൽ അതും തെറ്റാണ്. ചരിത്രപരമായ ഭൗതികവാദത്തിന്റെ ശരിയായ ബോധ്യം അത്തരം തെറ്റായ തോന്നലുകൾക്കൊന്നും ഇടയുണ്ടാക്കുന്നില്ല. ഈ നിരീക്ഷണത്തിലൂടെ മാർക്സ് യഥാർത്ഥത്തിൽ പറയാൻ ആഗ്രഹിച്ചതെന്താണ്? അദ്ദേഹം പറയാൻ ആഗ്രഹിച്ചത്, ദ്വന്ദ്വാത്മക ഭൗതികവാദം നിർവഹിച്ച പങ്ക് മറ്റൊരു തത്വചിന്തക്കും ചെയ്യാൻ സാധിച്ചില്ല എന്നതാണ്. ഭൗതികലോകത്തിന്റെ എല്ലാ മേഖലകളിലേയും അല്ലെങ്കിൽ എല്ലാ പ്രവർത്തന രംഗങ്ങളിലേയും മാറ്റങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങളെ, ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിമർശനപരമായും സൂക്ഷ്മമായും വിലയിരുത്തുകയും, അതുവഴി ലോകത്തെ മാറ്റുന്നതിനുള്ള വഴികാട്ടി എന്ന നിലയിൽ ഒരു സമഗ്രസംവിധാനത്തെ വികസിപ്പിക്കുകയും ചെയ്തത് ദ്വന്ദ്വാത്മക ഭൗതികവാദമാണ്.

കൂടാതെ, പല ആശയവാദ തത്വചിന്തകളും പ്രചരിപ്പിക്കുന്നത്, ഈ പ്രപഞ്ചമെന്നു പറയുന്നത് ഒരു പ്രകൃത്യാതീത ശക്തിയുടെ സൃഷ്ടിയാണെന്നാണ്. അതുകൊണ്ട്, പ്രകൃതിയുമായുള്ള സമരത്തിൽ മനുഷ്യന്റെ പങ്കിനെ അവർ കാണുന്നത് വളരെ പരിമിതമായിട്ടാണ്. മനുഷ്യൻ പ്രകൃതിയുടെ നിയമങ്ങൾക്ക് വിധേയനാണെന്നും അതിനാൽ, തന്റെ ആവശ്യങ്ങൾക്കായി പ്രകൃതിയെ പ്രയോജനപ്പെടുത്തുന്നതിന് ബോധപൂർവം ഈ നിയമങ്ങൾക്കുമേൽ അവന് പ്രവർത്തിക്കാനാകില്ല എന്നും പറയുന്നു. സാമൂഹ്യശാസനങ്ങളും തിട്ടൂരങ്ങളും അലംഘനീയവും മാറ്റാൻ പറ്റാത്തതും ആയിട്ടാണ് ഈ തത്വചിന്തകൾ പരിഗണിക്കുന്നത്. അവർ മനുഷ്യനു നൽകിയ മറ്റൊരു പാഠം, മനുഷ്യൻ തന്റെ ദുരിതങ്ങളുടെ ശമനത്തിനായി സഹനശക്തി കൂടുതൽ വളർന്ന് ഇതുമായെല്ലാം പൊരുത്തപ്പെടാൻ പാകത്തിൽ സ്വയം മാറണമെന്നുമാണ്. ഇതാണ് അവർ അത്തരമൊരുമാറ്റംകൊണ്ട് അർത്ഥമാക്കുന്നത്. അതുകൊണ്ടു തന്നെ അവരുടെ പങ്കും അതിനനുസൃതമാകുന്നു. പ്രകൃതിയുടേയും സമൂഹത്തിന്റെയും നിയമങ്ങളെ സംബന്ധിച്ച ശാസ്ത്രീയവും സമഗ്രവുമായൊരു വീക്ഷണത്താലും ധാരണയാലും നയിക്കപ്പെടുന്നതിലൂടെ, മനുഷ്യന് പ്രകൃതിക്കുമേൽ ബോധപൂർവം പ്രവർത്തിക്കാനാകുമെന്നും, സാധിക്കുന്നിടത്തോളം അതിന്റെ ദോഷകരമായ ഫലങ്ങൾ ഒഴിവാക്കി, തന്റെ നേട്ടത്തിനായി അതിനെ പ്രയോജനപ്പെടുത്താമെന്നും, ആദ്യമായി കാണിച്ചു തന്നത് ദ്വന്ദ്വാത്മക ഭൗതികവാദമാണ്. അതുപോലെ തന്നെ, എല്ലാ തരത്തിലുമുള്ള അനീതി, ചൂഷണം, അപമാനം, എന്നിവയിൽ നിന്നെല്ലാം സ്വയം മോചിതനാക്കുവാനും, എല്ലാ ദുരിതങ്ങളും ഒഴിവാക്കുവാനും, നിലനിൽക്കുന്ന സാമൂഹ്യസംവിധാനത്തെ വിപ്ലവകരമായി പരിവർത്തനപ്പെടുത്തുന്നതിലൂടെ സാധിക്കും. ഈ അർത്ഥത്തിലാണ്, ഇപ്പോൾ ലോകത്തെ മാറ്റുന്നതാണ് കർത്തവ്യം എന്ന് ഊന്നിപ്പറഞ്ഞത്. അതായത്, സാമൂഹികവികാസത്തിന്റെ ചരിത്രപരവും ശാസ്ത്രീയവുമായ ധാരണ കൃത്യമായി മനസ്സിലാക്കി, പ്രകൃതിനിയമങ്ങൾക്കും സാമൂഹിക ആവശ്യകതകൾക്കും മതിയായ അംഗീകാരം നമ്മൾ നൽകുകയാണെങ്കിൽ, അപ്പോൾ മാത്രമേ ലോകത്തെ മാറ്റുകയാണ് ഇപ്പോഴത്തെ കർത്തവ്യം എന്ന ആഹ്വാനത്തിന് എന്തെങ്കിലും അർത്ഥം ഉണ്ടാവുകയുള്ളൂ. ഈ അർത്ഥത്തിലാണ്, പ്രയോഗം അവിഭാജ്യമാംവിധം കൂട്ടിച്ചേർത്തില്ലെങ്കിൽ അറിയുക എന്നത് അർത്ഥശൂന്യമാണ്, എന്ന് മാർക്സിസം ഊന്നിപ്പറയുന്നത്. നമുക്ക് ലോകത്തെ മാറ്റണം, നമുക്ക് സ്വയം മാറണം, നമുക്ക് മാറ്റത്തിന്റെ പാതയിൽ മനുഷ്യർ എന്ന നിലയിലുള്ള നമ്മുടെ ബോധപൂർവമായ പങ്ക് നിർവഹിക്കണം. ലോകത്തെ അറിയുവാനുള്ള നമ്മുടെ ത്വര ഇതിൽ നിന്നുളവാകുന്നതാണ്. മാർക്സിസം അഥവാ ദ്വന്ദ്വാത്മക ഭൗതികവാദം പരിപോഷിപ്പിക്കുന്നതിന്റെ യഥാർത്ഥ പ്രാധാന്യം ഇതിൽ അടങ്ങിയിരിക്കുന്നു. തങ്ങൾക്കാവുന്നതു പോലെ ലോകത്തെ അറിയാൻ തു

(ശേഷം 10-ാം പേജിൽ)

# മാർക്സിസത്തെ എല്ലാ ദിശകളിലേയ്ക്കും വികസിപ്പിക്കുക എന്നതാണ് കമ്മ്യൂണിസ്റ്റുകളുടെ കർത്തവ്യം

(9-ാം പേജിൽ നിന്ന്)

ടക്കം തൊട്ടേ മനുഷ്യരാശി പരിശ്രമിച്ചില്ലായിരുന്നുവെങ്കിൽ, അതിനനുസരിച്ച് പ്രവർത്തിച്ചില്ലായിരുന്നുവെങ്കിൽ, മനുഷ്യസമൂഹത്തിന് ഒരു ചുവടു പോലും മുന്നോട്ടു വെക്കുവാനാകുമായിരുന്നില്ല. കൂടാതെ, നമ്മളിപ്പോൾ ചെയ്യുന്നതു പോലെ, വിജ്ഞാനത്തിന്റെയും ശാസ്ത്രത്തിന്റെയും തത്വശാസ്ത്രത്തിന്റെയും വിവിധ വശങ്ങളെ കുറിച്ചുള്ള ചർച്ചകൾ നടത്തുവാനുള്ള അവസരവും നമുക്ക് ഉണ്ടാകില്ലായിരുന്നു. ഇതിൽ നിന്നും നമ്മുടെ മനസ്സിനുണ്ടാകുന്ന സന്തോഷം ഉണ്ടാകുമായിരുന്നില്ല, നമുക്കത് ആസ്വദിക്കാൻ സാധിക്കുമായിരുന്നില്ല.

പ്രകൃതിയുമായുള്ള മനുഷ്യന്റെ സമരത്തിന്റെയും സംഘർഷത്തിന്റെയും പാതയിൽ അവൻ സൃഷ്ടിച്ചതിനെയാണ് ഉത്പാദനം എന്നു വിളിക്കുന്നത്. ഉത്പാദനം രണ്ട് തരത്തിലുണ്ട്: ഒന്ന് ഭൗതിക ഉത്പാദനം, രണ്ടാമത്തേത് ആത്മീയ ഉത്പാദനം. നമ്മുടെ ചിന്തകൾ, ആശയങ്ങൾ, മൂല്യങ്ങൾ, ആദർശങ്ങൾ, തത്ത്വചിന്ത – ഇവയെല്ലാം ആത്മീയ ഉത്പാദനത്തിന്റെ വിഭാഗത്തിൽ പെടുന്നു. ഭൗതികോത്പാദനത്തിനുള്ള ത്വര അതിന്റെ കൂടെ ആത്മീയ ഉത്പാദനവും കൊണ്ടു വന്നു. വീണ്ടും, ഒന്ന് മറ്റൊന്നിനെ സ്വാധീനിക്കുന്നു, തിരികെയും പരസ്പരം സ്വാധീനിക്കുന്നു. പക്ഷേ, അടിസ്ഥാനമായി വർത്തിക്കുന്നത് ഭൗതികോത്പാദനം തന്നെയാണ്. നമ്മുടെ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊണ്ട് ജീവിക്കുവാനുള്ള ആഗ്രഹം നമുക്കുണ്ട്. ഈ ആവശ്യത്തിൽ നിന്നാണ് ഉത്പാദനസംവിധാനം രൂപീകരിക്കുവാനുള്ള ആവശ്യം ഉണ്ടാകുന്നത്. ആ ഉത്പാദനസംവിധാനം രൂപീകരിക്കുന്നതിനായി പ്രകൃതിയിലെ വിപരീതശക്തികൾക്കെതിരേയുള്ള സമരത്തിൽ നാം ഏർപ്പെടേണ്ടതുണ്ട്. നമ്മുടെ ഉത്പാദനസംവിധാനവും ജീവിതശൈലിയും ഈ സമരത്തിലൂടെ വികസിച്ചതാകയാൽ നമ്മുടെ ആത്മീയ ഉത്പാദനത്തിന്റെ രംഗവും ഇതോടൊപ്പം വികസിച്ചു. നമ്മൾ മനസ്സിലാക്കേണ്ട മറ്റൊരു കാര്യം, ഏതൊരു മനുഷ്യചിന്തയുടേയും ഉദയത്തിനു മുമ്പ്, ആ ചിന്താപ്രക്രിയയുടെ വളർച്ചക്ക് ആവശ്യമായ പദാർത്ഥ ചേരുവകൾ സമൂഹത്തിൽ ആദ്യം സൃഷ്ടിക്കപ്പെടും. കൃത്യമായും ഈ കാരണം കൊണ്ടാണ്, വളരെ മഹദ്‌വ്യക്തിത്വങ്ങളായിരുന്നിട്ടു കൂടി, ഗൗതമ ബുദ്ധനോ, ഹസ്രത്ത് മുഹമ്മദിനോ, യേശുക്രിസ്തുവിനോ, അവരുടെ കാലത്ത് ആപേക്ഷികതാ സിദ്ധാന്തം കണ്ടുപിടിക്കാൻ കഴിയാതിരുന്നത്. ഐൻസ്റ്റീൻ അവരേക്കാൾ വലിയ പ്രതിഭാശാലി ആയിരുന്നതു കൊണ്ടാണോ അങ്ങനെ സംഭവിച്ചത്? ആരും അത് അംഗീകരിക്കില്ല. ഈ കാര്യത്തിന്റെ ശരിയായ മനസ്സിലാക്കൽ എന്തെന്നാൽ, അവരിലോരോരുത്തരും അവരവരുടെ കാലത്തെ ഏറ്റവും ശ്രേഷ്ഠനായ ചിന്തകനും പ്രതിഭാശാലിയും മഹാത്മാവും ആയിരുന്നു. അവരിലോരോരുത്തരുടേയും ചിന്തകളും വിശകലനശേഷിയും ധിഷണയും പ്രധാനമായും അന്നത്തെ സാമൂഹ്യസാഹചര്യങ്ങൾക്കും, അവരവരുടെ കാലഘട്ടത്തിലെ മൂർത്തമായ സാഹചര്യങ്ങൾക്കും അനുസരിച്ച് വികസിച്ചതാണ്. ഓരോ കാലഘട്ടത്തിലേയും ഏറ്റവും ഉന്നതമായ ചിന്തകൾ, അതാത് കാലഘട്ടത്തിലെ ഏറ്റവും മഹാന്മാരായ ചിന്തകരാൽ പ്രതിഫലിപ്പിക്കപ്പെടുന്നത്, ആ കാലഘട്ടത്തിലെ ചിന്തകളുടെ പരിധികളെ നിർവചിക്കുന്നു. ഞാൻ ആവർത്തിക്കട്ടെ, സാമൂഹികസാഹചര്യം, കാലഘട്ടത്തിൽ നിലനിൽക്കുന്ന മൂർത്തമായ സാഹചര്യങ്ങൾ, അതാണ് അവരുടെ ചിന്തകൾക്കും ആശയങ്ങൾക്കും പരിധി നിശ്ചയിക്കുന്നത്. ഇതാണ് ശരിയായ മാർക്സിസ്റ്റ് ധാരണയും സമീപനവും. ഉന്നതരായ അനവധി ശാസ്ത്രജ്ഞരും തത്ത്വചിന്തകരും പോലും ഈ കാര്യത്തിനു മേൽ കുഴങ്ങിയിട്ടുണ്ട്.

**മാർക്സിസമെന്നത് ഒരു വികസിക്കുന്ന തത്ത്വശാസ്ത്രമാണ്**

ഈ മാർക്സിയൻ സമീപനത്തിന്റെ ശരിയായ ഗ്രാഹ്യം ഒരു കാര്യം കൂടി ബോദ്ധ്യപ്പെടുത്തും. നൂറു വർഷം മുമ്പുള്ള മാർക്സിന്റെ സ്വന്തം ധാരണയും, നൂറു വർഷങ്ങൾക്കു ശേഷമുള്ള മാർക്സിസ്റ്റുകളുടെ ധാരണയും ഒന്നല്ല, ഒന്നാവുകയുമില്ല. കാരണം അത് അതേപടിതന്നെ നിലകൊള്ളുകയല്ല, ബോധ്യവും അതിന്റെ പ്രകാശനവും മാറ്റത്തിന് വിധേയമാണ്. മാർക്സിസത്തിന്റെ ഉപജ്ഞാതാവായ കാൾ മാർക്സ് മാർക്സിസത്തിന്റെ യഥാർത്ഥ സത്തയെ, തന്റെ സ്വന്തം കാലഘട്ടത്തിന്റെയും, അന്നത്തെ സാമൂഹ്യസാഹചര്യങ്ങളുടേയും വീക്ഷണത്തിൽ മനസ്സിലാക്കിയിരുന്നു. ആ ധാരണക്ക്, മാറുന്ന കാലങ്ങളിലും മാറിയ പുതിയ സാഹചര്യങ്ങളിലും, നിശ്ചലമായി നിലകൊള്ളുക സാധ്യമല്ല. ആ ധാരണ മാറുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു. മാർക്സിസത്തെ സംബന്ധിച്ച് എന്റെ തന്നെ തുടക്കകാലത്തെ ധാരണ, ഞാൻ അത് അന്ന് മനസ്സിലാക്കിയ രീതി, ആ തുടക്കകാലത്തേതു പോലെ നിലനിന്നില്ല. അത് സാധ്യവുമല്ല. കാരണം, മാർക്സിസം ഒരു ശാസ്ത്രമാണ്. അതുകൊണ്ടു തന്നെ, വിവിധ ആശയപ്രകാശനങ്ങളും, മാർക്സിസത്തെ കുറിച്ചുള്ള ധാരണകളും, കൂടുതൽ സ്പഷ്ടതയോടും വ്യക്തതയോടും കൃത്യതയോടും വിശദീകരിക്കേണ്ടതുണ്ട്. അതിനെ കൂടുതൽ വിശ്വാസയോഗ്യവും, കൂടുതൽ തുളഞ്ഞുകയറുന്നതും, ഖണ്ഡിതമായും മാറ്റേണ്ടതുണ്ട്. ഒരിക്കലും ഇതിനർത്ഥം, പരിപോഷിപ്പിക്കുന്നു എന്ന പേരിൽ മാർക്സിസത്തെ വളച്ചൊടിക്കുകയെന്നോ, വികസിപ്പിക്കണം എന്ന മുറവിളിയോടെ മാർക്സിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളെ പുനഃപരിശോധിക്കുകയെന്നോ അല്ല – ലോകമൊട്ടാകെയുള്ള തിരുത്തൽവാദികൾ ഇന്നു നിർവഹിച്ചുകൊണ്ടിരിക്കുന്ന ഹീനമായ കർമ്മം ഇതാണ്. അതല്ല ഞാൻ ഉദ്ദേശിക്കുന്നത്. ആ ചോദ്യമേ ഉദിക്കുന്നില്ല. എന്റെ അഭിപ്രായം എന്തെന്നാൽ, മാർക്സിസത്തിന്റെ പാഠങ്ങൾ തന്നെ അനുസരിച്ച്, മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങളെ സംബന്ധിച്ച അതിന്റെ ഇന്നത്തെ ധാരണ, മാർക്സിനു ശേഷം നൂറു വർഷം പിന്നിടുമ്പോൾ, പഴയ അതേ തലത്തിൽ തന്നെ നിലകൊള്ളാൻ സാധിക്കുകയില്ല. ശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ അനവധി പുതിയ കണ്ടുപിടിത്തങ്ങൾ നടക്കുമ്പോൾ, സാമ്പത്തികവും രാഷ്ട്രീയവുമായ മേഖലകളിൽ മാറ്റങ്ങൾ സംഭവിക്കുമ്പോൾ, തദ്ഫലമായി വിപ്ലവമുന്നേറ്റങ്ങളിലും വർഗസമരങ്ങളിലും പുതിയ പാഠങ്ങളും അനുഭവങ്ങളും കുമിഞ്ഞുകൂടുമ്പോൾ, ദ്വന്ദ്വാത്മകരീതിയിലൂടെ ഈ പുതിയ ഘടകങ്ങളെയെല്ലാം സമാഹരിച്ചും കോർത്തിണക്കിയും, ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ വികാസവും പരിപോഷണവും അനിവാര്യമായും സംഭവിക്കും. അങ്ങനെ, മാർക്സിസം എന്ന ശാസ്ത്രത്തിന്റെ സമ്പൂർണമായ വികാസത്തിന്റെ താത്പര്യാർത്ഥം, ഒരു പ്രത്യേക സമയത്ത്, ഒരു പ്രത്യേക മേഖലയിൽ, അതിന്റെ പ്രകാശനരീതിയോ പ്രകാശനശൈലിയോ, അതിന്റെ വികാസത്തിന്റെ ഗതിയിൽ മാറേണ്ടതാണ്. കാര്യങ്ങൾ ഈ രീതിയിൽ മനസ്സിലാക്കിയില്ലെങ്കിൽ മാർക്സിസത്തിന് വികസിച്ചു മുന്നോട്ടു പോകാൻ സാധിക്കുകയില്ല. ഇത് ഈ രീതിയിലാണ് സംഭവിക്കുന്നത്, ഭാവിയിലും ഇങ്ങനെ തന്നെ സംഭവിക്കുകയും ചെയ്യും. കാരണം മാർക്സിസം ഒരു ശാസ്ത്രമാണ്. അല്ലെങ്കിൽ മാർക്സിസം അതിന്റെ അന്ത്യത്തിലെത്തുമെന്നത് തീർച്ചയാണ്. ഞാൻ ഉദ്ദേശിച്ചതെന്തെന്നാൽ, മറ്റൊരു രീതിയിൽ പറയുകയാണെങ്കിൽ മാർക്സിസം എന്ന ശാസ്ത്രം നിരന്തരം ആശയങ്ങളെ സ്പഷ്ടമാക്കി, അവയെ കൂടുതൽ വ്യക്തവും മൂർച്ചയേറിയതുമായി മാറ്റിക്കൊണ്ട് മുന്നേറേണ്ടതുണ്ട്. ഇതിൽ പരാജയപ്പെട്ടാൽ, അത് വെറും വരട്ടുതത്വവാദമായി അധഃപതിക്കും. ഞാൻ ഇക്കാര്യം എന്റെ സ്വന്തം ഭാഷയിൽ പറയുകയാണ്. മാർക്സും ഏംഗൽസും നമുക്ക് മാർക്സിസത്തിന്റെ അടിസ്ഥാനപാഠങ്ങൾ തന്നു, ഓരോ രാജ്യത്തുമുള്ള മാർക്സിസ്റ്റുകളുടെ കർത്തവ്യം ഈ ശാസ്ത്രത്തെ എല്ലാ ദിശകളിലും പരിപോഷിപ്പിച്ചു വികസിപ്പിക്കുക എന്നതാണ് – ഇതാണ് വളരെ മുന്നേ ലെനിൻ നമ്മെ പഠിപ്പിച്ച പാഠം.




**മനസ്സും പദാർത്ഥവും തമ്മിലുള്ള ബന്ധത്തിൽ പദാർത്ഥലോകമാണ് പ്രഥമം. മനസ്സ്, ആശയങ്ങൾ, ചിന്തകൾ തുടങ്ങിയവയെല്ലാം പദാർത്ഥത്തിന്റെ വെറും ഉത്പന്നങ്ങൾ മാത്രമാണ്. ചിന്തകളും ആശയങ്ങളും സമൂഹത്തിൽ ഉയർന്നു വന്നപ്പോൾ, സമൂഹത്തെയും ഭൗതികലോകത്തെയും അവ തിരികെ സ്വാധീനിക്കാൻ തുടങ്ങി. ഇതിനർത്ഥം, ഭൗതികമായ അടിത്തറയിൽനിന്നും ഉയർന്നുവരുന്ന ആശയത്തിനും ചിന്തക്കും അതിന്റേതായ ആപേക്ഷിക സ്വാതന്ത്ര്യമുണ്ട് എന്നാണ്. ചിന്തയും ആശയവും സമൂഹത്തേയും ഭൗതികലോകത്തേയും, അവ തിരിച്ചും, ദ്വന്ദ്വാത്മക രീതിയിൽ സ്വാധീനിക്കുന്നു.**

**ചിന്തയുടെ ആപേക്ഷിക സ്വാതന്ത്ര്യം**

മനസ്സും പദാർത്ഥവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഞാൻ വളരെ വിശദമായി സംസാരിച്ചിരുന്നു. പദാർത്ഥലോകമാണ് പ്രഥമം. മനസ്സ്, ആശയങ്ങൾ, ചിന്തകൾ തുടങ്ങിയവയെല്ലാം പദാർത്ഥത്തിന്റെ വെറും ഉത്പന്നങ്ങൾ മാത്രമാണ് എന്നതും ഞാൻ വിശദീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട ഒരു വശം കൂടി പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതെല്ലാം – മനസ്സ്, ആശയം, ആദർശം എന്ന് തുടങ്ങി പറയാവുന്നതെല്ലാം – സമൂഹത്തിൽ ഉദയം ചെയ്തപ്പോൾ, അതായത്, ചിന്തകളും ആശയങ്ങളും സമൂഹത്തിൽ ഉയർന്നു വന്നപ്പോൾ, സമൂഹത്തേയും ഭൗതികലോകത്തേയും അവ തിരികെ സ്വാധീനിക്കാൻ തുടങ്ങി. ഇതിനർത്ഥം, ഭൗതികമായ അടിത്തറയിൽ നിന്നും ഉയർന്നു വരുന്ന ആശയത്തിനും ചിന്തക്കും, ഉയർന്നു വന്നതിനു ശേഷം അതിന്റേതായ ആപേക്ഷിക സ്വാതന്ത്ര്യമുണ്ട് എന്നാണ്. ഉയർന്നു വരുമ്പോൾ, ചിന്തയും ആശയവും സമൂഹത്തേയും ഭൗതികലോകത്തേയും, തിരിച്ചും, ദ്വന്ദ്വാത്മക രീതിയിൽ സ്വാധീനിക്കുന്നു. ഒരു ഉദാഹരണമായി പറയാം, സ്വാതന്ത്ര്യത്തിനു ശേഷം നമ്മുടെ രാജ്യത്ത് വ്യവസായവും കൃഷിയും അടങ്ങുന്ന മുഴുവൻ സമ്പദ്‌വ്യവസ്ഥയും മുതലാളിത്തസ്വഭാവം ആർജ്ജിച്ചു എന്നതാണ് വസ്തുതയെങ്കിലും, ചിന്താക്രമം, ആശയങ്ങൾ, പെരുമാറ്റം, ശീലങ്ങൾ തുടങ്ങിയ മണ്ഡലങ്ങളിലെല്ലാം ജന്മിത്ത അവശേഷിപ്പുകൾ നിലനിന്നു. അടിത്തറയായി മുതലാളിത്തം പ്രത്യക്ഷപ്പെട്ടിട്ടും, ചിന്തകളുടേയും ആശയങ്ങളുടേയും മണ്ഡലത്തിൽ, അതായത് ഉപരിഘടനയിൽ, ജന്മിത്ത ആശയങ്ങൾ തങ്ങിനിൽക്കുന്നത് തുടർന്നു. ഇതിനു കാരണം, ആശയങ്ങൾ, ആദർശങ്ങൾ, ചിന്തകൾ തുടങ്ങിയവയ്ക്കെല്ലാമുള്ള ആപേക്ഷികമായ സ്വാതന്ത്ര്യമാണ്. അല്ലാതെ അത് സാധ്യമാകില്ല. ഈ കാലഘട്ടത്തിൽ ഇപ്പോഴും സമൂഹത്തിൽ നിലനിൽക്കുന്ന ഹീനമായ, കാലഹരണപ്പെട്ട ജന്മിത്ത അവശേഷിപ്പുകളെ ഇല്ലായ്മ ചെയ്യുന്നത്, സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ആദർശത്താൽ പ്രചോദിതമായ, എതിർ ദിശയിലുള്ള ഒരു ആശയസമരം നടത്തുന്നതിലൂടെയേ സാധ്യമാകൂ.

ഇത് കാണിച്ചു തരുന്നത്,

(ശേഷം 11-ാം പേജിൽ)

# കാശ്മീർ: പ്രശ്നവും പരിഹാരവും

**കാശ്മീരിന് പ്രത്യേക പദവി നൽകിക്കൊണ്ടുള്ള ഭരണഘടനയുടെ 370-ാം വകുപ്പും സ്ഥിരതാമസക്കാർക്ക് പ്രത്യേക അവകാശങ്ങൾ നൽകുന്ന 35 എ വകുപ്പും റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് രാഷ്ട്രപതി പുറപ്പെടുവിച്ചത് ഇക്കഴിഞ്ഞ ആഗസ്റ്റ് 5ന് ആയിരുന്നു. ഈ നടപടി രാജ്യത്തെ ശക്തിപ്പെടുത്തുന്നതാണെന്നാണ് സ്വാതന്ത്ര്യദിനത്തിന്റെ തലേന്ന് ഒരഭിമുഖത്തിൽ പ്രധാനമന്ത്രി അഭിപ്രായപ്പെട്ടത്. സംഘപരിവാർ ശക്തികൾ ഊറ്റംകൊള്ളുന്നതാകട്ടെ, ഒരു രാഷ്ട്രം ഒരു ഭരണഘടന ഒരു പതാക എന്ന ലക്ഷ്യത്തിലേക്ക് നാം കുതിക്കുകയാണെന്നാണ്. കുടുംബവാഴ്ചക്കാരും അഴിമതിക്കാരും വികസനം തടഞ്ഞവരുമായ രാഷ്ട്രീയക്കാരിൽ നിന്നും കാശ്മീരിനെ മോചിപ്പിക്കുക എന്നതാണ് ഈ നടപടിയുടെ ലക്ഷ്യമെന്നും ഇനി കാശ്മീരിൽ വികസനത്തിന്റെ ദിനങ്ങളായിരിക്കുമെന്നുമാണ് കേന്ദ്രസർക്കാരിന്റെ വക്താക്കൾ പ്രചരിപ്പിക്കുന്നത്.**

രാജ്യത്തെ ശക്തിപ്പെടുത്തുമോ കാശ്മീരിനു വികസനം സാധ്യമാക്കുമോ എന്ന വിഷയങ്ങളിലേക്ക് കടക്കുന്നതിനു മുമ്പുതന്നെ ഈ ഉത്തരവ് രൂപപ്പെട്ടതിന്റെയും നടപ്പാക്കിയതിന്റെയും രീതിയിൽത്തന്നെ അന്തർഭവിക്കുന്ന ഗുരുതരമായ ജനാധിപത്യവിരുദ്ധത പ്രഥമമായി പരിശോധിക്കേണ്ടതുണ്ട്. പ്രസ്തുത പരിശോധന ഈ നടപടിയുടെ ലക്ഷ്യത്തെത്തന്നെ വ്യക്തമാക്കുകയും ചെയ്യും.

ആർക്കുവേണ്ടിയാണോ ഈ വികസനം കൊണ്ടുവരുന്നത് അവരിലൊരാളോടുപോലും ആർട്ടിക്കിൾ 370 റദ്ദാക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യാൻ കേന്ദ്രസർക്കാർ മുതിർന്നില്ല. ഏത് ജനതയുടെ നിലനിൽപ്പിനെയും ഭാവി ഭാഗധേയത്തെയും സംബന്ധിക്കുന്നതാണോ ആ ജനവിഭാഗത്തിന്റെ അനുമതി തേടാതെ, എന്തിന് ഒരഭിപ്രായം പോലും ചോദിക്കാതെ 370ാം വകുപ്പ് റദ്ദാക്കിക്കൊണ്ട് തികഞ്ഞ അധികാര ദുർവിനിയോഗത്തിന് നേതൃത്വം നൽകിയവരാണ് അഴിമതിക്കും കുടുംബവാഴ്ചക്കുമെതിരെ പ്രസംഗിക്കുന്നത്. വലിയ നേട്ടം കാശ്മീരിനുണ്ടാകുമെന്ന് അവകാശപ്പെടുമ്പോൾ ആ നേട്ടത്തിന്റെ നേരവകാശികളാകേണ്ടവർക്ക് ഈ നടപടി ഒരു നേട്ടവും സൃഷ്ടിക്കില്ല എന്നാണ് അഭിപ്രായമെങ്കിൽ വികസനത്തിന്റെയും ജനക്ഷേമത്തിന്റെയും വലിയ വർത്തമാനങ്ങൾക്ക് ഒരർത്ഥവുമില്ല. ജനേച്ഛയെയും ജനാഭിപ്രായത്തെയും കേന്ദ്രബിന്ദുവായി കാണാതെയുള്ള തീരുമാനം എങ്ങനെയാണ് ജനങ്ങളുടെ പുരോഗതിയുടെ മാർഗ്ഗമാവുക. ജനങ്ങളെ വിശ്വാസത്തിലെടുക്കാതെയും ഒന്നടങ്കം ജനങ്ങളെ പ്രക്രിയയ്ക്കു പുറത്തു നിർത്തിയും എങ്ങനെയാണ് വികസനം സാധ്യമാക്കുക. അപ്പോൾ സർക്കാർ വിശദീകരിക്കുന്ന വികസനം ഏകപക്ഷീയവും അടിച്ചേൽപ്പിക്കപ്പെടുന്നതുമായിരിക്കുമെന്ന് ഉറപ്പിക്കാം. പ്രസ്തുത വികസനത്തിന്റെ വഴി എന്തെന്ന് ഇതിനോടകം അംബാനി പോലുള്ള വൻകിട കുത്തകകളുടെ വാക്കുകളിലൂടെ പുറത്തുവന്നുകഴിഞ്ഞു. അംബാനിക്കും കൂട്ടർക്കും വഴിയൊരുക്കാൻ കൂടിയുള്ളതാണ് പ്രത്യേക പദവി റദ്ദാക്കലെന്ന് അവരുടെ പ്രതികരണങ്ങളിൽനിന്ന് നമുക്ക് മനസ്സിലാക്കാം. ഈ കോർപ്പറേറ്റ് സംഘം രാജ്യത്തിന്റെ കാശ്മീരൊഴികെയുള്ള ഭാഗങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപവും ചൂഷണവും രാജ്യമെമ്പാടും സൃഷ്ടിക്കുന്ന ദുരന്തമെന്തെന്ന് ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുതന്നെയാണ് കാശ്മീരിലെ ജനങ്ങളെയും കാത്തിരിക്കുന്നത്.

### കാരാഗൃഹമായി മാറിയ കാശ്മീർ

നിർഭയമായി അഭിപ്രായം രേഖപ്പെടുത്താൻ അവസരം നൽകിയാൽ കാശ്മീർ ജനതയുടെ ബഹുഭൂരിപക്ഷവും പ്രത്യേക പദവി റദ്ദാക്കലിനെ നിരാകരിക്കുമെന്നു മാത്രമല്ല, അണപൊട്ടിയ പ്രതിഷേധവുമായി അവർ തെരുവിൽ വരുമെന്ന് വ്യക്തമായി അറിയാവുന്നതുകൊണ്ടാണ് കേന്ദ്ര ഭരണകൂടം, കർശനമായ കർഫ്യൂ വഴി കാശ്മീരിനെ ഒന്നാകെ ഒരു കാരാഗൃഹമാക്കി മാറ്റിയത്. 370-ാം വകുപ്പ് റദ്ദാക്കൽ നടപടിക്ക് മുന്നോടിയായി ആഗസ്റ്റ് 4 മുതൽ കാശ്മീരിലെ വാർത്താ വിനിമയ ബന്ധങ്ങൾ മുഴുവൻ വിച്ഛേദിച്ചു. ടെലഫോൺ എക്സ്ചേഞ്ചുകൾ മുഴുവൻ പ്രവർത്തനരഹിതമാക്കിക്കൊണ്ട് ലാന്റ് ഫോണുകൾ നിശ്ചലമാക്കി. മൊബൈൽഫോൺ സേവനവും ഇന്റർനെറ്റും റദ്ദാക്കി. ടെലിവിഷൻ ചാനൽ ശൃംഖലകളും പത്രമാധ്യമങ്ങളും പൂട്ടി. കാശ്മീരിലെ രാഷ്ട്രീയ നേതാക്കളെ മുഴുവൻ വീട്ടുതടങ്കലിലാക്കി. രാജ്യത്തിന്റെ പ്രതിപക്ഷ നേതാക്കൾക്ക് കാശ്മീർ സ്ഥിതിഗതികൾ നേരിൽക്കണ്ട് മനസ്സിലാക്കാനുള്ള അവസരം നിഷേധിച്ചു. വിമാനത്താവളത്തിൽനിന്നുതന്നെ അവരെ മടക്കി അയച്ചു. ലോകത്തെ ഏറ്റവും സൈനികവൽക്കരിക്കപ്പെട്ട പ്രദേശമായി കാശ്മീർ മാറി. ഇപ്പോൾ ഏതാണ്ട് ഒരു മാസം പിന്നിടുമ്പോഴും ഈ സ്ഥിതിഗതികളിൽ കാര്യമായ മാറ്റം വന്നിട്ടില്ല. ലാന്റ് ഫോണുകൾ പ്രവർത്തിച്ചുതുടങ്ങിയതായി അധികൃതർ അറിയിച്ചിരുന്നു. എന്നാൽ ജനജീവിതം സാധാരണനിലയിലേക്ക് മടങ്ങി വന്നിട്ടില്ല എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സ്കൂളുകൾ തുറന്നെങ്കിലും വിദ്യാർത്ഥികൾ എത്തിച്ചേരാത്തതിനാൽ അവ പ്രവർത്തിക്കുന്നില്ല. റോഡ് ഗതാഗതം പൂർണ്ണമായി സ്തംഭിച്ച ഒരു പ്രദേശത്ത് ഭക്ഷ്യവസ്തുക്കളുടെയുൾപ്പടെയുള്ള ചരക്കുനീക്കവും നിലച്ചിട്ടുണ്ടാകണമല്ലോ. കടകമ്പോളങ്ങൾ ഒരു മാസമായി അടഞ്ഞുകിടക്കുകയാണ്. 70 ലക്ഷം ജനങ്ങളിൽ ഭൂരിപക്ഷത്തിനും മരുന്നും ഭക്ഷണവും എങ്ങനെയാണ് ലഭ്യമാവുക? തടവുപുള്ളികൾക്കുപോലും ഭക്ഷണവും മരുന്നും ലഭിക്കും. യുദ്ധമുഖത്തുപോലും ചികിൽസ അനുവദിക്കപ്പെടും. എന്നാൽ കാശ്മീരിലെ ജനങ്ങൾക്ക് അതും നിഷേധിച്ചിരിക്കുകയാണ്.




370-ാം വകുപ്പ് റദ്ദാക്കയതിനെതിരെ ആഗസ്റ്റ് 6ന് ആലപ്പുഴ ടൗണിൽ നടന്ന പ്രകടനം

### 370-ാം വകുപ്പ് കാശ്മീർ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ളിയുടെ അനുമതിയില്ലാതെ റദ്ദാക്കാനാവില്ല

കേന്ദ്ര സർക്കാരിന്റെ ആധികാരിക അഭിപ്രായമെന്ന നിലയിൽ നിയമ മന്ത്രി രവി ശങ്കർ പ്രസാദ് ഇൻഡ്യയിലെ എല്ലാ പത്രങ്ങൾക്കുമായി നൽകിയ ലേഖനത്തിൽ 370-ാം വകുപ്പ് താൽക്കാലിക വ്യവസ്ഥയെന്ന നിലയിലാണ് ഭരണഘടനയിൽ ഉൾപ്പെടുത്തിയതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ 370-ാം വകുപ്പിനെ താൽക്കാലികമാക്കുന്ന വ്യവസ്ഥ ഇൻഡ്യൻ ഭരണഘടനയിൽ എവിടെയാണെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. 370-ാം വകുപ്പ് താൽക്കാലികമാണെന്നു കാണിക്കുന്ന യാതൊന്നും ഇൻഡ്യൻ ഭരണഘടനയിലില്ല എന്നതാണ് യാഥാർത്ഥ്യം.

പ്രമുഖ പത്രപ്രവർത്തകനും പത്മഭൂഷൺ അവാർഡ് ജേതാവുമായ ബൽരാജ് പുരി

(ശേഷം 12-ാം പേജിൽ)

---

## സൈദ്ധാന്തിക പാഠങ്ങൾ




(10-ാം പേജിൽ നിന്ന്)

ജീവിതത്തിലെ എന്തു കാര്യത്തിലും വഴികാട്ടാനുള്ള ഒരു വ്യവസ്ഥാപിത വീക്ഷണമായ, പ്രത്യയശാസ്ത്രം എന്നു നാം വിളിക്കുന്നതിന്, ഒരു ദിശാസൂചകമായ പങ്കുണ്ട്. വർഗവിഭജിതമായ ഒരു സമൂഹത്തിലെ ഏതൊരു പ്രത്യയശാസ്ത്രവും തീർച്ചയായും ഒരു വർഗ പ്രത്യയശാസ്ത്രമോ, വർഗചിന്തയോ ആയിരിക്കുമെന്നത് പറയേണ്ട കാര്യമില്ലല്ലോ. സമൂഹത്തിന്റെ പുരോഗതിക്കായുള്ള സമരത്തിൽ ഏതു പ്രത്യയശാസ്ത്രം എന്തു പങ്ക് വഹിക്കുമെന്നത്, ഏത് പ്രത്യയശാസ്ത്രമാണ് ശരിയും അനുപൂരകവും, ഏത് പ്രത്യയശാസ്ത്രമാണ് തെറ്റ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ പ്രത്യയശാസ്ത്രസമരത്തിന് നൽകിയിട്ടുള്ള പ്രത്യേക പ്രാധാന്യത്തിന്റെ കാരണം ഇതാണ്. ശരിയായ പ്രത്യയശാസ്ത്രമുള്ള പാർട്ടി, അതായത് പ്രത്യയശാസ്ത്രപരമായി ഏറ്റവും ഉന്നത നിലവാരം പുലർത്തുന്ന പാർട്ടിക്കു മാത്രമേ, ഏതൊരു രാജ്യത്തിലും വിപ്ലവത്തിനുള്ള അടിത്തറ ഒരുക്കുന്നതിനുള്ള ശരിയായ നേതൃത്വം നൽകുവാനും, വിപ്ലവത്തെ വിജയത്തിലേക്ക് നയിക്കാനും സാധിക്കുകയുള്ളൂ. സംഘടനാപരമായ അടിത്തറ, അതായത്, ശരിയായ പ്രത്യയശാസ്ത്രത്തെ മതിയായ സംഘടനാശക്തിയായി പരിവർത്തനപ്പെടുത്താൻ വേണ്ട കഴിവ്, പ്രത്യയശാസ്ത്രത്തിന്റെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നു. ആവർത്തിക്കേണ്ട ആവശ്യമില്ല, ഈ കാര്യം മൊത്തമായും നിശ്ചയിക്കപ്പെടുന്നത് സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റേയും ശരിയായ ദ്വന്ദാത്മക സംയോഗത്തിലൂടെയാണ്.

വിജ്ഞാനശാസ്ത്രത്തിന് കൂടുതൽ വശങ്ങളുണ്ട്. പക്ഷേ അതിന്റെ സത്തയെന്നത് പ്രയോഗത്തിന്റെ മാനദണ്ഡമാണ്. പ്രകൃതിശാസ്ത്രത്തിൽ പ്രത്യക്ഷവും പരോക്ഷവുമായ പരീക്ഷണങ്ങളുണ്ട്. ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, തുടങ്ങിയ മേഖലകളിലെ പരീക്ഷണത്തിന്റെ രീതി ഒരു തരത്തിലാണ്. ജ്യോതിശാസ്ത്രത്തിലെ പരീക്ഷണരീതികൾ വ്യത്യസ്തമായ തരത്തിലാണ്. ഈ ശാസ്ത്രപരീക്ഷണങ്ങൾക്ക് വിവിധ ഉപകരണങ്ങൾ പഠനത്തിനായി ആവശ്യമുണ്ട്. നേരിട്ടുള്ള പരീക്ഷണത്തിന് പല തരത്തിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കപ്പെടുന്നു. അത് പക്ഷേ വ്യത്യസ്തമായ ഒരു കാര്യമാണ്. പക്ഷേ പഠനമേഖല എന്തുതന്നെയാകട്ടെ, എല്ലാം പരീക്ഷണത്തിലൂടെ തെളിയിക്കപ്പെടാൻ ബാധ്യസ്ഥമാണ്. അല്ലാതെ സത്യം നിർണ്ണയിക്കാനാകില്ല. പ്രയോഗത്തിന്റെയും പരീക്ഷണത്തിന്റെയും ഈ വശം മാർക്സിസത്തിലും ഒഴിവാക്കാനാകാത്തതാണ്. എന്നാൽ അതുകൊണ്ട് ഈ പരീക്ഷണങ്ങൾ, പ്രകൃതിശാസ്ത്രങ്ങളിൽ പരീക്ഷണശാലയിൽ നടത്തുന്ന പരീക്ഷണങ്ങൾ പോലെയാണെന്ന് നിങ്ങൾ കരുതരുത്. മാർക്സിസത്തിൽ പ്രയോഗത്തിനു നൽകുന്ന പ്രാധാന്യം കാരണം, അതായത് എല്ലാ സിദ്ധാന്തവും പ്രയോഗത്തിലൂടെ തെളിയിക്കേണ്ടതാണെന്ന വസ്തുത മൂലം, സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള പരസ്പരപ്രവർത്തനത്തിന്റെ പങ്കിനെക്കുറിച്ചുള്ള ശരിയായ ധാരണ ഉണ്ടാകേണ്ടത് വളരെ ആവശ്യമാണ്. ■

(ശേഷം അടുത്ത ലക്കത്തിൽ)

# കാശ്മീരിലെ മനുഷ്യാവകാശ ലംഘനങ്ങൾ മാപ്പർഹിക്കാത്തത്

(11-ാം പേജിൽ നിന്ന്)




**മതത്തെ അടിസ്ഥാനപ്പെടുത്തിയുള്ള രാഷ്ട്രരൂപീകരണത്തിന്റെ വീക്ഷണത്തോട് ഒട്ടും നിരക്കുന്നതായിരുന്നില്ല കാശ്മീരിലെ ജനങ്ങളുടെ വികാരം. 1947ലെ പാക്കിസ്ഥാൻ ആക്രമണത്തെ, തങ്ങളുടെ സ്വതന്ത്രമായ നിലനിൽപ്പിന്റെ മേലുള്ള കടന്നാക്രമണമായാണ് കാശ്മീരിലെ ജനങ്ങൾ കണ്ടത്. ആക്രമണകാരികളെ തുരത്തുവാൻ ഇൻഡ്യയുടെ സഹായം തേടുമ്പോഴും തങ്ങളുടെ സ്വതന്ത്രമായ അസ്തിത്വം ഉപേക്ഷിച്ചുകൊണ്ടല്ല അവർ അതിന് മുതിർന്നത്.**

അദ്ദേഹത്തിന്റെ പ്രസിദ്ധമായ 'കാശ്മീർ, കലാപത്തിലേക്ക്' എന്ന കൃതിയിൽ ഇപ്രകാരം പറയുന്നു: ഇൻഡ്യൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിക്കോ അല്ലെങ്കിൽ തുടർന്നുവരുന്ന പാർലമെന്റിനോ ആർട്ടിക്കിൾ 370 റദ്ദുചെയ്യുന്നതിനോ പരിഷ്കരിക്കുന്നതിനോ ഭരണാഘടനാപരമായ അവകാശമില്ല. ഈ അവകാശം സ്റ്റേറ്റിന്റെ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിക്ക് മാത്രമുള്ളതാണ്. ജമ്മു ആന്റ് കാശ്മീരിന് പ്രത്യേക ഭരണഘടനാ പദവി നൽകിയിട്ടുള്ളത് ഇൻഡ്യാ ഗവൺമെന്റല്ല, മറിച്ച് 1935ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യ ആക്റ്റിലെ പ്രസക്തഭാഗങ്ങൾ, 1947ലെ ഇൻഡ്യൻ ഇൻഡിപെന്റൻസ് ആക്റ്റ്, 1947ലെ ഇൻഡ്യയുടെ താൽക്കാലിക ഭരണഘടന, രാജാ ഹരിസിംഗ് ഒപ്പിട്ട സംയോജനകരാർ എന്നിവയാൽ അനുവദിക്കപ്പെട്ടിട്ടുള്ളതാണ്.

ഈ വസ്തുതകളിൽനിന്ന് വളരെ വ്യക്തമാകുന്നത് 370-ാം വകുപ്പ് സ്ഥിരമാണോ താൽക്കാലികമാണോ എന്നത് സംസ്ഥാന ഗവൺമെന്റുകളുടെ(നാട്ടു രാജ്യങ്ങളുടെ) തീരുമാനത്തെ മാത്രം ആശ്രയിച്ചുനിലനിൽക്കുന്ന കാര്യമാണെന്നാണ്. 2019 ആഗസ്റ്റ് 5 വരെ കാശ്മീർ എന്ന ഒരു സ്റ്റേറ്റ് ഗവൺമെന്റ് മാത്രമേ രാജ്യത്ത് അത്തരത്തിൽ നിലനിൽക്കുന്നുണ്ടായിരുന്നുള്ളു. ആ ഗവൺമെന്റിനുമാത്രമേ ആർട്ടിക്കിൾ 370 നിലനിർത്തണമോ വേണ്ടയോ എന്ന് തീരുമാനിക്കാനാവൂ. കാശ്മീർ ഇൻഡ്യയുടെ അവിഭാജ്യ ഭാഗമാണെന്ന് കാശ്മീർ ഭരണഘടനയുടെ രണ്ടാം ഭാഗം മൂന്നാം വകുപ്പിൽ പറയുന്നുവെന്നും അത് തിരുത്താൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമില്ലെന്നും കേന്ദ്ര നിയമ മന്ത്രി ചൂണ്ടിക്കാട്ടുന്നുണ്ട്. ഇത് 370-ാം വകുപ്പിനെ അപ്രസക്തമാക്കുന്നുവെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. ഇൻഡ്യൻ യൂണിയനുമായുള്ള കാശ്മീരിന്റെ ശക്തമായ ബന്ധം നിർവ്വചിക്കുന്ന ഈ വകുപ്പ് എങ്ങിനെയാണ് ഇൻഡ്യൻ ഭരണഘടനയുടെ 370-ാം വകുപ്പിന്റെ പ്രസക്തി നഷ്ടപ്പെടുത്തുന്നതെന്ന് അദ്ദേഹം വിശദീകരിക്കുന്നില്ല. കേന്ദ്ര ബിജെപി ഭരണത്തിന്റെ ജനാധിപത്യത്തെ അരുംകൊലചെയ്യുന്ന ഈ നടപടിക്ക് മതിയായ കാരണം ചൂണ്ടിക്കാണിക്കാനില്ല എന്നതാണ് ഇത് തെളിയിക്കുന്നത്. പ്രത്യേക പദവിയോടുകൂടിയ ഇൻഡ്യയുടെ അവിഭാജ്യഭാഗമാണ് കാശ്മീർ. സമാനമായതോ വ്യത്യസ്തതകൾ ഉള്ളതോ ആയ പ്രത്യേക പദവി അനുഭവിക്കുന്ന പല സംസ്ഥാനങ്ങളുമുണ്ട്. ഇൻഡ്യയുടെ അവിഭാജ്യ ഭാഗമാണ് കാശ്മീർ എന്നത് അർത്ഥശങ്കക്കിടയില്ലാതെ വ്യക്തമാക്കുന്നതാണ് 1947 മുതൽ ഇപ്പോൾ വരെയും കാശ്മീരിലെ ഭൂരിപക്ഷം ജനങ്ങളുടെയും നിലപാട്.

### 370-ാം വകുപ്പിന്റെ ചരിത്രമെന്ത്?

കാശ്മീരിന് പ്രത്യേക പദവി നൽകിക്കൊണ്ടുള്ള ഭരണഘടനയുടെ 370-ാം വകുപ്പും സ്ഥിരതാമസക്കാർക്ക് പ്രത്യേക അവകാശങ്ങൾ നൽകുന്ന 35 എ വകുപ്പും ചരിത്രപരവും വസ്തുനിഷ്ഠവുമായ ആവശ്യകതയെ മുൻനിർത്തി സ്വാഭാവികമായി രൂപപ്പെട്ടുവന്നതാണ്. കാശ്മീരി ദേശീയ അസ്തിത്വം വേറിട്ട ഒന്നുതന്നെയായിരുന്നു. രാജവാഴ്ചക്കും സാമ്രാജ്യത്വത്തിനുമെതിരെയുള്ള പോരാട്ടത്തിലൂടെ ജനങ്ങൾ നേടിയ പുരോഗമന-ജനാധിപത്യ-മതേതര മൂല്യങ്ങൾ ദുർബ്ബലമായിരുന്നെങ്കിലും അതിന്റെ അടിത്തറയിൽ രൂപപ്പെട്ട ഒന്നായിരുന്നു കാശ്മീരി ദേശീയത. ഈ പോരാട്ടത്തിന്റെ നായകസ്ഥാനത്തുണ്ടായിരുന്ന രാഷ്ട്രീയപ്രസ്ഥാനമായ, മുസ്ലിം നാഷനൽ കോൺഫറൻസ് ആ പേര് ഉപേക്ഷിച്ച് നാഷനൽ കോൺഫറൻസ് എന്ന പേര് സ്വീകരിച്ചത് രാജവാഴ്ചക്കെതിരായ മുന്നേറ്റത്തിന്റെ ഉയർന്ന ഘട്ടത്തിലാണ്. എല്ലാ വിഭാഗത്തിലുംപെട്ട കാശ്മീരി ജനതയുടെ ജനാധിപത്യ പ്രസ്ഥാനമായി അത് ഉയർന്നുവന്നു. നാഷനൽ കോൺഫറൻസിലും അതിന്റെ സമുന്നതനായ നേതാവ് ഷെയ്ക്ക് അബ്ദുള്ളയിലും ബഹുജനങ്ങളൊന്നാകെ അർപ്പിച്ച വിശ്വാസത്തിൽ ഈ കാശ്മീരി ദേശീയ അസ്തിത്വം പ്രതിഫലിച്ചിരുന്നു.

മതത്തെ അടിസ്ഥാനപ്പെടുത്തിയുള്ള രാഷ്ട്രരൂപീകരണത്തിന്റെ വീക്ഷണത്തോട് ഒട്ടും നിരക്കുന്നതായിരുന്നില്ല കാശ്മീരിലെ ജനതയുടെ വികാരങ്ങൾ. 1947ലെ പാക്കിസ്ഥാൻ ആക്രമണത്തെ, തങ്ങളുടെ സ്വതന്ത്രമായ നിലനിൽപ്പിന്റെ മേലുള്ള കടന്നാക്രമണമായാണ് കാശ്മീരിലെ ജനങ്ങൾ കണ്ടത്. നാഷനൽ കോൺഫറൻസിന്റെ നേതൃത്വത്തിൽ ജനകീയ ചെറുത്തുനിൽപ്പ് സംഘടിപ്പിക്കാൻ അവർ മുന്നോട്ടുവന്നത് അതിനാലാണ്. ആക്രമണകാരികളെ തുരത്തുവാൻ ഇൻഡ്യയുടെ സഹായം തേടുമ്പോഴും തങ്ങളുടെ സ്വതന്ത്രമായ അസ്തിത്വം ഉപേക്ഷിച്ചുകൊണ്ടല്ല അവർ അതിന് മുതിർന്നത്. ഇൻഡ്യൻ ദേശീയതയുമായി വ്യതിരക്തമായ അസ്തിത്വം നിലനിർത്തിയിരുന്ന ഈ കാശ്മീരി ദേശീയതയുടെ അംഗീകാരമെന്ന നിലയിലാണ് 370-ാം വകുപ്പ് ജന്മമെടുത്തത്. കാശ്മീരിലെ ജനങ്ങൾക്ക് അവരുടെ ജീവിതത്തെ, സ്വന്തം ആഗ്രഹങ്ങളും ആവശ്യകതകളും മുൻനിർത്തി ക്രമീകരിക്കുന്നതിനുള്ള അവകാശം നൽകിക്കൊണ്ടുള്ളതാണ് പ്രസ്തുത വകുപ്പ്.

ഇൻഡ്യ സ്വതന്ത്രമാകുമ്പോൾ നാട്ടുരാജ്യമായിരുന്ന കാശ്മീരിലെ അന്നത്തെ മഹാരാജാ ഹരി സിംഗ് തുടക്കത്തിൽ കാശ്മീർ, ഇൻഡ്യൻ യൂണിയനിലോ പാക്കിസ്ഥാനിലോ ചേരാതെ സ്വതന്ത്രമായി നിലനിൽക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നു മാത്രവുമല്ല പാക്കിസ്ഥാനുമായി സ്റ്റാന്റ്സ്റ്റിൽ (അതായത് നിലവിലുള്ള സ്ഥിതി തുടരാനുള്ള അഥവാ സ്വതന്ത്രമായി നിലനിൽക്കാനുള്ള) കരാറിൽ രാജാ ഹരി സിംഗ് ഒപ്പിടുകയും ചെയ്തിരുന്നു. എന്നാൽ പാക്കിസ്ഥാൻ കാശ്മീരിനെ ആക്രമിക്കുകയും ബലപ്രയോഗത്തിലൂടെ അവരോട് ചേർക്കാൻ ശ്രമിക്കുകയും ചെയ്തപ്പോൾ ഇൻഡ്യയുടെ സഹായം തേടാൻ ഹരിസിംഗ് നിർബ്ബന്ധിതനാവുകയായിരുന്നു. കാശ്മീർ ഇൻഡ്യയുടെ ഭാഗമാകാനുള്ള കരാറിൽ ഒപ്പിട്ടുകൊണ്ടുമാത്രമേ സൈനികസഹായം നൽകാനാവൂ എന്ന് നിലപാടെടുത്ത അന്നത്തെ ഇൻഡ്യൻ ഭരണ നേതൃത്വത്തിന് വഴങ്ങിക്കൊണ്ട് കരാറിൽ (Instrument of Accession) രാജാവ് ഒപ്പിടുകയാണ് ചെയ്തത്. ഈ സംയോജനകരാറിന്റെ വകുപ്പ് മൂന്നിൽ പ്രതിരോധം, വാർത്താവിനിമയം, വിദേശകാര്യം എന്നീ വിഷയങ്ങളിലൊഴികെ മറ്റൊരു വിഷയത്തിലും കാശ്മീരിനെ സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഇൻഡ്യൻ ഡൊമിനിയന് അവകാശമുണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ഇൻസ്ട്രുമെന്റ് ഓഫ് അക്സഷന്റെ ഉള്ളടക്കത്തെയും വികാരത്തെയും ഉൾക്കൊണ്ടുകൊണ്ടാണ് 370-ാം വകുപ്പ് ഭരണഘടനയിൽ ചേർക്കപ്പെട്ടത്. കാശ്മീരിന്റെ സ്വയംഭരണവും വേറിട്ട അസ്തിത്വവും അംഗീകരിക്കാൻ ഇൻഡ്യ തയ്യാറായതുകൊണ്ടാണ് പ്രസ്തുത കരാർ ഉണ്ടായത്. കാശ്മീരിലെ ജനങ്ങൾക്ക് നൽകിയ ഉറപ്പിന്റെയും അവരുടെ ദേശീയ അസ്തിത്വത്തോടുള്ള ആദരവിന്റെയും അടിസ്ഥാനത്തിലാണ് ഭരണഘടനയിൽ 370-ാം വകുപ്പ് ചേർക്കപ്പെട്ടത്.

കാശ്മീർ സംയോജന കരാർ ഒപ്പിട്ടത് അന്നത്തെ രാജാവായിരുന്ന ഹരി സിംഗായിരുന്നെങ്കിലും കാശ്മീരിന്റെ സ്വാതന്ത്ര്യപ്രക്ഷോഭത്തിന് നെടുനായകത്വം വഹിച്ചിരുന്ന നാഷനൽ കോൺഫറൻസും അതിന്റെ നേതാവായിരുന്ന ഷെയ്ക്ക് മുഹമ്മദ് അബ്ദുള്ളയുമാണ്, കാശ്മീർ ഇൻഡ്യൻ യൂണിയന്റെ ഭാഗമാകണമെന്ന നിലപാട് സ്വീകരിക്കാൻ ജനങ്ങളെ പ്രബുദ്ധമാക്കിയത്. ജമ്മു ആന്റ് കാശ്മീരിന്റെ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ പ്രഥമ സെഷനിൽ (1951) ഷെയ്ക്ക് അബ്ദുള്ള ഇപ്രകാരം പറഞ്ഞു: "ഇൻഡ്യൻ യൂണിയനിൽ ചേരാനുള്ള മഹാരാജ ഹരിസിംഗിന്റെ തീരുമാനം നിയമപരമായ സാധുതയുള്ളതാണോ അല്ലയോ? ഇൻഡ്യൻ യൂണിയനിലുള്ള കൂടിച്ചേരലിന്റെ നിയമസാധുതയെ സംബന്ധിച്ച് ഉത്തരവാദിത്തപ്പെട്ടതോ സ്വതന്ത്രമായതോ ആയ ഒരു വ്യക്തിയോ അധികാരകേന്ദ്രമോ ചോദ്യം ചെയ്തിട്ടില്ല. ഇൻഡ്യയുമായുള്ള ഭരണഘടനാപരമായ നമ്മുടെ വർത്തമാനകാല ബന്ധങ്ങളുടെ സാധുതയെ സംബന്ധിച്ച് നിങ്ങൾക്കറിയാമെന്നതിൽ ഒരു സംശയവുമില്ല. ഇൻഡ്യയുമായി ബന്ധുത്വം ഉണ്ടായിരിക്കുന്നതിൽ നമ്മൾ അഭിമാനിക്കുന്നു. ഇൻഡ്യൻ ഭരണഘടന ഒരു ഫെഡറൽ യൂണിയൻ നൽകിയിരിക്കുന്നതോടൊപ്പം പരമാധികാരങ്ങളുടെ വിതരണത്തിൽ അത് നമ്മളെ മറ്റ് ഘടകങ്ങളിൽ നിന്ന് വ്യത്യസ്തമായി സമീപിച്ചിരിക്കുന്നു. സംയോജനകരാറിൽ വ്യക്തമാക്കിയിട്ടുള്ള പ്രതിരോധം, വിദേശ കാര്യം, വാർത്താ വനിമയം എന്നീ വിഷയങ്ങളൊഴികെ, മറ്റെല്ലാ കാര്യത്തിലും നമ്മൾ ആഗ്രഹിക്കുന്നതുപോലെയുള്ള ഒരു ഭരണഘടന സൃഷ്ടിക്കാൻ നമുക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. നമ്മുടെ ജനതയുടെ മുന്നേറ്റത്തിനുവേണ്ടി ഒരു പൊതുവായ പ്രയത്നത്തിലെ നല്ല പങ്കാളികളെന്ന നിലയിൽ ജീവിക്കാനും പുരോഗമിക്കാനും കാശ്മീരി ജനതയുടെ മികവാർന്ന പാരമ്പര്യത്തിനും ബുദ്ധിവൈഭവത്തിനും അനുസൃതമായി നമ്മുടെ രാജ്യത്തെ നിർമ്മിക്കുന്നതിനായി സ്വയംഭരണത്തെ കാത്തുരക്ഷിക്കുന്നതോടൊപ്പം മഹത്തായ ഈ ദൗത്യത്തിൽ ഫെഡറൽ സഹകരണവും സഹായവും തേടാനും ഉറപ്പാക്കാനുമുള്ള നമ്മുടെ അവകാശം സ്ഥാപിച്ചും പരിപൂർണ്ണ സഹകരണവും സഹായവും യൂണിയന് നൽകിക്കൊണ്ടും വേണം യൂണിയനുമായി ഉചിതമായ ഭരണാഘടനാ ക്രമീകരണങ്ങൾ രൂപപ്പെടുത്തേണ്ടത് എന്ന് ഞാൻ നിർദ്ദേശിക്കുന്നു. ഈ പരസ്പര ധാരണയുടെയും വ്യ



**കാശ്മീർ വിഷയത്തിൽ ആഗസ്റ്റ് 6ന് കോട്ടയം ടൗണിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് മിനി കെ.ഫിലിപ്പിന്റെ നേതൃത്വത്തിൽ നടന്ന പ്രകടനം**

(ശേഷം 13-ാം പേജിൽ)

# ദേശീയതകളെ ഉദ്ഗ്രഥിക്കേണ്ടത് ബലപ്രയോഗത്തിലൂടെയല്ല

(12-ാം പേജിൽ നിന്ന്)

വസ്ഥകളുടെയും അടിസ്ഥാനത്തിലാണ് 370-ാം വകുപ്പ് രൂപീകരിച്ചിരിക്കുന്നതെന്നും ഭരണഘടനക്കുള്ളിൽ ജമ്മു ആന്റ് കാശ്മീരിന് പ്രത്യേക പദവി നൽകപ്പെട്ടിരിക്കുന്നതെന്നും ഏവരും ഓർക്കണം.”

വീണ്ടും അദ്ദേഹം പറയുന്നു: “ഒരു രാഷ്ട്രത്തിന്റെ യഥാർത്ഥ സ്വഭാവം അതിന്റെ ഭരണഘടനയിൽ വ്യക്തമാക്കപ്പെടും. ഒരു ഭേദവുമില്ലാതെ ഏവർക്കും നീതിയും സ്വാതന്ത്ര്യവും സമത്വവും അടിസ്ഥാനമാക്കിയ മതേതര ജനാധിപത്യത്തിന്റെ ലക്ഷ്യമാണ് ഇൻഡ്യൻ ഭരണഘടന രാജ്യത്തിനുമുമ്പിൽ കാട്ടുന്നത്. ആധുനിക ജനാധിപത്യത്തിന്റെ ആധാരശിലയാണിത്... വ്യത്യസ്ത മതവിഭാഗങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെടുന്ന അസ്വാഭാവികമായ വിള്ളൽ സാമ്രാജ്യത്വത്തിന്റെ അവശേഷിപ്പാണ്. പുരോഗതിയും അഭ്യുന്നതിയും ലക്ഷ്യം വയ്ക്കുന്ന ഒരാധുനിക രാഷ്ട്രത്തിനും കൃത്രിമമായ വിഭജനങ്ങളെ പ്രോൽസാഹിപ്പിക്കാനാവില്ല. മധ്യകാലഘട്ടത്തിലേക്കുള്ള തിരിച്ചുപോക്കായ മാതരാഷ്ട്ര വാദത്തെ വ്യക്തമായും തള്ളിക്കളഞ്ഞുകൊണ്ട് മതം, ജാതി, വർണ്ണം, വർഗ്ഗം എന്നിവക്കെല്ലാം അതീതമായി എല്ലാ പൗരന്മാരുടെയും തുല്യവകാശത്തെ ഇൻഡ്യൻ ഭരണഘടന സംരക്ഷിക്കുന്നു... നമ്മുടെ ദേശീയ പ്രക്ഷോഭവും സ്വാഭാവികമായും മതേതര ജനാധിപത്യത്തിന്റെ ഈ മൂല്യങ്ങളിലേക്കാണ് ആകർഷിക്കപ്പെടുന്നത്...നമ്മൾ ഇൻഡ്യയോടാണ് കൂട്ടിച്ചേർക്കപ്പെടുന്നത് എന്നതിനാൽ ജന്മിത്വത്തിന്റെയും ഏകാധിപത്യത്തിന്റെയും ഉയിർത്തെഴുന്നേൽപ്പിന്റെ ആപത്ത് ഇനിയുണ്ടാവില്ല..കൃഷിക്കാർക്ക് ഭൂമി എന്ന ലക്ഷ്യം നമുക്ക് വിജയിപ്പിക്കണം. ഭൂപ്രഭു കൂട്ടുകെട്ടിന്റ ഭരണമുള്ള പാക്കിസ്ഥാൻ നമ്മുടെ സാമ്പത്തിക - കാർഷിക പരിഷ്കാരങ്ങളെ അംഗീകരിക്കുമോ?”

പാക്കിസ്ഥാനോടൊപ്പമല്ല, മതേതരഭാരതത്തോടൊപ്പമാണ് നിലകൊള്ളേണ്ടതെന്ന ചരിത്രപരമായ പാഠം കാശ്മീരി ജനങ്ങളെ ആവർത്തിച്ച് പഠിപ്പിച്ച ഷെയ്ക്ക് അബ്ദുള്ളയുടെ വാക്കുകളാണിവ. ജമ്മു-കാശമീർ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ നാഷണൽ കോൺഫറൻസ് മുഴുവൻ സീറ്റിലും വിജയിച്ചതിനെ ഇൻഡ്യൻ യൂണിയനിൽ ചേരണമെന്ന നാഷനൽ കോൺഫറൻസിന്റെ നിലപാടിനുള്ള അംഗീകാരമായും കാണാവുന്നതാണ്.

**ആർട്ടിക്കിൾ 370നെ ദുർബ്ബലപ്പെടുത്തിയതും കാശ്മീർ ജനങ്ങളെ അടിച്ചമർത്തിയതും ഇൻഡ്യൻ ദേശീയതയുമായുള്ള ഉദ്ഗ്രഥനം അസാധ്യമാക്കി**

പാക്കിസ്ഥാനും മതമൗലിക ശക്തികളും നടത്തിയ എല്ലാ പ്രചാരണങ്ങളെയും തള്ളിക്കളഞ്ഞുകൊണ്ട്, ഇൻഡ്യയുടെ അവിഭാജ്യ ഭാഗമാകാൻ ഉയർന്ന പ്രതീക്ഷകളോടെ ഒരിക്കൽ തീരുമാനം കൈക്കൊണ്ട കാശ്മീരിലെ ജനങ്ങൾ ഇന്ന് നിരാശരാണ്. ഇന്ന് ഇൻഡ്യൻ ഭരണകൂടത്തിന്റെ എല്ലാ ഘടകങ്ങളോടും കാശ്മീരി ജനതക്കുള്ളത് ആഴത്തിലുള്ള അവിശ്വാസവും അതൃപ്തിയുമാണ്. അപമാനിതരുടെ വ്രണിതമനോഘടനയാണ് ഭൂരിപക്ഷം പേരെയും നയിക്കുന്നത്. കടുത്ത അന്യതാബോധവും, നിരാശ്രയത്വവും ജനങ്ങളുടെ മാനസികാരോഗ്യത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്നു. ഇത്തരമൊരു ദുരവസ്ഥയിലേക്ക് കാശ്മീർ ജനങ്ങളൊന്നാകെ നിപതിച്ചത് എന്തുകൊണ്ടാണ്? അവരിൽ വളരെ ചെറുതെങ്കിലും ഒരു വിഭാഗം വിഘടനവാദികളും സ്വതന്ത്ര കാശ്മീർ രാജ്യം എന്ന മുദ്രാവാക്യമുയർത്തുന്നവരുമായി എങ്ങനെ മാറി? ഇൻഡ്യൻ പട്ടാളത്തിനുനേരെ കല്ലെറിയുന്നവരും തെരഞ്ഞെടുപ്പ് പ്രക്രിയയിൽ വിശ്വാസമില്ലാത്ത ഭൂരിഭാഗമായും എങ്ങനെ മാറി?

കാശ്മീർ പ്രശ്നത്തെ ഇന്നുകാണുന്ന ഗുരുതരമായ മാനത്തിലേക്ക് വഷളാക്കിയത് കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ്സ് സർക്കാരുകളാണ്. അതേ സർക്കാരുകളുടെ പാതയിൽത്തന്നെയാണ് തുടർന്നും ഇടക്കാലത്തും അധികാരത്തിൽവന്ന മറ്റ് സർക്കാരുകളും നീങ്ങിയത്. ഇപ്പോൾ ബിജെപി സ്വീകരിക്കുന്നതും പ്രസ്തുത നയങ്ങളുടെ തുടർച്ച തന്നെയാണ്. 1947-ലെ വസ്തുനിഷ്ഠമായ രാഷ്ട്രീയ സാഹചര്യം പരിഗണിച്ച് കാശമീരിന് പ്രത്യേക പദവി നൽകുന്ന ആർട്ടിക്കിൾ 370 ഇൻഡ്യൻ ഭരണഘടനയിൽ ഉൾച്ചേർക്കാൻ അന്നത്തെ ദേശീയ നേതൃത്വം തയ്യാറായെങ്കിലും അതിനെ ദുർബ്ബലപ്പെടുത്തുന്ന നടപടികൾ തുടക്കംമുതലേ ഉണ്ടായിരുന്നു. ആർഎസ്എസിനു മാത്രമല്ല, കോൺഗ്രസ്സ് നേതാക്കളിൽ ഗണ്യമായ ഒരു വിഭാഗത്തിനും ഏറിയ പങ്ക് ബ്യൂറോക്രാറ്റുകൾക്കും ഭരണഘടന രൂപപ്പെടുത്തിയ നാളുകളിൽത്തന്നെ 370-ാം വകുപ്പ് തുടരുന്നതിൽ എതിർപ്പുണ്ടായിരുന്നുവെന്ന് അക്കാലത്തെ രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. കാശ്മീരി ജനതയുടെ സ്വതന്ത്രമായ അസ്തിത്വത്തെ കണക്കിലെടുക്കാതെ, ഏതുമാർഗ്ഗേനയും കാശ്മീരിനെ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളുടെ പദവിലേക്ക് കൊണ്ടുവരണമെന്ന ലക്ഷ്യം വച്ചുകൊണ്ട് ഭരണനേതൃത്വത്തിലെ ഒരു വിഭാഗം ശക്തമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. കാശ്മീരിനെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാനായി അവർ കരുക്കൾ നീക്കി. മറുവശത്ത് ഷെയ്ക്ക് അബുദുള്ളയാകട്ടെ പ്രത്യേക പദവി സംരക്ഷിക്കാൻ നിശ്ചയിച്ചുറപ്പിച്ച് നീങ്ങി. താഴ്വരയിലെ ജനങ്ങൾ പ്രത്യേക പദവി എന്നതിനെ ‘ആസാദി’ എന്ന അഭിലാഷത്തിന് തത്തുല്യമായാണ് കാണുന്നതെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതിനാൽ പ്രത്യേക പദവി എന്ന സമീപനത്തിൽ വെള്ളംചേർക്കാനാവില്ലെന്ന നിലപാട് അദ്ദേഹം സ്വീകരിച്ചു. ഈ വൈരുദ്ധ്യമാണ്, ഷെയ്ക്ക് അബ്ദുള്ളയെ സ്ഥാനഭൃഷ്ടനാക്കുന്നതിലേക്കും തടവിലാക്കുന്നതിലേക്കും നയിച്ചത്. വിവിധ ഘട്ടങ്ങളിലായി നീണ്ട 20 വർഷമാണ് അദ്ദേഹം തുറുങ്കിലടയ്ക്കപ്പെട്ടത്. മതേതര രാജ്യമായ ഇൻഡ്യയോടൊപ്പം നിലകൊള്ളേണ്ടതിന്റെ ആവശ്യകത കാശ്മീരി ജനങ്ങളെ ബോധ്യപ്പെടുത്തിയ അതേ നേതാവ് പാക്ക് ഏജന്റെന്ന് മുദ്രകുത്തപ്പെട്ടതും തുറുങ്കലടയ്ക്കപ്പെട്ടതും കാശ്മീരി ജനങ്ങളുടെ ഹൃദയത്തിനേൽപ്പിച്ച മുറിവ് നിസ്സാരമായിരുന്നില്ല.




കേന്ദ്രഗവൺമെന്റിന്റെ കാശ്മീർ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് അബ്ദുൾ അസീസിന്റെ നേതൃത്വത്തിൽ പാലക്കാട് ടൗണിൽ നടന്ന പ്രകടനം




**ദേശീയതകളെ ഉദ്ഗ്രഥിക്കുക എന്ന സങ്കീർണ്ണമായ പ്രക്രിയ ബലപ്രയോഗത്തിലൂടെയോ കൃത്രിമമായോ അല്ല നിർവ്വഹിക്കുക എന്നത് എത്രയോ ചരിത്രാനുഭവങ്ങളിലൂടെ നമുക്കറിയാം. തനിമയാർന്ന നിലനിൽപ്പിനെ പരസ്പരം ആദരിച്ചുകൊണ്ടു തന്നെ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ-വിദ്യാഭ്യാസ-സാംസ്കാരിക കൊടുക്കവാങ്ങലുകളിലൂടെ സ്വാഭാവികമായി വിളക്കിച്ചേർത്തെടുത്തുകൊണ്ടാണ് പ്രസ്തുത ധർമ്മം നിർവ്വഹിക്കേണ്ടത്.**

തങ്ങളുടെ അഭിമാനബോധത്തെയും അന്തസ്സിനെയും നിരന്തരമായി ചവിട്ടിമെതിക്കുന്ന അനുഭവം കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ്സ് സർക്കാരുകളുടെയും തുടർന്നുവന്ന എല്ലാസർക്കാരുകളുടെയും ഭാഗത്തുനിന്ന് കാശ്മീരിലെ ജനങ്ങൾക്ക് നേരിടേണ്ടി വന്നു. ഷെയ്ക്ക് അബ്ദുള്ളയുടെ അറസ്റ്റ്, കാശ്മീരിന്റെ പരിപൂർണ്ണ ലയനം എന്ന ഇൻഡ്യാ ഗവൺമെന്റിന്റെ നയം നടപ്പാക്കുന്നതിന്റെ ആദ്യ നടപടിയായിരുന്നു. കോൺഗ്രസ്സ് സർക്കാരുകൾ 370-ാം വകുപ്പിനെ നിരന്തരമായി ദുർബ്ബലപ്പെടുത്തുകയും വെള്ളം ചേർക്കുകയും ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തെ പുറത്താക്കിയതിന്റെ തൊട്ടുപുറകെ ഭരണഘടനാ ഉത്തരവ് (ആപ്ലിക്കേഷൻ റ്റു ജമ്മു ആന്റ് കാശ്മീർ) 1950 പുറപ്പെടുവിച്ചു. അങ്ങിനെ ഇൻഡ്യൻ പാർലമെന്റിന്റെ നിയമനിർമ്മണത്തിന്റെ അധികാര പരിധി, ജമ്മു കാശ്മീരിലേക്കും വിപുലീകരിച്ചു. വീണ്ടും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ അധികാരവും നിയമപരിധിയും ജമ്മു കാശ്മീരിലേക്ക് വ്യാപിപ്പിച്ചുകൊണ്ട് 1953ൽ ഉത്തരവിറക്കി. 1960ൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമപരിധി കാശ്മീരിലേക്ക് വ്യാപിപ്പിച്ചു. (ഇതിന്റെ ലക്ഷ്യമെന്തായിരുന്നുവെന്ന് തുടർന്ന് നടന്ന തെരഞ്ഞെടുപ്പ് കൃത്രിമങ്ങൾ തെളിയിച്ചു). വീണ്ടും ഭരണഘടനാ ഭേദഗതി ഉത്തരവ് (ആപ്ലിക്കേഷൻ റ്റു ജമ്മു ആന്റ് കാശ്മീർ) 1964 പുറപ്പെടുവിച്ചു കൊണ്ട് അടിയന്തരാവസ്ഥ പ്രഖ്യാപിക്കനായി അവകാശം നൽകുന്ന ഭരണഘടനാ വകുപ്പുകൾ 352, 356, 357 ജമ്മു-കാശ്മീരിന് ബാധമാക്കി. കാശ്മീരിന്റെ ഭരണത്തലവനെന്ന(സാദർ-ഇ-റിയാസത്ത്) പദവിയും പ്രധാനമന്ത്രി എന്ന പദവിയും മാറ്റി ഗവർണറെന്നും മുഖ്യമന്ത്രിയുമെന്നാക്കി. അങ്ങിനെ ഒന്നിനുപിറകെ മറ്റൊന്നായി ഇൻഡ്യാ ഗവൺമെന്റ് കൈക്കൊണ്ടവയെല്ലാം കാശ്മീരി ജനതയെ ഇൻഡ്യയിൽനിന്ന് അകറ്റുന്ന നടപടികൾ മാത്രമായിരുന്നു. 1987ലെ തെരഞ്ഞെടുപ്പിൽ സൈന്യത്തെവരെ ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പ് കൃത്രിമം നടത്തി ജനേച്ഛയെ പരാജയപ്പെടുത്തിയത് ഇൻഡ്യൻ ഭരണസംവിധാനങ്ങളെ അപ്പാടെ സംശയത്തോടെമാത്രം വീക്ഷിക്കാൻ കാശ്മീരിലെ ജനങ്ങളെ നിർബന്ധിതരാക്കി.

താഴ്വരയിലെ ജനങ്ങളുടെ ഇൻഡ്യയോടുള്ള കൂറിനെയും വിശ്വസ്തതയെയും നിരന്തരമായി സംശയിച്ചു. രാജ്യദ്രോഹികളെന്നും ഇൻഡ്യാവിരുദ്ധരെന്നുമുള്ള മുൻവിധി ഇൻഡ്യൻ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുള്ള എല്ലാ നടപടികളിലും പ്രതിഫലിച്ചിരുന്നു. വിഘടനപ്രവർത്തനങ്ങളെയും ഭീകരരെയും നേരിടാനെന്നപേരിൽ സൈന്യത്തിന് നൽകിയിരുന്ന വിപുലമായ അധികാരങ്ങൾ കാശ്മീരി ജനതക്കെതിരായ അതിക്രമങ്ങളായി പരിണമിച്ചു. സുരക്ഷാസേനകൾ നടത്തുന്ന ചോദ്യംചെയ്യൽ കേന്ദ്രങ്ങൾ മനുഷ്യത്വം മരവിക്കുന്ന പീഡനമുറകളുടെ കേന്ദ്രങ്ങളാണെന്ന് ജമ്മു-കാശ്മീർ ഹൈക്കോടതിയിലെത്തിയ എണ്ണമറ്റ കേസ്സുകൾ തെളിയിച്ചു. പോലീസും സുരക്ഷാസേനകളും പിടിച്ചുകൊണ്ടുപോയവരുൾപ്പടെ കാണാതായവരുടെ എണ്ണം ആയിരങ്ങളാണ്. നിരപരാധികളായ സാധാരണ മനുഷ്യർ സൈനികനടപടികൾക്കിരയായി കൊലചെയ്യപ്പെടുന്ന സംഭവങ്ങൾ വ്യാപകമായി. പത്രിബാൽ വ്യാജ ഏറ്റുമുട്ടൽ, സൈന്യം കാശ്മീരിൽ ചെയ്തുകൂട്ടിക്കൊണ്ടിരിക്കുന്ന ചെയ്തികളുടെ നേർസാക്ഷ്യമായി. ഏഴ് നിരപരാധികളായ ചെറുപ്പക്കാരെ പിടിച്ചു കൊണ്ടുപോയി വെടിവച്ചുകൊ

(ശേഷം 14-ാം പേജിൽ)

# പ്രത്യേകാധികാരങ്ങളോടെ കാശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഭാഗമാകണം

(13-ാം പേജിൽ നിന്ന്)

ന്നിട്ട്, ഏറ്റുമുട്ടലിലുണ്ടായ കൊലപാതകമെന്നാണ് സൈന്യം പത്രവാർത്ത നൽകിയത്. എന്നാൽ കേസ്സ് അന്വേഷിച്ച സിബിഐ, അത് വ്യാജ ഏറ്റുമുട്ടലാണെന്ന് രാജ്യത്തിന്റെ പരമോന്നത കോടതിയിൽ റിപ്പോർട്ടുനൽകി. 5 പ്രമുഖ സൈനികോദ്യോഗസ്ഥരെ കോർട്ട് മാർഷൽ ചെയ്യാൻ സുപ്രീം കോടതിക്ക് വിധിക്കേണ്ടി വന്നത് ശക്തമായ തെളിവുകൾ പട്ടാളത്തിനെതിരെ ഹാജരാക്കപ്പെട്ടതിനാലാണ്. പത്രിബാൽ സംഭവത്തിൽ സത്യസന്ധമായ അന്വേഷണം ആവശ്യപ്പെട്ട്, താഴ്‌വരയിലെ ജനങ്ങൾക്ക് ശക്തമായ പ്രക്ഷോഭം നടത്തേണ്ടി വന്നു. പ്രക്ഷോഭത്തിന് നേരെയുണ്ടായ പോലീസ് വെടിവെയ്പ്പിൽ 9 പേർ കൊല്ലപ്പെട്ടതിനു ശേഷംശേഷം മാത്രമാണ് അന്വേഷണം നടത്താൻ തീരുമാനം ഉണ്ടായത്. ജനങ്ങൾ പ്രക്ഷാഭത്തിന്റെ മാർഗ്ഗം അവലംബിച്ചിരുന്നില്ലെങ്കിൽ ഒരു പ്രാഥമിക അന്വേഷണം പോലുമുണ്ടാകുമായിരുന്നില്ല. തേച്ചുമായ്ച്ചുകളഞ്ഞ വ്യാജ ഏറ്റുമുട്ടൽ കേസ്സുകൾ അനേകമുണ്ട് കാശ്മീരിൽ. സൈനിക നടപടികളിൽ കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾ, കാണാതായവരുടെ ഉറ്റവർ, പെല്ലറ്റ് ആക്രമണത്തിൽ കാഴ്ചശക്തി നഷ്ടപ്പെട്ടവർ, സൈനിക നടപടികളിൽ നിത്യരോഗികളായവർ, ബലാൽസംഗത്തിനും മാനഭംഗത്തിനും ഇരയായവർ ഇവരെല്ലാം കാശ്മീരി ജനതക്കെതിരെ അരങ്ങേറുന്ന മനുഷ്യവകാശലംഘനങ്ങളുടെ ജീവിക്കുന്ന പ്രതീകങ്ങളാണ്. കാശ്മീരി സമൂഹത്തിൽ ഈ ഇരകൾ നിത്യകാഴ്ചകളായപ്പോൾ അതിനു സാക്ഷികളാകേണ്ടി വന്ന ഇതര മനുഷ്യർ എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ടവരായി മാറി. അങ്ങിനെ ക്രമേണ ജനങ്ങളിലൊന്നാകെ പടർന്ന ആഴമാർന്ന അന്യതാബോധത്തിന്റെ സാഹചര്യത്തെ ദുരുപയോഗം ചെയ്തുകൊണ്ട് ദേശവിരുദ്ധശക്തികൾ സ്വാധീനം ഉറപ്പിച്ചുകൊണ്ടിരുന്നു. പാക്കിസ്ഥാൻ ഭരണകൂടമാകട്ടെ ഈ ശക്തികൾക്ക് എല്ലാവിധ ഒത്താശയും ചെയ്തുകൊടുത്തു. സാമ്രാജ്യത്വ ശക്തികൾ കലക്കവെള്ളത്തിൽ മീൻപിടിക്കാൻ ആവത് പണിപ്പെടുകയും ചെയ്തു. കേന്ദ്രം ഭരിക്കുന്ന പാർട്ടികളുടെ ഔദാര്യത്തിൽ രാഷ്ട്രീയ ഭാഗ്യാന്വേഷണം നടത്തുന്ന കൂട്ടങ്ങളായി കാശ്മീരിന്റെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അധഃപതിക്കുക കൂടി ചെയ്തപ്പോൾ കാശ്മീരി




ലെ പാവപ്പെട്ട ജനങ്ങളുടെ ദുർവിധി പൂർണ്ണമായി. നിരാശയുടെ കൊടുമുടിയിലായ ജനങ്ങളെ സാഹസികതയിലേക്കും അക്രമത്തിലേക്കും നയിക്കാൻ വിഘടനവാദികൾക്ക് എളുപ്പമായി. അങ്ങിനെ കാശ്മീർ പ്രശ്നം ഇന്നു കാണുന്ന രൂപത്തിലെത്തി.

ദേശീയതകളെ ഉദ്ഗ്രഥിക്കുക എന്ന സങ്കീർണ്ണമായ പ്രക്രിയ ബലപ്രയോഗത്തിലൂടെയോ കൃത്രിമമായോ അല്ല നിർവ്വഹിക്കുക എന്നത് എത്രയോ ചരിത്രാനുഭവങ്ങളിലൂടെ നമുക്കറിയാം. തനിമയാർന്ന നിലനിൽപ്പിനെ പരസ്പരം ആദരിച്ചുകൊണ്ടുതന്നെ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ-വിദ്യാഭ്യാസ-സാംസ്കാരിക കൊടുക്കവാങ്ങലുകളിലൂടെ സ്വാഭാവികമായി വിളക്കിച്ചേർത്തെടുത്തുകൊണ്ടാണ് പ്രസ്തുത ധർമ്മം നിർവ്വഹിക്കേണ്ടത്. ഇൻഡ്യൻ യൂണിനിൽ ചേരുന്നതിനായി കാശ്മീരി ജനത കൈക്കൊണ്ട തീരുമാനത്തെ തികഞ്ഞ വിശ്വാസത്തിലെടുത്തുകൊണ്ട്, അവരെ ഈ രാജ്യത്തിന്റെ ഹൃദയത്തോട് ചേർത്തുനിർത്തുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ അത് നിർവ്വഹിക്കുന്നതിൽ ഇൻഡ്യാ ഗവൺമെന്റും അതിനെ നയിച്ച രാഷ്ട്രീയ പ്രസ്ഥാനങ്ങളും തീർത്തും പരാജയപ്പെട്ടു.

370-ാം വകുപ്പിന്റെ പേരിൽ വർഗ്ഗീയമായ കണക്കുകൂട്ടലോടെ ആദ്യകാലത്ത് ജനസംഘവും ഇന്നും ബിജെപിയും നടത്തിവരുന്ന നീചമായ പ്രചാരണം തെല്ലൊന്നുമല്ല കാശ്മീരി ജനങ്ങളെ ഉലച്ചിട്ടുള്ളത്. ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ കാശമീരി പ്രശ്നത്തെ സംബന്ധിച്ച് വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിച്ച് താഴ്‌വരയിലെ ജനങ്ങളെ ഒറ്റപ്പെടുത്തിയതിൽ കോൺഗ്രസ്സും ബിജെപിയുമാണ് മുന്നിൽ. ഷെയ്ക്ക് അബ്ദുള്ളയെ ജയിലിലടയ്ക്കുന്നതിനു വേണ്ടി അദ്ദേഹവും നാഷനൽ കോൺഫറൻസും സ്വതന്ത്ര കാശ്മീരിനു വേണ്ടിയാണ് നിലകൊള്ളുന്നതെന്ന് അപവാദം പ്രചരിപ്പിച്ച് ഇൻഡ്യൻ ജനങ്ങളെ വൻതോതിൽ തെറ്റദ്ധരിപ്പിച്ചത് ഇക്കൂട്ടരാണ്. ദുരിതങ്ങളുടെയും ദുരന്തങ്ങളുടെയും മഹാകയത്തിൽ തങ്ങൾ ഒറ്റയ്ക്കാണെന്ന വികാരം കാശ്മീരി ജനതയിൽ രൂഢമൂലമാകാൻ ഈ പ്രചാരണങ്ങൾ വലിയ തോതിൽ ഇട വരുത്തി. ബാബ്റി മസ്ജിദ് തകർക്കലും തുടർന്ന് രാജ്യത്തുണ്ടായ കലാപങ്ങളും ഇപ്പോൾ രാജ്യമെമ്പാടും നടക്കുന്ന ന്യൂനപക്ഷ വേട്ടയും കാശ്മീരിലെ ജനങ്ങളുടെ ഉൽക്കണ്ഠകളെ വർദ്ധിപ്പിക്കുന്നു. ഇപ്രകാരം പരിശോധിച്ചാൽ കാശ്മീർ പ്രശ്നം മുഖ്യമായും കോൺഗ്രസ്സിന്റെയും ബിജെപിയുടെയും സൃഷ്ടിയാണെന്ന് കാണാം. ഈ ഇരുപാർട്ടികളും സൃഷ്ടിച്ച സാഹചര്യത്തെ മുതലെടുക്കുകയാണ് മുസ്ലിം മതമൗലിക ശക്തികളും പാക്കിസ്ഥാനും സാമ്രാജ്യത്വശക്തികളും ചെയ്തത്.

### കാശ്മീർ: ജനങ്ങളുടെ കടമകളെന്ത്?

കാശ്മീർ പ്രശ്നത്തിന് പരിഹാരം കാണാനുള്ള ഏതൊരു നടപടിയും തുടങ്ങേണ്ടത് കാശ്മീരി ജനതയിൽ ആഴത്തിലുണ്ടായിട്ടുള്ള മുറിവ് ഉണക്കിക്കൊണ്ടാകണം. ഇന്നത്തെ സാഹചര്യത്തിൽ അതിസങ്കീർണ്ണമായ ഒരു പ്രക്രിയയാണത്. ജനാധിപത്യപരമായ സഹിഷ്ണുതയോടുകൂടി അവർ ഉയർത്തുന്ന ആശങ്കകളും പ്രശ്നങ്ങളും കേൾക്കാൻ ഇൻഡ്യയിലെ ഭരണാധികാരികൾക്ക് കഴിയണം. അവരുടെ ആത്മാഭിമാനത്തെ മുറിവേൽപ്പിക്കുന്ന എണ്ണമറ്റ നടപടികളുണ്ടായിക്കഴിഞ്ഞതിനു ശേഷവും, അടിച്ചമർത്തലിന്റെയും അതിക്രമങ്ങളുടെയും നിരവധി സംഭവങ്ങൾക്കു ശേഷവും കാശ്മീരിലെ ജനങ്ങളിൽ വലിയൊരു പങ്കും ഇന്നും നേരിന്റെ വഴിയിൽ ചിന്തിക്കുന്നവരാണ്. 40 വർഷം നീണ്ട പട്ടാളവാഴ്ചയിലമർന്ന പാക്കിസ്ഥാനേക്കാളും ഭേദം മതേതര ഇൻഡ്യയാണെന്ന തരിച്ചറിവുള്ള വിദ്യാസമ്പന്നരും പുരോഗമന നിലപാടുള്ളവരുമായ അനവധി ആളുകൾ ഇന്നും കാശ്മീരിലുണ്ട്. അവരുമായി ഹൃദയ ബന്ധം സ്ഥാപിക്കാനും അവരെ മതേതര-ജനാധിപത്യ മൂല്യങ്ങളുടെ ശക്തരായ പ്രചാരകരാക്കി മാറ്റാനും കഴിയണം. കാശമീർ ഇൻഡ്യയുടെ അവിഭാജ്യഭാഗമാണെന്ന അടിയുറച്ച നിലപാടിൽനിന്നുകൊണ്ടാകണം ഈ ദൗത്യം നിർവ്വഹിക്കാൻ. മതേതര-ജനാധിപത്യ മൂല്യങ്ങളാൽ നയിക്കപ്പെടുന്ന ഇൻഡ്യയിലെ രാഷ്ട്രീയ ശക്തികൾ ഈ കടമ നിറവേറ്റാൻ മുന്നോട്ടു വരണം.

കാശ്മീർ ജനതയുടെ ജീവിക്കാനുള്ള അവകാശവും ജനാധിപത്യ അവകാശങ്ങളും സംരക്ഷിക്കാനുള്ള പോരാട്ടം രാജ്യമെമ്പാടും വളർത്തിയെടുക്കാൻ ഇടതു-ജനാധിപത്യ-പുരോഗമന ശക്തികൾ ഒറ്റക്കെട്ടായി മുന്നോട്ടുവരണം. ആർട്ടിക്കിൾ 370 പുനഃസ്ഥാപിക്കുക, എത്രയും വേഗം കാശ്മീരിൽ ജനാധിപത്യവും സിവിൽ ഭരണവും പുനഃസ്ഥാപിക്കുക എന്നീ ആവശ്യങ്ങൾ ഈ പ്രക്ഷോഭം ഉയർത്തണം. കാശ്മീർ ജനതയുടെ അനിഷേധ്യമായ നീതിയോട് ഐക്യപ്പെട്ടുകൊണ്ട്, കാശ്മീർ പ്രശ്നത്തിന്റെ ചരിത്രവസ്തുതകൾ രാജ്യമെമ്പാടും ചർച്ചയ്ക്കെടുക്കുന്ന അതിബൃഹത്തായ ജനകീയ പ്രചാരണ യജ്ഞത്തിന്റെ പിൻബലത്തിൽ ഒരു പ്രക്ഷോഭം വളർത്തിയെടുക്കാൻ പുരോഗമനശക്തികൾ തയ്യാറായാൽ രാജ്യത്തിന്റെ പോരാട്ടചരിത്രം തിരുത്തിക്കുറിക്കപ്പെടും. ഈ രാജ്യത്ത് ഇപ്പോൾ അതിവേഗം പടർന്നുകൊണ്ടിരിക്കുന്ന അന്ധകാരത്തെ ചെറുക്കാൻ ഇതിനു മാത്രമേ കഴിയൂ. ബിജെപി അവതരിപ്പിക്കുന്ന പകയുടെയും വെറുപ്പിന്റെയും രാഷ്ട്രീയത്തെ തീർത്തും ഒറ്റപ്പെടുത്താൻ അത്തരമൊരു പ്രക്ഷോഭത്തിന് കഴിയും. പ്രസ്തുത പ്രക്ഷോഭം കാശ്മീരിലെ ജനങ്ങൾക്ക് നൽകുന്നത് മഹത്തായ സാഹോദര്യത്തിന്റെ സന്ദേശമായിരിക്കും. ഇൻഡ്യൻ ദേശീയതയുമായി കാശ്മീരിനെ കണ്ണി ചേർക്കാൻ അത് അനുപമമായ സാഹചര്യം സൃഷ്ടിക്കും. ■




**കാശ്മീർ വിഷയത്തിൽ കണ്ണൂർ ടൗണിൽ നടന്ന പ്രതിഷേധ യോഗത്തിൽ ഡോ. ഡി.സുരേന്ദ്രനാഥ് പ്രസംഗിക്കുന്നു**

## 370–ാം വകുപ്പ് റദ്ദുചെയ്തതിനെതിരെ പരാതിയുമായി കാശ്മീരി പണ്ഡിറ്റുകളും ദോഗ്രകളും സിഖുകാരും

**ജ**മ്മു-കാശ്മീരിൽനിന്നുള്ള പണ്ഡിറ്റുകളും ദോഗ്രകളും സിഖുകാരും ഉൾപ്പെടെയുള്ള 64 പേർ "370-ാം വകുപ്പ് ഗൂഢമായും ബലാൽക്കാരമായുമാണ് അസാധുവാക്കിയതെ"ന്നും ഇത് "ഭരണഘടനാവിരുദ്ധവും സംസ്ഥാനത്തെ ജനങ്ങൾക്ക് നൽകിയ ചരിത്രപരമായ വാഗ്ദാനത്തിന്റെ ലംഘനമാണെ"ന്നും ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള പരാതിയിൽ ഒപ്പുവച്ചിരിക്കുന്നു. പ്രമുഖ ഡോക്ടർ, വൈസ് എയർ മാർഷൽ, നാടകരംഗത്തെ പ്രമുഖർ, വിദ്യാഭ്യാസ വിചക്ഷണർ, മാദ്ധ്യമപ്രവർത്തകർ, വിദ്യാർത്ഥികൾ, ഗവേഷകർ എന്നിങ്ങനെ ജീവിതത്തിന്റെ നാനാതുറകളിലുള്ള പ്രൊഫഷണലുകൾ ഇതിൽ ഉൾപ്പെടുന്നു.

കേന്ദ്ര ഗവൺമെന്റ് ജമ്മു-കാശ്മീരിന്റെ പ്രത്യേക പദവി എടുത്ത് കളഞ്ഞതും ആ സംസ്ഥാനത്തെ രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളായി വിഭജിച്ചതും "ഗൂഢമായ രീതി"യിലാണെന്ന് പരാതിയിൽ പറയുന്നു. സംസ്ഥാന നിയമസഭയുടെ "അഭിപ്രായവും അനുമതിയും തീർത്തും ആരായാതെയുള്ള ഈ നടപടി ജനാധിപത്യതത്വങ്ങളുടെയാകെ നിരാകരണവും ഏകാധിപത്യപരവും ജനാധിപത്യവിരുദ്ധവു"മാണ്. ജമ്മു-കാശ്മീരിനെ "സൈനിക വലയത്തിലാ"ക്കിയ നടപടി ഉടൻ പിൻവലിക്കണമെന്നും സംസ്ഥാനത്തെ ജനങ്ങളുടെ ആശയവിനിമയത്തിനുമേൽ ഏർപ്പെടുത്തിയ നിരോധനം റദ്ദാക്കണമെന്നും രാഷ്ട്രീയ നേതാക്കളെ "ഏകപക്ഷീയവും നിയമവിരുദ്ധവു"മായ തടങ്കലിൽനിന്ന് മോചിപ്പിക്കണമെന്നും പരാതിയിൽ ആവശ്യപ്പെടുന്നു. "ഞങ്ങളുടെ മാതൃഭൂമിയെ വെട്ടിമുറിച്ചതിൽ ഞങ്ങൾ ഏറെ വേദനിക്കുന്നു, പരീക്ഷണത്തിന്റെയും പ്രതിസന്ധിയുടെയും ഈ ഘട്ടത്തിൽ ഞങ്ങൾ ഒന്നിച്ചു നിൽക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു, വംശീയവും സാംസ്കാരികവും സാമുദായികവുമായ അടിസ്ഥാനത്തിൽ ജനങ്ങളെ വിഭജിക്കാനുള്ള ഏതുനീക്കത്തെയും ചെറുക്കു"മെന്നുകൂടി പ്രഖ്യാപിച്ചുകൊണ്ടാണ് പരാതി അവസാനിപ്പിക്കുന്നത്. ■

*(ദ വയർ. 10.08.2019)*

# മോദി സർക്കാരിന്റെ തൊഴിലാളിവിരുദ്ധ ലേബർ കോഡിനെതിരെ തൊഴിലാളികൾ രാജ്യവ്യാപകമായി പ്രതിഷേധിച്ചു

**മോ**ദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ബിജെപി സർക്കാർ രാജ്യത്തെ തൊഴിലാളികൾ ജീവൻ കൊടുത്ത് പൊരുതി നേടിയ തൊഴിൽ നിയമങ്ങൾ ഏതാണ്ട് മുഴുവൻ തന്നെ ഇല്ലായ്മ ചെയ്തു കൊണ്ട് ഏതാനും ലേബർ കോഡുകൾ കൊണ്ടു വരുന്നതിനെതിരെ എഐയുറ്റിയുസി സെപ്റ്റംബർ 5ന് അഖിലേന്ത്യാ പ്രതിഷേധ ദിനം ആചരിച്ചു.




കോഴിക്കോട് നഗരത്തിൽ നടന്ന പ്രതിഷേധ യോഗത്തിൽ എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു

കഴിഞ്ഞ മോദി സർക്കാരിന്റെ കാലത്തുതന്നെ നീതി ആയോഗിലൂടെ തൊഴിൽ അവകാശങ്ങൾ അട്ടിമറിക്കുന്നതിനുള്ള നീക്കം തുടങ്ങിയിരുന്നു. രണ്ടാം മോദി സർക്കാർ അധികാരത്തിലേറി ഉടൻ തന്നെ വിദേശ-സ്വദേശ കോർപ്പറേറ്റുകൂടെ താല്പര്യങ്ങൾക്കനുസരിച്ച്, രാജ്യത്തെ അംഗീകൃത ട്രേഡ് യൂണിയനുകളെ കേൾക്കാൻ പോലും തയ്യാറാവാതെ ലേബർ കോഡുകൾ പ്രാബല്യത്തിൽ കൊണ്ടുവരികയായിരുന്നു.

തൊഴിൽ സുരക്ഷ, മിനിമം കൂലി, 8 മണിക്കൂർ ജോലി, പെൻഷൻ തുടങ്ങിയവയെല്ലാം അട്ടിമറിച്ചുകൊണ്ട്, നിശ്ചിത കാല തൊഴിൽ, കരാർപ്പണി, 4628 രൂപ മിനിമം വേതനം, 14 മണിക്കൂർ വരെ നീളുന്ന പ്രവൃത്തി ദിനം തുടങ്ങിയവയാണ് കൊണ്ടുവരുന്നത്.



കോട്ടയം ടൗണിൽ നടന്ന പ്രതിഷേധയോഗത്തിൽ എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സഖാവ് വി.പി.കൊച്ചുമോൻ പ്രസംഗിക്കുന്നു

ഒപ്പം, പൊതുമേഖലാ സ്ഥാപനങ്ങളുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണവും തകൃതിയായി നടത്തുകയാണ്. പ്രതിരോധ ഉല്പാദനമേഖല, വൈദ്യുതി, റെയിൽവെ, ബിഎസ്എൻഎൽ, ഒഎൻജിസി, ബാങ്ക്, ഇൻഷൂറൻസ് ഇവയെല്ലാം രാജ്യത്തിനകത്തും പുറത്തുമുള്ള കുത്തകകൾക്ക് കൈമാറുകയാണ്.

ആശാ വർക്കർ, അംഗണവാടി, ഉച്ചഭക്ഷണ തൊഴിലാളികൾ തുടങ്ങിയ സ്കിം വർക്കർമാരെ സർക്കാർ മേഖലയിലെ തൊഴിലാളികളായി അംഗീകരിക്കണമെന്ന കേന്ദ്ര ട്രേഡ് യൂണിയനുകളുടെ ആവശ്യവും സർക്കാർ പരിഗണിക്കുന്നില്ല.




എറണാകുളം നഗരത്തിൽ നടന്ന പ്രതിഷേധ യോഗത്തിൽ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ടി.കെ.സുധീർകുമാർ പ്രസംഗിക്കുന്നു

മോദി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ ലേബർ കോഡിനെതിരെ എഐയുറ്റിയുസി ആഹ്വാനം ചെയ്ത അഖിലേന്ത്യ പ്രതിഷേധ ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിൽ തൊഴിലാളി പ്രകടനങ്ങളും പ്രതിഷേധ യോഗങ്ങളും നടന്നു. കൊല്ലം, ചേർത്തല, കോട്ടയം, തൊടുപുഴ, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ തൊഴിലാളികളുടെ പ്രതിഷേധ പരിപാടികൾ നടന്നു. ബിജെപി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ ലേബർ കോഡ് കത്തിക്കുകയും ചെയ്തു. ■




കാഷ്യു കോർപ്പറേഷൻ ഹെഡ് ഓഫീസ് മാർച്ച് സഖാവ് എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

## കാഷ്യു കോർപ്പറേഷൻ ഹെഡ് ഓഫീസ് മാർച്ചും ധർണ്ണയും

**2002**ൽ സുപ്രീം കോടതി വിധിയെ തുടർന്ന് കശുവണ്ടി വികസന കോർപറേഷൻ പഴയ ഉടമകൾക്ക് വിട്ടുകൊടുത്ത മുഖത്തല, എഴുകോൺ, നെടുവത്തൂർ, കല്ലമ്പലം ഫാക്ടറികളിലെ തൊഴിലാളികൾ തങ്ങൾക്കർഹതപ്പെട്ട ഗ്രാറ്റുവിറ്റി ആവശ്യപ്പെട്ട് കാഷ്യു കോർപ്പറേഷൻ ഹെഡ് ഓഫീസിലേക്ക് മാർച്ചും ധർണ്ണയും നടത്തി.

കശുവണ്ടി തൊഴിലാളി സെന്റർ ജനറൽ സെക്രട്ടറി സഖാവ് എസ്.രാധാകൃഷ്ണൻ മാർച്ച് ഉദ്ഘാടനം ചെയ്തു. അർഹതപ്പെട്ട അവകാശം ലഭിക്കാതെ 700 ൽപരം തൊഴിലാളികൾ മരണമടഞ്ഞ ദയനീയാവസ്ഥയാണ് നിലവിലുള്ളതെന്നും 2019 മാർച്ച് മാസം ത്രിദിന സത്യാഗ്രഹത്തെ തുടർന്ന് മാനേജ്മെന്റ് നൽകിയ ഉറപ്പ് പാലിക്കാൻ തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ, എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് ബി.വിനോദ്, യൂണിയൻ നേതാക്കളായ സഖാക്കൾ ബി.രാമചന്ദ്രൻ, സദാനന്ദൻപിള്ള, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി സഖാവ് ടിങ്കിൾ പ്രഭാകരൻ തുടങ്ങിയവർ പ്രസംഗിച്ചു.

എത്രയും വേഗം ഗ്രാറ്റുവിറ്റി അർഹതപ്പെട്ട മുഴുവൻ തൊഴിലാളികൾക്കും വിതരണം ചെയ്യാത്ത പക്ഷം കാഷ്യു കോർപ്പറേഷൻ ഹെഡ് ഓഫീസിന് മുന്നിൽ തൊഴിലാളികളും കുടുംബാംഗങ്ങളും അനിശ്ചിതകാല സമരം ആരംഭിക്കുമെന്ന് യൂണിയൻ മുന്നറിയിപ്പ് നൽകി. ■

## കശുവണ്ടി തൊഴിലാളികളുടെ കളക്ട്രേറ്റ് മാർച്ച്

**തൊ**ഴിലുടമകൾ നിയമവിരുദ്ധമായി അടച്ചുപൂട്ടിയ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് തുറന്ന് പ്രവർത്തിപ്പിക്കുക, കശുവണ്ടി രംഗത്ത് വ്യാപകമായിരിക്കുന്ന തൊഴിൽ നിയമലംഘനങ്ങൾ തടയുക, ഫാക്ടറികൾ ഇതര സംസ്ഥാനങ്ങളിലേക്ക് മാറ്റുന്ന നടപടി അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കശുവണ്ടി തൊഴിലാളി സെന്റർ (എഐയുറ്റിയുസി) നേതൃത്വത്തിൽ കൊല്ലത്ത് കശുവണ്ടി തൊഴിലാളികളുടെ കളക്ട്രേറ്റ് മാർച്ച് നടന്നു.




കശുവണ്ടി തൊഴിലാളികളുടെ കൊല്ലം കളക്ട്രേറ്റ് മാർച്ച് സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

കശുവണ്ടി തൊഴിലാളി സെന്റർ സംസ്ഥാന പ്രസിഡന്റും എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറിയുമായ സഖാവ് വി.കെ.സദാനന്ദൻ മാർച്ച് ഉദ്ഘാടനം ചെയ്തു. എല്ലാ തൊഴിൽ നിയമങ്ങളും കാറ്റിൽ പറത്തി തൊഴിലുടമകൾ ഏകപക്ഷീയമായി നടത്തുന്ന നിയമലംഘനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് തൊഴിൽവകുപ്പിനുള്ളതെന്ന് അദ്ദേഹം പറഞ്ഞു. നിലവിലുള്ള മുഴുവൻ തൊഴിൽ നിയമങ്ങളെയും ഇല്ലായ്മ ചെയ്തുകൊണ്ട് കോർപ്പറേറ്റുകൾക്കുവേണ്ടി തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾ കൊണ്ടുവരുന്ന മോദി സർക്കാരിന്റെ നയങ്ങൾക്കെതിരായ സമരത്തെ ഇത്തരം നീക്കങ്ങൾ ദുർബ്ബലപ്പെടുത്തുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്നതിന്റെപേരിൽ തൊഴിലാളികളുടെ അംശാദായംകൊണ്ട് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ സംസ്ഥാന സർക്കാർ നിർത്തലാക്കിയ നടപടി ഉടൻ പിൻവലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

യൂണിയൻ ജനറൽ സെക്രട്ടറി സഖാവ് എസ്.രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ, എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സഖാവ് ബി.വിനോദ്, സഖാവ് ബി.രാമചന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു. കെ.എസ്.ആർ.ടി.സി ജംഗ്ഷനിൽ നിന്നും ആരംഭിച്ച മാർച്ചിന് യൂണിയൻ നേതാക്കളായ സഖാക്കൾ പി.പി.പ്രശാന്ത്കുമാർ, ആർ.ഹരിദാസൻ, ആനന്ദൻപിള്ള, സതീശൻ, പുഷ്പവല്ലി, രാധ, ഹരിദാസൻപിള്ള, ശ്രീകുമാർ തുടങ്ങിയവർ നേതൃത്വം നൽകി. ■

Date of publishing 01/09/2019
REGISTERED. R.N. 24773/1992
P.R.No. KL/TV(N)/452/2018-20
UNITY MALAYALAM MONTHLY
September 2019
Vol.46 No.6
Price : Rs 5.00

# റൊമീല ഥാപ്പറോട് കരിക്കുലം വിറ്റെ സമർപ്പിക്കാനാവശ്യപ്പെട്ട ജെഎൻയു അധികൃതരുടെ നടപടി പ്രതിഷേധാർഹം

പ്രമുഖ ചരിത്രപണ്ഡിത റൊമീല ഥാപ്പർ ജവഹർ ലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ എമിററ്റ്സ് പ്രൊഫസറായി തുടരേണ്ടതുണ്ടോ എന്നു പരിശോധിക്കുവാനായി അവരുടെ കരിക്കുലം വിറ്റെ (അക്കാദമിക് യോഗ്യതകൾ പ്രസ്താവിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ രേഖ) സമർപ്പിക്കാൻ ആവശ്യപ്പെട്ട ജെഎൻയു അധികൃതരുടെ ഹീനമായ നടപടിയിൽ എഐഡിഎസ്ഒ പ്രതിഷേധം രേഖപ്പെടുത്തി.

എമിററ്റ്സ് പ്രൊഫസർ എന്ന പദവി യാതൊരു സാമ്പത്തിക നേട്ടവും ഉള്ളതല്ല. മറിച്ച് അക്കാദമികമായ താത്പര്യത്തിനും വിഞ്ജാനത്തിന്റെ വികാസത്തിനും വേണ്ടിയുള്ളതാണ്. അന്താരാഷ്ട്ര പ്രാധാന്യമുള്ള പണ്ഡിതരുടെ ഗവേഷണവും വിജ്ഞാനവും അനുഭവസമ്പത്തും വൈഞ്ജാനികവികാസത്തിന് ഉറപ്പു വരുത്തുന്ന ഒന്നാണ് എമിററ്റ്സ് പ്രൊഫസർഷിപ്പ്. ഗവേഷകവിദ്യാർത്ഥികളെ സഹായിക്കുകയും ചില സന്ദർഭങ്ങളിൽ ക്ലാസെടുക്കുകയുമാണ് എമിററ്റ്സ് പ്രൊഫസർമാർ ചെയ്യുക. ഇതൊരു അക്കാദമിക്കിന് നൽകുന്ന ആജീവനാന്ത പദവിയാണ്.

1970 മുതൽ 1991 വരെ ജെഎൻയുവിൽ പ്രൊഫസറായി സേവനമർപ്പിച്ച വ്യക്തിയാണ് റൊമീല ഥാപ്പർ. 1993ലാണ് പ്രൊഫ ഥാപ്പർക്ക് എമിററ്റ്സ് പ്രൊഫസർഷിപ്പ് നൽകുന്നത്. ചരിത്രപഠനരംഗത്തെ റൊമീല ഥാപ്പറുടെ ആജീവനാന്ത സംഭാവനകൾക്ക് യുഎസ് ലൈബ്രറി കൗൺസിലിന്റെ ക്ലൂഗ് പുരസ്കാരം ലഭിച്ചിട്ടുണ്ട്. നോബൽ സമ്മാനത്തിന് പരിഗണിക്കാത്ത വിജ്ഞാനശാഖകളിലെ സംഭാവനകൾക്ക് ലഭ്യമാകുന്ന തത്തുല്യമായ പുരസ്കാരമാണിത്.

നിരവധി ചരിത്ര പുസ്തകങ്ങളുടെ രചയിതാവാണ് റൊമീല ഥാപ്പർ. നിരവധി സർവകലാശാലകൾ ഡിലിറ്റും ഡോക്ടറേറ്റും നൽകി ഈ പ്രതിഭയെ ആദരിച്ചിട്ടുണ്ട്. ഇത്തരമൊരു പ്രതിഭയുടെ സേവനത്തെ ആദരിക്കേണ്ടതിനുപകരം, അവരുടെ കരിക്കുലം വിറ്റെ ആവശ്യപ്പെട്ട ജെഎൻയു നിലപാട് അത്യന്തം ലജ്ജാകരമാണ്. വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്ക്കരണത്തെയും ചരിത്രത്തെ വക്രീകരിക്കുന്നതിനെയും സർവകലാശാലയുടെ സ്വയംഭരണാവകാശങ്ങളിൽ കൈകടത്തുന്നതിനെയുമെല്ലാം നിശിതമായി വിമർശിക്കുന്ന ഈ പണ്ഡിതയെ ജെഎൻയുവിൽനിന്നും ഒഴിവാക്കുകയെന്ന രാഷ്ട്രീയപ്രേരിതമായ ഗൂഢാലോചനയുടെ ഭാഗമാണ് ഈ നടപടി.

ഹീനമായ ഈ നടപടി എത്രയുംവേഗം പിൻവലിക്കണമെന്ന് എഐഡിഎസ്ഒ, ജെഎൻയു അധികൃതരോട് ആവശ്യപ്പെടുന്നു. വിദ്യാർത്ഥികളും അക്കാദമിക സമൂഹവും ജെഎൻയു അധികൃതരുടെ വിജ്ഞാനവിരുദ്ധമായ ഈ നീക്കത്തെ പ്രതിരോധിക്കാൻ രംഗത്ത് വരണമെന്ന് അഭ്യർത്ഥിക്കുന്നു, എഐഡിഎസ്ഒ അഖിലേന്ത്യാ ജനറൽ സെക്രട്ടറി അശോക് മിശ്ര സെപ്തംബർ 3ന് പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ അഭിപ്രായപ്പെട്ടു. ■



എഐഎംഎസ്എസ് ആന്ധ്രാപ്രദേശ് സംസ്ഥാന സമ്മേളനത്തിൽ മിനി കെ.ഫിലിപ്പ് മുഖ്യപ്രസംഗം നടത്തുന്നു


അനന്തപൂർ കൃഷ്ണ കലാമന്ദിർ ഹാളിൽ നടന്ന പ്രതിനിധി സമ്മേളനത്തിന്റെ സദസ്സ്

## ഖാദർ കമ്മിറ്റി റിപ്പോർട്ട് ഓർഡിനൻസിലൂടെ നടപ്പിലാക്കുന്നതിനെ ചെറുക്കുക

നിയമസഭയിൽപോലും ചർച്ച ചെയ്യാതെ ഓർഡിനൻസിലൂടെ ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാനുള്ള പിണറായി വിജയൻ സർക്കാരിന്റെ തീരുമാനം അങ്ങേയറ്റം ജനാധിപത്യവിരുദ്ധമാണ്.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ ഘടനയിലും ഉള്ളടക്കത്തിലും സമൂലവും അപകടകരവുമായ മാറ്റങ്ങൾ നിർദേശിക്കുന്ന റിപ്പോർട്ടാണിത്. വിദ്യാഭ്യാസ അവകാശ നിയമം നിഷ്കർഷിക്കുംപ്രകാരം പരിഷ്കരണം നിർദേശിക്കണമെന്ന പേരിലാണ് കമ്മിറ്റിയെ നിയോഗിച്ചത്. പൊതുവിദ്യാഭ്യാസത്തിന്റെ സാമ്പത്തികമുൾപ്പെടെയുള്ള ചുമതലകൾ ക്രമേണ പൂർണ്ണമായും ജനങ്ങൾക്കുമേൽ കെട്ടിവെയ്ക്കുക എന്നതാണ് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇതനുസരിച്ച് പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗ്രാമപ്പഞ്ചായത്തുകൾക്കും സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തുകൾക്കും നിയമപ്രകാരംതന്നെ കൈമാറ്റം ചെയ്യപ്പെട്ടിട്ടുമുണ്ട്. എന്നാൽ കേരളത്തിൽ ഇതുവരെ അതിനുതകുന്ന മറ്റ് ഘടനാപരിഷ്കാരങ്ങൾ നടന്നിരുന്നില്ല.

ഭരണപരമായ മേൽനോട്ടം ഒറ്റ ഡയറക്റ്ററേറ്റിൽ കേന്ദ്രീകരിച്ചുകൊണ്ട് മറ്റ് ഉത്തരവാദിത്വങ്ങൾ പരിപൂർണ്ണമായി വികേന്ദ്രീകരിക്കാനുള്ള നിർദേശങ്ങളാണ് ഖാദർ കമ്മിറ്റി മുന്നോട്ടുവെച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസത്തെ തകർക്കുക എന്ന ലോകബാങ്കിന്റെ താല്പര്യം നടപ്പിലാക്കുകതന്നെയാണ് റിപ്പോർട്ടും ലക്ഷ്യംവെയ്ക്കുന്നത്. അതുകൊണ്ടുതന്നെ റിപ്പോർട്ടിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവരികയും ചെയ്തു. ഈ പ്രതിഷേധങ്ങളെ മറികടക്കാനാണ് നിയമസഭയിൽ ചർച്ച ചെയ്യുക എന്ന ഔപചാരികമായ ജനാധിപത്യ പ്രക്രിയയ്ക്കുപോലും തയ്യാറാകാതെ ഓർഡിനൻസിലൂടെ റിപ്പോർട്ട് നടപ്പിലാക്കുന്നത്.

കേരളത്തിന്റെ വിദ്യാഭ്യാസ ഭാവിയെ അപകടപ്പെടുത്തുന്ന ഈ നടപടിയെ ശക്തമായ വിദ്യാഭ്യാസ പ്രക്ഷോഭത്തിലൂടെ പരാജയപ്പെടുത്തണമെന്ന് എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ്, പ്രസിഡന്റ് ബിനു ബേബി എന്നിവർ അഭ്യർത്ഥിച്ചു. ■

## എഐഎംഎസ്എസ് ആന്ധ്രാപ്രദേശ് സംസ്ഥാന സമ്മേളനം

അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ രണ്ടാമത് ആന്ധ്രാപ്രദേശ് സംസ്ഥാന സമ്മേളനം ആഗസ്റ്റ് 29,30 തീയതികളിൽ അനന്തപൂരിൽ നടന്നു.

ആഗസ്റ്റ് 29ന് കൃഷ്ണ കലാമന്ദിറിൽവച്ച് നടന്ന പൊതുസമ്മേളനത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്ന് വിദ്യാർത്ഥിനികളും അദ്ധ്യാപകരടക്കം നൂറുകണക്കിന് വനിതകൾ പങ്കെടുത്തു. മനുഷ്യാവകാശ സമിതി സംസ്ഥാന കമ്മിറ്റി അംഗം എ.ചന്ദ്രശേഖർ സമ്മേളനം ഉദ്ഘാടനം ചെയ്തു. എം.തേജോവതി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ എഐഎംഎസ്എസ് അഖിലേന്ത്യ വൈസ്പ്രസിഡന്റ് മിനി കെ.ഫിലിപ്പ് മുഖ്യപ്രസംഗം നടത്തി. എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് ബി.എസ്.അമർനാഥ് മുഖ്യാതിഥിയായിരുന്നു. ജി.ലളിത, അന്നപൂർണ്ണ, സുമലത എന്നിവർ പ്രസംഗിച്ചു.

സ്ത്രീകൾ ഇന്ന് നേരിടുന്ന എല്ലാത്തരം വിവേചനങ്ങൾക്കും അതിക്രമങ്ങൾക്കും മദ്യവിപത്തിനുമെതിരെ നിശബ്ദത ഭഞ്ജിച്ചുകൊണ്ട് ധീരമായി മുന്നോട്ട് വരണമെന്നും രാജ്യത്തിന്റെ തൊഴിലാളിവർഗ്ഗ മുന്നേറ്റവുമായി അഭേദ്യമായി ബന്ധപ്പെട്ട് വനിതകളുടെ മുന്നേറ്റം വളർത്തിയെടുക്കണമെന്നും മിനി കെ.ഫിലിപ്പ് ആഹ്വാനം ചെയ്തു.

ആഗസ്റ്റ് 30ന് നടന്ന പ്രതിനിധി സമ്മേളനം സജീവമായ ചർച്ചകൾക്ക് വേദിയായി. ജി.ലളിത പ്രസിഡന്റും എം.തേജോവതി സെക്രട്ടറിയുമായി 25 അംഗ സംസ്ഥാന കൗൺസിലിന് സമ്മേളനം രൂപംനൽകി. ■



കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി കോട്ടയം ജില്ലാ കമ്മിറ്റി 2019 ആഗസ്റ്റ് 25 ന് 'കാശ്മീർ: പ്രശ്നവും പരിഹാരവും' എന്ന വിഷയത്തിൽ കോട്ടയം ജി.എസ്.പത്മകുമാർ ഭവനിൽ സംഘടിപ്പിച്ച ചർച്ചയിൽ ഡോ.കെ.എം.സീതി മുഖ്യപ്രഭാഷണം നടത്തുന്നു

Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C). Printed at Cochin Printech Pvt Ltd, Kochi.